XI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ †

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : പ്രമേയത്തിൽ രണ്ട് വിയോജനക്കുറിപ്പുകളും ഭേദഗതികളും വകുപ്പു തിരിച്ചുള്ള ഭേദഗതികളും ഉണ്ട്. ഇതെല്ലാം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ 2000-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന് വിയോജനക്കുറിപ്പ് എഴുതാനുണ്ടായ കാരണം മിനിട്ട്സ് ഓഫ് ഡിസന്റിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ കൊണ്ടു വന്നിരിക്കുന്ന കേരള പോലീസ് (അമന്റ്മെന്റ്) ബിൽ നിലവിലുള്ള ഒരു നിയമത്തിന്റെ ഭേദഗതിയാണ്. ഗവൺമെന്റ് ബില്ലിൽത്തന്നെ പറഞ്ഞിരിക്കുന്നത് ഇവിടെ നടക്കുന്ന ചില ട്രെയിനിംഗ് physical activity involving methods of attack or self-defence ഇത് നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടു വരേണ്ടി വന്നത് എന്നാണ്. ഇപ്പോൾത്തന്നെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് വാളോ മറ്റു ഒഫൻസീവ് ആയിട്ടുള്ള വെപ്പൺസോ പൊതു സ്ഥലങ്ങളിൽ കൊണ്ടു നടക്കുന്നത് നിരോധിക്കാനുള്ള അധികാരം ഉണ്ട്. ഞങ്ങൾ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത അവസരത്തിൽ പോലീസ് ആക്ടിൽ ഇങ്ങനെയൊരു ഭേദഗതിയുടെ ആവശ്യമില്ലെന്നു പറയുകയുണ്ടായി. ഇവിടെ മറ്റേതെങ്കിലും ഉദ്ദേശത്തോടുകൂടി ഫിസിക്കൽ ട്രെയിനിംഗ് നടത്തുന്ന നടപടികളെ, അംഗീകരിക്കാൻ സാദ്ധ്യമല്ല. നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യവും ജനങ്ങളുടെ താൽപ്പര്യവും സംരക്ഷിക്കത്തക്ക നിലയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടത് ആവശ്യമാണ്. അതിന് ഈ നിയമ ഭേദഗതി കൊണ്ടു നടക്കും എന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല.

മി. സ്പീക്കർ : ഈ ബിൽ pilot ചെയ്തത് നിയമവകുപ്പുമന്ത്രിയാണ്. അദ്ദേഹമാണല്ലോ സബ്ജക്ട് കമ്മിറ്റിയിൽ വന്നത്. അത് ഒന്നു മെൻഷൻ ചെയ്തുവെന്നേയുള്ളൂ.

ശ്രീ. ടി. എം. ജേക്കബ് : ഈ ബില്ലിന്റെ ചർച്ചാ വേളയിൽ ഞങ്ങൾ ചില വിഷയങ്ങൾ ചൂണ്ടിക്കാട്ടി. ഞങ്ങൾ കുറച്ചു കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അവിടെ പറഞ്ഞ, മന്ത്രി കൂടി എഗ്രി ചെയ്ത കാര്യങ്ങൾ ഈ ബില്ലിൽ കാണുന്നില്ല. അത് എങ്ങനെ സംഭവിച്ചുവെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഈ ബില്ലിലെ രണ്ടാംവകുപ്പിന്റെ പ്രൊവൈസോയിൽ എഴുതിച്ചേർത്തിരിക്കുന്ന

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഡേറ്റിനെ സംബന്ധിച്ചിടത്തോളം അതിന് ഒരു ഭേദഗതി അവിടെ ചർച്ചയ്ക്കു വന്ന അവസരത്തിൽ നിർദ്ദേശിച്ചു. ആ സമയത്ത് ജനറലായിട്ട് എഗ്രി ചെയ്തതാണ്. ബി. എ. സി. യിൽ പറയാത്ത കാര്യങ്ങൾ റിപ്പോർട്ടിൽ എങ്ങനെ വന്നുവെന്ന് സ്പീക്കർ എന്നോട് ചോദിച്ചു. ഞങ്ങൾ എന്താണ് പറയുക. X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അദ്ദേഹം അത് എഗ്രി ചെയ്തതാണ്. എന്താണ് വരാത്തതെന്ന് ചോദിച്ചാൽ എനിക്ക് അറിഞ്ഞുകൂടാ. അങ്ങ് തന്നെ കുറച്ചു മുൻപ് ഡീ സെൻട്രലൈസേഷന്റെ കാര്യം പറഞ്ഞപ്പോൾ ഇത് മലയാളമാണ്. മറ്റേ ബിൽ ഇംഗ്ലീഷായതുകൊണ്ട് എങ്ങനെയെന്ന് ചോദിച്ചു. അങ്ങേയ്ക്ക് ഈ കാര്യത്തെക്കുറിച്ച് അറിയാവുന്നതാണ്. അവിടെ പറഞ്ഞത് ജനറലായിട്ട് എഗ്രി ചെയ്തതാണ്. അങ്ങനെയാണെങ്കിൽ അത് വെരിഫൈ ചെയ്തശേഷം അതിന്റെ പകർപ്പിന്റെ പർട്ടിക്കുലർ പോർഷൻ ഞങ്ങളെക്കൂടി കാണിക്കണമെന്ന് എഗ്രി ചെയ്തതാണ്. അത് തന്നില്ല. ഞാൻ വിചാരിച്ചു അത് തരാത്തിടത്തോളം കാലം അവിടെ പറഞ്ഞ കാര്യം ബില്ലിനകത്ത് വരുമെന്ന്. ബിൽ സർക്കുലേറ്റ് ചെയ്തു വന്നപ്പോൾ ഭേദഗതി ചെയ്ത കൂട്ടത്തിൽ അത് ഇല്ല. ഞാൻ അത് പറഞ്ഞു എന്നേയുള്ളൂ. ഗവൺമെന്റ് ഉദ്ദേശിക്കുന്നതല്ലാതെ ഒന്നും ഒരു ബില്ലിലും വരുകയില്ലെന്ന് നമുക്കറിയാം. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് പാസ്സാകുകയും ചെയ്യും. ഇവിടെ പറയേണ്ട ചുമതലയുണ്ട് എന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. എനിക്ക് ഒരു കാര്യം ആമുഖമായി പറയാനുള്ളത്, ഒരു കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം കമ്മിറ്റിയിൽ പറയുന്ന കാര്യങ്ങൾ ഉത്തരവാദിത്തത്തോടുകൂടി നിറവേറ്റാനുള്ള ചുമതല കമ്മിറ്റിയുടെ അദ്ധ്യക്ഷനായിട്ടുള്ള ആളിനാണ്. മുഖ്യമന്ത്രിക്കു പകരം അങ്ങാണ് അന്ന് വന്നത്. അതുകൊണ്ട്.....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഞാൻ പറഞ്ഞതെന്നു വച്ചാൽ അന്ന് റെയിസ് ചെയ്തത് ലാ ഡിപ്പാർട്ടുമെന്റ് വെരിഫൈ ചെയ്തു തരുമെന്നാണ്. അതിന്റെയർത്ഥം എഗ്രി ചെയ്തു എന്നാണോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാനും ശ്രീ. ജി. കാർത്തികേയനും ശ്രീ. കെ. എം. മാണിയും അതിൽ പങ്കെടുത്തു. ശ്രീ. കെ. എം. മാണിയാണ് അത് പോയിന്റ് ഔട്ട് ചെയ്തത്. അന്ന് അത് വരുത്താമെന്നും പറഞ്ഞു. ഞാൻ പറഞ്ഞതിനകത്ത് തെറ്റില്ല എന്നാണ് എന്റെ ബോധ്യം. ഇനി അതിന്റെ വെർബാറ്റിം പരിശോധിച്ചാലറിയാം എന്താണ് പറഞ്ഞതെന്ന്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഡേറ്റ് എന്നു പറഞ്ഞാൽ അതിന്റെ ഇംപ്ലിക്കേഷൻ എന്താണ് ? From the commencement of this act അതാണല്ലോ അദ്ദേഹം പറയുന്നത്. From the commencement of this act എന്നുപറഞ്ഞാൽ 1961-ൽ ഉണ്ടായ ആക്ടാണ്.

ശ്രീ. ടി. എം. ജേക്കബ് : ആ വിഷയം ലാ ഡിപ്പാർട്ടുമെന്റിലുള്ള ഒരു ഉദ്യോഗസ്ഥൻ പോയിന്റ് ഔട്ട് ചെയ്തു. നമ്മൾ ആ വിഷയം ഡിസ്ക്കസ് ചെയ്തു. അതിനുശേഷമാണ് ഈ പൊതു അഭിപ്രായത്തിലെത്തിയത്. അപ്പോൾ അതിന്റെ ഡ്രാഫ്റ്റിംഗ് വേഡ്സ് എങ്ങനെയായിരിക്കണം. അവിടെ പറഞ്ഞത് ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനൊന്നും സമയം കളയണ്ട ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ട് അതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്യാം. ഞങ്ങളെക്കൂടി ഒന്ന് കാണിച്ചേക്കാൻ പറഞ്ഞു. ഞാൻ ഇപ്പോൾ തർക്കിക്കാൻ തയ്യാറല്ല. ആ കമ്മിറ്റി തുടങ്ങി അത് അവസാനിക്കുന്നതുവരെ ഞാൻ അവിടെയുണ്ടായിരുന്നു. ഞാനിവിടെ സൂചിപ്പിച്ചത് നിയമസഭാ കമ്മിറ്റികളോടുള്ള സാങ്റ്റിറ്റിയും ക്രെഡിബിലിറ്റിയും കളയാതെ നോക്കുന്നത് നമ്മുടെയെല്ലാവരുടെയും ഉത്തരവാദിത്വമാണ്. സ്പീക്കർ അദ്ധ്യക്ഷത വഹിച്ച ഒരു കമ്മിറ്റിയെക്കുറിച്ച് ഞാൻ ഒന്നും പറയാൻ തയ്യാറല്ല. ഇവിടെ വോട്ടിനിട്ട് സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഇപ്പോൾ പറഞ്ഞത് dispose ചെയ്തല്ലോ. ഡസ്കിലിട്ട് അടിക്കുകയും ചെയ്തു. ഞങ്ങളാരും ഡീ-സെൻട്രലൈസേഷന് എതിരല്ല. അവിടെനിന്നും ഒരാൾ ചോദിച്ചു ഞങ്ങളെല്ലാം ഡീ-സെൻട്രലൈസേഷന് എതിരായിട്ടാണോ വോട്ട് ചെയ്തതെന്ന്. മന്ത്രി ബിൽ pilot ചെയ്തിട്ട് അമന്റ് മെന്റ് വരുമ്പോഴും ആ ബിൽ പാസ്സാകുമ്പോഴുമല്ലേ ഞങ്ങളുടെ അഭിപ്രായം അതിനകത്ത് വരുകയുള്ളു. ഞങ്ങൾ ഡീ-സെൻട്രലൈസേഷന് എതിരല്ല. പഞ്ചായത്ത് രാജ് ആക്ട് ഞങ്ങളുടെ കാലത്തല്ലേ വന്നത് ? ഞങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഇന്നലെ ലാ മിനിസ്റ്ററും ചീഫ് മിനിസ്റ്ററും ഉണ്ടായിരുന്നു. ഞങ്ങളുടെ പ്രയോറിറ്റി 8-ാം തീയതിയിലെ ബിസിനസ് മാറ്റാനാണ് പറഞ്ഞത്. ഞങ്ങൾ ആരെങ്കിലും ഒബ്ജക്ട് ചെയ്തോ ?

<u>ശ്രീ. എം. വി. ജയരാജൻ</u> : അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ബി. എ. സി. യിൽ 35 നിയമങ്ങളുടെ ഭേദഗതിയാണ് വരാൻ പോകുന്നത്. 34-ഉം ഏതെന്ന് പറഞ്ഞിട്ടില്ല. അപ്പോൾ അത് ഏതെന്ന് പറയാതെ ഒന്നു മാത്രം പറഞ്ഞുവെന്ന് പറഞ്ഞല്ലേ അങ്ങ് അവതരിപ്പിച്ചത് ? അപ്പോൾ അതിന്റെ ഉദ്ദേശം അധികാരവികേന്ദ്രീകരണം നിയമനടപടികളെയാകെ തടസ്സപ്പെടുത്തുകയാണ് എന്നല്ലേ ?

<u>ശ്രീ. ടി. എം. ജേക്കബ്</u> : ശ്രീ. ജയരാജൻ എന്തായാലും ബി. എ. സി. മെമ്പർ അല്ലായിരുന്നല്ലോ. ഞങ്ങൾ അതിൽ മെമ്പർ ആയിട്ടുള്ളവരാണ്. ക്ഷണിക്കപ്പെട്ട് ചെന്ന ആൾക്കാരുമുണ്ട്. അവിടെയിരുന്ന് ചർച്ച ചെയ്ത കാര്യമാണ്. എനിക്ക് തോന്നുന്നത് കമാന്റ് ഏരിയാ ബില്ലിനെ സംബന്ധിച്ച് ബിസിനസ് അഡ്വൈസറി കമ്മിറ്റി യാതൊന്നും മിണ്ടിയില്ല. ഞാൻ അത് റീഓപ്പൺ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. സ്പീക്കർ അത് dispose ചെയ്തു. സ്പീക്കർ അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റിയെ കുറിച്ച് കൂടുതൽ എന്തെങ്കിലും പറയുന്നത് ശരിയല്ല. അതുകൊണ്ടു ഞാൻ പറയുന്നില്ല. ഞങ്ങൾ ഡീസെൻട്രലൈസേഷന് എതിരല്ല. നിങ്ങൾ അങ്ങനെ ധരിക്കരുത്. കഴിഞ്ഞദിവസം ലാ മിനിസ്റ്റർ ബില്ലു വന്നാൽ ഉടനെ എഗ്രി ചെയ്യാമെന്ന് പറഞ്ഞതാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : വളരെ ഗൗരവതരമായ ഒരു കാര്യം ശ്രീ. ജേക്കബ് ഇവിടെ അവതരിപ്പിച്ചതിനെ ..... വെറുതെ കഥയറിയാതെ ചിലർ കഥകളി കാണുന്നു. ദുര്യോധന വധം കണ്ടിട്ട് ഹംസദൂത് ഗംഭീരമായിരുന്നുവെന്ന് പറയുന്നതു പോലെയാണ്. കഥ അറിഞ്ഞേ കഥകളി കാണാവൂ. ഇത് നിയമസഭയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഉപദേശക സമിതിയിലെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 2000-ലെ Kerala Decentralisation of powers (Amendment) Bill ഇതിന് ഒരു 'മൂലബിൽ' എന്ന് ഒരു പേര് ഉണ്ടായിട്ടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞത് ഒരു വാലിഡ് പോയിന്റാണ്. പോലീസ് (അമന്റ്മെന്റ്) ബിൽ ആയതുകൊണ്ട്.....

മി. ചെയർമാൻ : ബില്ല് അവതരിപ്പിക്കുന്ന സമയത്ത് അതൊക്കെ പറയാം.

ശ്രീ. ടി. എം. ജേക്കബ് : എന്തായാലും ഞങ്ങൾ ഉദ്ദേശിച്ച രൂപത്തിലല്ല ഈ ബിൽ ഇപ്പോൾ പ്രിന്റ് ചെയ്തു വന്നിരിക്കുന്നത്. ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിരിക്കുന്ന കേരള പീപ്പിൾസ് പോലീസിംഗ് സ്കീമിനെ സംബന്ധിച്ച് പറഞ്ഞതിന്റെ അവസാന വാചകത്തിൽ ഒരു കാര്യം വളരെ റലവന്റാണ്. As per the provisions of the existing criminal procedure code, all persons are expected to assist a police officer demanding his aid in arresting or preventing the escape of any other person, in the prevention of breach of the peace and in the prevention of any injury to public property. The public are also expected to give information to the police with regard to seditious activities, escape of prisoners, unlawful assembly, rioting, illegal gratification, food adulteration, seious offences against the body, serious offences against property, criminal breach of trust by public servant, offences of mischief against property, counterfeit currency etc. Sections 37 to 40 of the CRPC give this in detail എന്ന് പറഞ്ഞിരിക്കുകയാണ്. അപ്പോൾ സി. ആർ. പി. സി. യിലെ സെക്ഷൻ 37 മുതൽ 40 വരെ ഈ പറയുന്ന കാര്യങ്ങളൊക്കെത്തന്നെ വരുന്നുണ്ട്. അത് നിങ്ങളുടെ പീപ്പിൾസ് പോലീസിംഗിനകത്ത് നിങ്ങൾ പറഞ്ഞിരിക്കുന്ന അവസാന പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന വാചകമാണ് ഞാൻ വായിച്ചു കേൾപ്പിച്ചത്. അത് അങ്ങനെ നിൽക്കുമ്പോൾ പിന്നെ ഇങ്ങനെയൊരെണ്ണത്തിന്റെ ആവശ്യമില്ല. അതുതന്നെയല്ല, ഇപ്പോൾ ഈ നിയമം കൊണ്ടുവന്ന് പാസ്സാക്കുന്ന അവസരത്തിൽ ഒരു കാര്യം മനസിലാക്കാനുള്ളത് മുഖ്യമന്ത്രിയും കേൾക്കുന്നുണ്ടല്ലോ ഇവിടെ കൊണ്ടുവരാൻ പോകുന്ന വേറൊരു സ്കീം ഇപ്പോൾ തന്നെ സി. ആർ. പി. സി. യിൽ പ്രൊവിഷൻ ഉണ്ടെന്ന് ഗവൺമെന്റ് തന്നെ തയ്യാറാക്കിയ ഡ്രാഫ്റ്റിനകത്ത് പറഞ്ഞിരിക്കുന്നു. അത് ഞാൻ ഇപ്പോൾ വായിച്ചു കേൾപ്പിച്ചതിൽ നിന്നും വ്യത്യസ്തമായിട്ടൊന്നും ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ പോലീസ് അമെന്റ്മെന്റ് ആക്ടിനകത്തില്ല. വളരെ വൈഡായിട്ടാണ് സി. ആർ. പി. സി.യിൽ ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അപ്പോൾ സി. ആർ. പി. സി. യിൽ നിലവിൽ പ്രൊവിഷൻ ഉണ്ട്. പിന്നെ പോലീസ് ആക്ടിനകത്ത് ഇത് കൊണ്ടുവന്ന് ഇങ്ങനെ എന്തെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കാൾ നല്ലത് നിങ്ങളുടെ ട്രെയിനിംഗിനെ സംബന്ധിച്ചാണെങ്കിൽ സ്പോർട്സ് ബിൽ വരുന്നുണ്ട്. അതിനകത്ത് പ്രൊവിഷൻസ് ഇൻകോർപ്പറേറ്റ് ചെയ്യാം. ഇപ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അധികാരങ്ങൾ കൊടുത്തിരിക്കുന്നതിനെക്കുറിച്ച് അമെന്റ്മെന്റ് ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഓബ്ജക്ട്സ് ആന്റ് റീസൺസിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൊണ്ടൊന്നും പ്രശ്നങ്ങൾ തീരാൻ പോകുന്നില്ല. മറ്റ് പല രാജ്യങ്ങളെ സംബന്ധിച്ചും, ഞാൻ ഒരു കാര്യം ജനകീയ പോലീസുമായി ബന്ധപ്പെട്ട് പറയട്ടെ നിങ്ങൾ ഈ ഡ്രാഫ്റ്റ് ഇവിടെ ചർച്ച ചെയ്യുന്ന അവസരത്തിൽ ഒരു കാര്യം ഗവൺമെന്റ് മനസ്സിലാക്കാനുള്ളത് മറ്റ് പല സ്റ്റേറ്റുകളെ അപേക്ഷിച്ച് ഇവിടെ പല തരത്തിലുള്ള കുറ്റകൃത്യങ്ങളും കുറവാകുന്നത് ജനങ്ങൾ വളരെ അവയർനസ് ഉള്ളവരായതുകൊണ്ടാണ്, വിദ്യാഭ്യാസമുള്ളവരായതുകൊണ്ടാണ്. കുറ്റകൃത്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സങ്കൽപ്പമല്ല ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെയുള്ളത്. ആ ഒരു വ്യത്യാസം ഉണ്ട്. നമുക്ക് കിട്ടിയിരിക്കുന്ന ഒരു വലിയ സംസ്ക്കാരം, നമ്മൾ പുലർത്തിപ്പോരുന്ന ഉന്നതമായ മാനദണ്ഡം അതിന്റെ അടിസ്ഥാനത്തിൽ വേണം നമ്മൾ ഓരോ നിയമങ്ങൾ കൊണ്ടു വരേണ്ടതും പാസ്സാക്കേണ്ടതും. ഇവിടെ മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഡ്രാഫ്റ്റിൽ പറഞ്ഞിരിക്കുന്നത് "In Japan, there is the famous koban system, involving regular interaction between citizens and police." അതുപോലെ, In USA, the US National Advisory Commission Report said that "In the absence of citizen's assistance, neither more man power nor improved technology nor additional money will enable law enforcement to shoulder the monumental burden of combating crime". അവിടെ നിങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് രണ്ട് വികസിത രാജ്യങ്ങളെ സംബന്ധിച്ചാണ്. വികസിത രാജ്യങ്ങൾക്കൊപ്പം ഇന്ത്യ എത്തിയിട്ടില്ല. എങ്കിലും കേരളം എത്തിയിട്ടുണ്ട് എന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. പിന്നെ ഗവൺമെന്റ് പറഞ്ഞിരിക്കുന്ന കമ്മ്യൂണിറ്റി പോലീസിംഗ് സ്കീമിനെക്കുറിച്ച് ഇവിടെ തർക്കമുണ്ടായല്ലോ. ഇവിടെ തന്നിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് തമിഴ്നാട്ടിലും, ന്യൂഡൽഹിയിലും ഇത് വളരെ ഫലപ്രദമായിട്ട് .....successfully implemented in Tamil Nadu. In New Delhi, the neighbourhood watch programme was successfully implemented for a few years. പക്ഷേ മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു ന്യൂഡൽഹിയിലെ സ്ഥിതി വച്ചു നോക്കിയാൽ ന്യൂഡൽഹിയിൽ കുറ്റകൃത്യങ്ങൾ പെരുകി വരികയാണെന്ന് തന്നിരിക്കുന്ന ഡ്രാഫ്റ്റിൽ പറഞ്ഞിരിക്കുന്നു അവിടെ വളരെ സക്സസ്ഫുൾ ആയിട്ട് കാര്യങ്ങൾ നടക്കുന്നുണ്ട് എന്ന്. നിങ്ങളുടെ ഈ പോലീസ് ആക്ട് കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈ പീപ്പിൾ പോലീസിംഗ് സ്കീം വരുന്നതോടുകൂടി ഇവിടെ ഈ നിയമം പാസാക്കിയിട്ടൊന്നും ഒരു കാര്യവുമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ നിയമം വേണ്ട എന്നാണോ അങ്ങ് പറയുന്നത്.

ശ്രീ. കെ. എം. മാണി : സർ, ഇതനുസരിച്ചുള്ള ട്രെയിനിംഗ് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് നമ്മുടെ പീപ്പിൾസ് പോലീസ് ഫോഴ്സ് പോലീസിലേക്ക് റിപ്പോർട്ട് ചെയ്യണം. അപ്പോൾ അത് വേണമല്ലോ, അപ്പോൾ ഇത് വളരെ പ്രസക്തമാണ്.

ശ്രീ. ടി. എം. ജേക്കബ് : അതാ ഞാൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ് : ശ്രീ. ജേക്കബിന്റെ അടുത്തിരുന്നുകൊണ്ട് ജേക്കബിനിട്ട് പാര വയ്ക്കുകയാണ്. അത് വിശ്വസിച്ചുകൊണ്ട് ശ്രീ. ജേക്കബ് വർത്തമാനം പറയരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : എന്തായാലും പാരവയ്ക്കുകയൊന്നുമല്ല, ഇപ്പോൾ ഞങ്ങൾ അടുത്തടുത്തു തന്നെയാണ് ഇരിക്കുന്നത്.

ശ്രീ. പി. സി. ജോർജ് : കമ്മ്യൂണിറ്റി പോലീസിംഗ് ഇന്റർനാഷണൽ ലവലിൽ എല്ലായിടത്തും അംഗീകരിച്ചിട്ടുള്ള കാര്യമല്ലേ ? അതിനകത്തെ ഒരു ഭാഗമാണ് പീപ്പിൾസ് പോലീസിംഗ്. അത് മനസ്സിലാക്കാതെയാണ് ശ്രീ. ജേക്കബ് വർത്തമാനം പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾക്ക് അറിവ് ഇത്തിരി കുറവാണ്. അതുകൊണ്ട് നിങ്ങൾ ഞങ്ങളെ ഒന്ന് പ്രബുദ്ധരാക്കണം. അതാണ് ഞങ്ങളുടെ റിക്വസ്റ്റ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അമേരിക്ക, ജപ്പാൻ അവിടെയൊക്കെ ഉള്ളതും, ചൈനയിലോ, വടക്കൻ കൊറിയയിലോ ക്യൂബയിലോ ഇല്ലാത്തതും ഇപ്പോൾ എല്ലാ കാര്യത്തിലും അവർ അമേരിക്കയെയാണല്ലോ അംഗീകരിക്കുന്നത്. അവിടെയുള്ള ആ സമ്പ്രദായം കൊണ്ടുവരാൻ മാർക്സിസ്റ്റ് പാർട്ടിക്ക് നിർബന്ധം എൽ. ഡി. എഫ് -ൽ ഉള്ള ബാക്കി ആർക്കും താൽപ്പര്യമില്ല. ശ്രീ. ജോർജിനു വ്യക്തിപരമായി കണ്ടേയ്ക്കും. അവരുടെ പാർട്ടിക്ക് ഉണ്ടോ എന്ന് എനിക്ക് സംശയമാണ്. വേറെ ഒരു പാർട്ടിക്കും ഇല്ല. ഈ അമേരിക്കൻ സമ്പ്രദായം പകർത്തുന്നതിൽ മാർക്സിസ്റ്റ് പാർട്ടിക്ക് അതിയായ താൽപ്പര്യമുണ്ട്. അതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന്റെ ഒരു പടി കടന്ന് ഇപ്പോൾ ഇവിടെ ടെലിവിഷനിൽ പ്രൈവറ്റ് ചാനൽ ആരംഭിക്കാൻ പോകുകയല്ലേ ? പാർട്ടിയുടെ ആശയം തന്നെ മാറി വളരെ വിപുലീകരിച്ചു. അതുകൊണ്ടാണല്ലോ എത്രയോവർഷമായിട്ട് വെസ്റ്റ് ബംഗാളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഭരണം നടക്കുന്നത്. ശ്രീ. ജ്യോതിബാസു വളരെ പ്രമുഖനായ ഒരു ഭരണാധികാരി എന്നാണ് കേട്ടിരിക്കുന്നത്. എത്രയോ വർഷമായിട്ട് അദ്ദേഹം അവിടെ ഭരിക്കുന്നു. അവിടെ ഈ പീപ്പിൾസ് പോലീസിംഗ് ഒന്നുമില്ല.

ശ്രീ. കെ. എം. മാണി : മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അമേരിക്കനൈസ് ചെയ്തുകഴിഞ്ഞു എന്നുള്ളത് ശ്രീ. ജേക്കബിനറിഞ്ഞുകൂടേ ?

ശ്രീ. ടി. എം. ജേക്കബ് : അറിയാം, അതാണല്ലോ ഇപ്പോൾ ചാനലും അതുമിതുമൊക്കെ വന്നുപെടുന്നത്.

ശ്രീ. ടി. കെ. ബാലൻ : അമേരിക്കയ്ക്ക് ഞങ്ങൾ വഴങ്ങി എന്നൊക്കെ പറഞ്ഞ് ബഹുമാനപ്പെട്ട മാണിസാർ തന്നെ ഒരു ഉപദേശവും തന്നു. സി. ടി. ബി. ടി. യിൽ ഒപ്പിടണമെന്ന് അമേരിക്കയുടെ ഒരു ഡിമാന്റുണ്ട്. അത് വേണ്ട എന്ന് എല്ലാവരും പറഞ്ഞപ്പോൾ ഇന്ത്യാ രാജ്യത്ത് അതിനെ അനുകൂലിച്ച ഏക വ്യക്തി അങ്ങയുടെ സുഹൃത്തായിട്ടുള്ള ശ്രീ. മാണി സാർ ആണെന്നുള്ളത് അറിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതൊക്കെ നമുക്ക് വേറൊരു ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സി. ടി. ബി. ടി. കരാറിൽ ഒരു രാഷ്ട്രീയ പാർട്ടിയും ഇല്ല എന്നുപറയുന്നത് ശരിയല്ല. ബി. ജെ. പി. അതിൽ ഒപ്പിടാൻ തയ്യാറാണ്. ബി. ജെ. പി. യെ ന്യായീകരിക്കുന്ന സ്ഥിതിയിലാണ് മാർക്സിസ്റ്റ് പാർട്ടി എന്നുള്ള കാര്യം അങ്ങേയ്ക്കറിയുമോ ?

ശ്രീ. കെ. എം. മാണി : എന്റെ പാർട്ടിക്ക് അതിനെപ്പറ്റി വ്യക്തമായ നിലപാടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പറഞ്ഞുവന്ന പോയിന്റ്, മന്ത്രി ചോദിച്ചല്ലോ ഈ ബിൽ വേണ്ടന്നാണോ അഭിപ്രായം എന്ന്. ഞാൻ പറഞ്ഞുവന്നത് പോലീസ് (അമെന്റ്മെന്റ്) ബിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രസക്തമല്ല എന്നാണ്. ജനുവരി 18-ാം തീയതിയാണല്ലോ ഈ ബിൽ നിലവിൽ വന്നു എന്നുപറയുന്നത്. അന്നാണല്ലോ ഓർഡിനൻസായിട്ട് ഇറക്കിയത്. അത് വെരിഫൈ ചെയ്തപ്പോൾ മനസിലാക്കാൻ കഴിഞ്ഞത് ഇതുവരെ ഇതിന്റെ റൂൾസ് ഇറങ്ങിയിട്ടില്ല എന്നാണ്. "ഓർഡിനൻസ് നിങ്ങൾ ഇറക്കി. ഇതിന്റ റൂൾസ് വരണമല്ലോ. അപ്പോൾ വലിയ അടിയന്തിരപ്രാധാന്യമൊന്നും ഇതിനില്ല. പിന്നെ മുഖ്യമന്ത്രി വളരെ എളുപ്പത്തിൽ ഞങ്ങളോട് പറഞ്ഞിരിക്കുന്നത് ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിരിക്കുന്ന ഇതിന്റെ കമന്റ്സ് മാർച്ച് മാസം അവസാനത്തിനു മുമ്പായിട്ട് തരണമെന്നാണ്. മാർച്ച് അവസാനംവരെ ഇവിടെ അസംബ്ലി നടക്കുകയാണ്. റൂൾസ് ഒന്നും സർക്കുലേറ്റ് ചെയ്യാതെ നിയമം നടപ്പിലാക്കാൻ സാദ്ധ്യമല്ല. അപ്പോൾ ഇതിനാണ് വലിയ പ്രയോറിറ്റി കൊടുത്തിരിക്കുന്നത്. നിങ്ങൾക്ക് താൽപ്പര്യവും പ്രാധാന്യവും ഇതാണ്. വേറൊരു സംഗതി, ഇവിടെ ഒരു തർക്കം വന്നല്ലോ. സി. ആർ. പി. സി യുടെ പ്രൊവിഷൻ ആണ് ഞാൻ ആദ്യം വായിച്ചത്. ഇവിടെ ആരംഭിച്ചിരിക്കുന്ന ട്രെയിനിംഗ് എന്തിനെക്കുറിച്ചാണ് എന്നുള്ളത് സംബന്ധിച്ചാണ് രാവിലെ തർക്കം വന്നത്. The Kerala people's policing scheme is a Community policing project. മുഖ്യമന്ത്രി ഇംഗ്ലീഷ് നല്ലവണ്ണം അറിയാവുന്ന ആളാണ്. അദ്ദേഹം ഇംഗ്ലീഷിൽ ഡ്രാഫ്റ്റുചെയ്തു തന്ന സംഗതിയാണിത്. അദ്ദേഹത്തിന് ഇംഗ്ലീഷ് നന്നായിട്ടറിയാം. അപ്പോൾ അതിന്റെ അർത്ഥം ഞങ്ങൾ മനസിലാക്കുന്നത് ഇത് രണ്ടും ഒന്നാണ് എന്നല്ലേ, ഞങ്ങൾ മനസിലാക്കിയ ഇംഗ്ലീഷിൽ ഇനി തെറ്റുണ്ടെങ്കിൽ തിരുത്തിയാൽ, ഞങ്ങളുടെ അറിവിന്റെ കുറവ് വല്ലതുമുണ്ടെങ്കിൽ ആരെങ്കിലും പറഞ്ഞു തന്നാൽ തിരുത്താൻ തയ്യാറാണ്. പക്ഷേ ഞാൻ മനസിലാക്കിയിടത്തോളം അങ്ങനെയാണ്, The scheme seeks to resuce the number of times a citizen has to go to the police station seeking justice. The scheme seeks to encourage all public-spirited citizens to come into contact with the public more often. ഇപ്പോൾതന്നെ വഴിയിൽക്കൂടെ പോകുന്നവരെ പിടിച്ച് ഇടിയാണ്. ബസ്സ്റ്റാൻഡിൽ നിന്നയാളെ കൊണ്ടുപോയിട്ട് ഇടിച്ചുകൊല്ലാൻ പോകുകയാണ്, ഈ സ്ഥിതിയാണ്. പോയിട്ടുവന്നാൽ ഓരോരുത്തരുടെയും സ്ഥിതിയെന്താകും. ഇതൊക്കെ വേണമെന്നുള്ള നിലയിലേക്ക് പോയാൽ നമ്മുടെ സംസ്ഥാനം എങ്ങോട്ടുപോകും. 1200 വാർഡുകൾ തൽക്കാലമെടുക്കാൻ പോകുന്നുവെന്നാണ് പറഞ്ഞത്. To generate free flow of information from the community to the police കമ്മ്യൂണിറ്റിയിൽനിന്ന് പോലീസിലേക്ക് കൂടുതൽ ഇൻഫർമേഷൻ കിട്ടാൻ

അതുപോലെതന്നെ, To increase and inculcate the feeling among policemen that policing is a service to the community. അതിപ്പോൾ ഇല്ലേ ? ഞാൻ എല്ലാം പറഞ്ഞിട്ടുള്ളതാണ്. ഈ പോലീസ് എന്ന വാക്കിനകത്തെ ഓരോ അക്ഷരത്തിനും ഓരോ വാക്കുകൾ ഉണ്ട്. പോലീസ് എന്ന പേര് അവർക്കു കൊടുത്തത് അതാണ്. അതുള്ളപ്പോൾ, പിന്നെന്തിനാ ഇവരെ ഇനി വേറെ പഠിപ്പിക്കണമോ, ഇതിന്റെ ആവശ്യമുണ്ടോ ? To give consolation and assistance to victims of crime.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങു പറഞ്ഞല്ലോ ഇനി ഒന്നും പഠിക്കേണ്ടതില്ലെന്ന്. പൊതുവെ നമ്മൾ സ്വീകരിക്കുന്നത് എല്ലാപേരും എല്ലായ്പ്പോഴും പുതിയതായി പഠിച്ചുകൊണ്ടിരിക്കണമെന്നാണ്. അതൊരു കാര്യം, അതുമാത്രമല്ല പോലീസിനെ സംബന്ധിച്ച് കാലാകാലങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ പോലീസ് കമ്മിഷൻ റിപ്പോർട്ടുകൾ വരുന്നില്ലേ ? അതിലെല്ലാം വരുത്തേണ്ട പരിഷ്ക്കാരങ്ങളെപ്പറ്റി പറയുന്നുണ്ട്. അപ്പോൾ നിരന്തരമായി പരിഷ്ക്കാരം വരുത്തേണ്ട ഒരു ശക്തിയല്ലേ പോലീസ്. പിന്നെ അങ്ങ് നിഷേധിക്കുന്നത് എന്തിനാണ് ?

ശ്രീ. ടി. എം. ജേക്കബ് : അല്ല, ഞാൻ പറഞ്ഞല്ലോ ശ്രീ. സുധാകരാ,.....

ശ്രീ. പി. പി. തങ്കച്ചൻ : ഈ പോലിസിന്, ഡി. വൈ. എസ്. പി., ഡി. എസ്. പി, റാങ്കിലൊക്കെയുള്ളവർക്ക് ട്രെയിനിംഗ് കൊടുക്കാൻ നിയോഗിച്ചിട്ടുള്ളത് ആരെയാണ് എന്ന് അറിയാമോ ? മാണി പോൾ. മാണിപോൾ ആരെന്ന് അറിയാമല്ലോ, ഈ ട്രെയിനിംഗിന്റെ ക്വാളിറ്റിക്ക് വേണ്ടി നിയോഗിച്ചിട്ടുള്ളത്, പാളയത്തുള്ള ഈ ഒരു തയ്യൽക്കാരനെയാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിനകത്ത് പോലീസിനെ ഇത്രയുംകാലം ട്രെയിൻ ചെയ്ത് വേറെ ഒരു ലൈനിലേയ്ക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നമ്മൾ ആഗ്രഹിക്കുന്നത് എന്താണ് ? ഇവിടെ നമ്മൾ പോലീസ് (അമെന്റ്മെന്റ്) ബിൽ പാസാക്കിയാൽ ഫിസിക്കൽ ട്രെയിനിംഗ് നടക്കുന്ന സ്ഥലം ഇൻസ്പെക്ട് ചെയ്യാൻ പോകുന്നത് not below the rank of a sub Inspector എന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ അങ്ങോട്ടു വിടേണ്ട ആളുകളെ സംബന്ധിച്ച് വേറൊരു ട്രെയിനിംഗ് കൊടുത്ത് വേറൊരു രൂപത്തിൽ കൊണ്ടുവരാൻ പോകുകയാണ്. അതാണ് ഇവിടെ നടക്കുന്നത്. ശ്രീ. സുധാകരൻ പറഞ്ഞ ആശയത്തോട് എനിക്ക് വിയോജിപ്പില്ല, പക്ഷേ കേരളത്തിൽ ഇപ്പോൾ നടക്കുന്നത് എന്താ ? ഇപ്പോൾ ഇവിടെ തല്ലുകൊണ്ട് മെഡിക്കൽ കോളേജിൽ കിടക്കുന്ന കുറച്ചു പോലീസുകാരുണ്ട്. മുഖ്യമന്ത്രി കേട്ടുകൊണ്ടിരിക്കുകയല്ലേ, പാസിംഗ് ഔട്ട് പരേഡു നടത്തി പുറത്തുവരാത്ത പോലീസുകാരെ നിയമ പരിപാലനത്തിന് നിയോഗിക്കുന്നത് ശരിയല്ല. അടികിട്ടിയാൽ അവരെ സഹായിക്കാൻ നിങ്ങൾക്ക് സാധിക്കുമോ ? ശ്രീ. സുധാകരൻ അന്വേഷിക്കേണ്ട കാര്യമാണ്. പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കാത്ത ട്രെയിനിംഗ് പീരീഡിൽ നിൽക്കുന്ന ചെറുപ്പക്കാരായ പോലീസുകാരെ കൊണ്ടുനിർത്തി അവർക്ക് കല്ലേറോ, അടിയോ ഒക്കെ കിട്ടി കുറെയെണ്ണം ആശുപത്രിയിൽ കിടപ്പുണ്ട്. അങ്ങോട്ടും ഇങ്ങോട്ടും നടന്നല്ലോ. ഇന്നലെ യുവമോർച്ചയുടെ പരിപാടി നടന്നു. ഇവിടെ ലാത്തിചാർജ് നടന്നു, കോഴിക്കോടും നടന്നു. ഒത്തിരിപേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പരിക്കുപറ്റി, ഒരുപാട് ആളുക്കളെ പോലീസുകാർ തല്ലി, പോലീസുകാർക്കും പരിക്കുണ്ട്. പോലീസിനെ തല്ലിയതായി പത്രക്കാർ റിപ്പോർട്ട് ചെയ്തില്ല. പോലീസ് അവരെ തല്ലിയെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനകത്ത് എനിക്ക് ഒരു hesitation ഉം ഇല്ല. ബി. ജെ. പി. കാരേയും യുവമോർച്ചക്കാരേയും പോലീസിന് തല്ലാമോ ? ആവശ്യമില്ലാതെ അവരെ തല്ലി ആശുപത്രിയിലാക്കി. ഇവിടെയും തല്ലി ആശുപത്രിയിലാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞത് ആ കൂട്ടത്തിൽ കുറെ പോലീസുകാരും ആശുപത്രിയിലായിട്ടുണ്ട്, ഞാൻ കണ്ടു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, യുവമോർച്ചക്കാരുടെ അടിയേറ്റ് പരിക്കുപറ്റിയ പോലീസുകാരനെ പോലീസുകാരെടുത്ത് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നത് എല്ലാപത്രങ്ങളിലും വന്നിട്ടുണ്ട്. ബി. ജെ. പി. അടിച്ചു വീഴ്ത്തുന്നവരെ അടിയായിട്ട് നിങ്ങൾ കാണുകയില്ല എന്നു പറഞ്ഞാൽ കഷ്ടമാണ്.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ആദ്യം പോലീസുകാരുടെ കാര്യമാണ് പറഞ്ഞത്. നിങ്ങൾ പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കാത്ത പോലീസുകാരെ കൊണ്ട് അവിടെ നിറുത്തി അടികൊണ്ട് അവർ ആശുപത്രിയിൽ കിടന്നിട്ട് അവരെ സഹായിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല എന്നാണ് ഞാൻ ആദ്യം പറഞ്ഞത്. രണ്ടാമതാണ് ഞാൻ പറഞ്ഞത്, പോലീസുകാർ അടിച്ചില്ലേ, പോലീസ് ബി. ജെ. പി., യുവമോർച്ചക്കാരെ അടിച്ചു, അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യമെന്താ ? ജയകൃഷ്ണന്റെ വധത്തെക്കുറിച്ച് ഇവിടത്തെ പോലീസുകാർ അന്വേഷിച്ചിട്ട് കാര്യമായ ഒന്നും നടന്നില്ല. സി. ബി. ഐ.യ്ക്കു വിടണം, വേണമെങ്കിൽ വിട്ടേയ്ക്കണം. സി. ബി. ഐ. യിൽ വരുന്ന പോലീസുകാർ എന്താ മോശം പോലീസുകാരാണോ ? അല്ലല്ലോ, അവർ ഒരു ഡിമാന്റു വച്ച് ഫൈറ്റ് ചെയ്യുന്നു. അവർ യുവജന സംഘടനയാണ്, ഇൻഡ്യാരാജ്യം ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ യുവജനപ്രസ്ഥാനമാണ്. അതുകൊണ്ട് അവരെ തല്ലാമെന്നു പറയുന്നത് ശരിയല്ല. അതുപോലെതന്നെ ഇവിടെ Collection of information about boot-legging, illicit distillation transportation of illicit liquor and prevention of these with the help of the community. ഞാൻ ഒന്നു ചോദിക്കട്ടെ, നിങ്ങളിത് പറഞ്ഞല്ലോ, ഇതിനകത്ത് വരുന്ന ഓരോന്നിന്റെയും സെൽഫ് ഡിഫൻസ് ആണല്ലോ നിങ്ങൾ പറയുന്നത്. സെൽഫ് ഡിഫൻസ് ഇവിടെ ആവശ്യമായി വന്നിരിക്കുകയല്ലേ, ഹരിപ്പാട് സംഭവിച്ചത് എന്താ ? സതീഷ് കുമാറിനെ ആരാണ് കൊന്നത് ? മദ്യ മാഫിയയുടെ ആളുകൾ അടിച്ചുകൊന്നു. ചവുട്ടിക്കൊന്നു, ഇവിടെ നിങ്ങൾ പറയുന്ന illicit liquor ന്റെ distillation-ഉം transportation-ഉം കണ്ടുപിടിക്കാൻ പോയി. ഈ മദ്യവിരുദ്ധ പ്രവർത്തകനായി നിന്ന സതീഷ് കുമാറിനെ ചവിട്ടിക്കൊന്നു. എന്നിട്ട് അവന്റെ പേരിൽ കേസില്ല. അയാളുടെ അച്ഛൻ സദാനന്ദന്റെ പേരിൽ കേസ് എടുത്തു. Collection of information about visa-rackets, job rackets and preventing people from becoming victims of such rackets. ഇതൊക്കെ പീപ്പിൾസ് പോലീസിംഗിലേയ്ക്ക് കൊടുത്തിട്ട് നമ്മുടെ രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Collection of information about rowdies and hired goondas and co-operating with police action in this regard. എഴുകോൺ പോലീസ് സ്റ്റേഷനിൽ പോലീസുകാരനായിട്ട് അപ്പോയിന്റ്മെന്റ് കിട്ടി ചെന്നവൻ റൗഡി ലിസ്റ്റിൽപ്പെട്ടയാളാണ്. ഞങ്ങൾ നിയമസഭയിൽ ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി തന്നിട്ടുണ്ട്, അതെ മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 'ഈ രണ്ടു വ്യക്തികളും' രണ്ടുപേരെ എഴുകോൺ പോലീസ് സ്റ്റേഷനിൽ നിയമിച്ചില്ലേ, രണ്ടുപേരും ഒട്ടേറെ ക്രിമിനൽ കേസിലെ പ്രതികളായിരുന്നു. കോടതി വിട്ടതും പിൻവലിച്ചതുമുണ്ട്. റൗഡി സംഘത്തിൽപ്പെട്ടവർ രാജ്യത്ത് പോലീസ് കോൺസ്റ്റബിളായിട്ട് നിയമപാലകൻമാരായിട്ട് വരികയാണ്, എന്നിട്ട് നിങ്ങൾ ഇവിടെ എഴുതിവച്ചിരിക്കുന്നത് ഇൻഫർമേഷൻ അവരെക്കുറിച്ച് തരാനാണ്, ഞാൻ അവസാനിപ്പിക്കുന്നു, അതുപോലെതന്നെ Arranging look out on strangers and suspicious persons visiting the locality. പിന്നെ പറഞ്ഞിരിക്കുന്നത് Organisation of special security measures for elderly persons. Arranging watch over the house of neighbours who are away from home. അത് എന്തായാലും നല്ല പരിപാടിയാണ്. ഇത് ഇങ്ങനെ അറേഞ്ചുചെയ്ത് വച്ചിരുന്നാൽ തമ്പാനൂരിൽ ഒരു മെഡിൽ വിദ്യാർത്ഥിയെ പിടിച്ച് ഇടിച്ചതെന്തിനാ ? പോക്കറ്റടിക്കാരൻ നോക്കിയപ്പോൾ അവന്റെ പോക്കറ്റിൽ നൂറിന്റെ നോട്ട് കിടക്കുന്നു, ഇവൻപോയി പോലീസിനോട് പറഞ്ഞു. നൂറിന്റെ നോട്ട് ഉണ്ടെന്ന്, അപ്പോൾ പോലീസുകാരൻ അവനെ കൊണ്ടുപോയി ഇടിച്ചു പൈസയും മേടിച്ച് ചവിട്ടിത്തൊഴിച്ച് അവന്റെ വൃക്കയും കളഞ്ഞ് മെഡിക്കൽ കോളേജിൽക്കൊണ്ട് ഇട്ടിട്ട് അവന്റെ അച്ഛന്റെ പേരിൽ കേസും എടുത്തു. എന്താ പോരേ, Arranging watch over the house of neighbours who are away from home. അതിപ്പോൾ വളരെ തകൃതിയായി നടക്കുകയാണ് ..... Improving the quality of protection through proper locks, grills, doors, windows and propagation of information about methods of ..... ഇങ്ങനെ പോകുകയാണ്, ഒരു കാര്യം പറയട്ടെ. ഇതിനകത്ത് നിങ്ങൾ പറയുന്നു ഒരു വാർഡിൽ മുന്നൂറ് കുടുംബങ്ങൾ ഇതിൽ മെമ്പർഷിപ്പുള്ളവരായി മാറും. കൺവീനർ ആയിട്ട് വരുന്ന പുള്ളിക്കാരൻ ഹെഡ് കോൺസ്റ്റബിൾ അല്ലെങ്കിൽ ഒരു കോൺസ്റ്റബിൾ എന്നിട്ട് പറഞ്ഞിരിക്കുന്നത് എന്താണ് ? അദ്ദേഹം മദ്യപിക്കാൻ പാടില്ല .....under no circumstance shall be take alcoholic drinks ; he shall not smoke in any public place ..... എന്തൊക്കെ restrictions ആണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : ഇവിടെ പോലീസ് (അമെന്റ്മെന്റ്) ബില്ലിനെപ്പറ്റിയുള്ള ഡിസന്റിംഗ് നോട്ട് അടിസ്ഥാനമാക്കി സംസാരിക്കുകയാണ് ബഹുമാനപ്പെട്ട ജേക്കബ്. അദ്ദേഹം ചില കാര്യങ്ങളിവിടെ ഉദ്ധരിച്ചു സംസാരിക്കുന്നുണ്ട്. ഇതിൽ നിങ്ങൾ പറയുന്ന, എന്നു പറഞ്ഞാൽ അദ്ദേഹം ഉദ്ദേശിക്കുന്നത് പോലീസ് (അമെന്റ്മെന്റ്) ബില്ലാണ്. 'ഇതിലെ' എന്നു പറയുമ്പോൾ ഈ ബില്ലിലെ കാര്യം എന്ന രീതിയിലാണ് അദ്ദേഹം പ്രസന്റ് ചെയ്യുന്നത്. ഇത് ഓർഡറിൽ ആണോ ? സഭയെ തെറ്റിദ്ധരിപ്പിക്കുന്നതല്ലേ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ബിൽ എന്താണെന്നു മനസിലാക്കിക്കൊണ്ടും, പോലീസ് എന്താണെന്ന് മനസിലാക്കിക്കൊണ്ടും തന്നെയാണ് സംസാരിക്കുന്നത്. ജനകീയ പോലീസിംഗിന്റെ പേരിൽ നടത്താൻ പോകുന്നതെന്താണെന്ന് ശ്രീ. ജയരാജിനേക്കാളും നന്നായിട്ട് ഞങ്ങൾക്കറിയാം. കാള വാല് പൊക്കിയാൽ എന്തിനാണെന്നറിയാൻ വല്ല വിഷമവുമുണ്ടോ? ഇതിനകത്ത് കൊണ്ടുവന്നിരിക്കുന്ന ഈ പരിപാടികളൊക്കെ നോക്കുമ്പോൾ ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ല. വേളി യൂത്ത് ഹോസ്റ്റലിൽ ഒരു ക്ലാസ് നടക്കുന്നതിനെക്കുറിച്ചൊക്കെ പ്രശ്നം വന്നിട്ടുണ്ടല്ലോ. 6-ാം തീയതി തുടങ്ങി 11- ാം തീയതി അവസാനിക്കും. അവിടെ വളരെ പ്രാഗൽഭ്യത്തോടുകൂടി എല്ലാ ദിവസവും ക്ലാസ് എടുക്കുന്ന ഒരു വിരുതനേയുള്ളൂ. അത് മാണി പോളാണ്. ഈ മാണി പോൾ ആരാണ് ? ശ്രീ. കെ. എം. മാണിയല്ല. ഞങ്ങൾക്കറിയാം. ശ്രീ. കെ. എം. മാണിക്ക് ക്ലാസെടുക്കാനുള്ള യോഗ്യത ഒക്കെയുണ്ട്. കേരളാ പോലീസിന് ആശയ വിനിമയം സംബന്ധിച്ച ക്ലാസെടുക്കുന്ന ആളാണ് ഇദ്ദേഹം. സെക്രട്ടേറിയറ്റിനടുത്ത് ജേക്കബ് ജംഗ്ഷനിൽ മെലഡി എന്നൊരു തുണിക്കട നടത്തുന്നയാളാണ് ഇദ്ദേഹം. ഇദ്ദേഹത്തിന്റെ റെഡിമെയ്ഡ് ഷോപ്പിൽ ഒരു സ്ഥിരം സന്ദർശകനായിട്ട് തിരുവനന്തപുരത്തെ ഒരു ഇംഗ്ലീഷ് പത്രലേഖകൻ ഉണ്ടായിരുന്നു. ഇദ്ദേഹവുമായിട്ടുള്ള അടുപ്പം നിമിത്തം ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്ന് ഈ പത്ര ലേഖകൻ കമ്മ്യൂണിക്കേഷനെക്കുറിച്ചുള്ള 2 പുസ്തകങ്ങൾ മാണിപോളിനെടുത്തു കൊടുത്തു. ഒരു സുപ്രഭാതത്തിൽ മാണിപോൾ ആശയവിനിമയ രംഗത്തെ പ്രഗൽഭനായിട്ട് മാറി. ലേഖകൻ അന്തം വിട്ടുപോയി. അതുകഴിഞ്ഞിട്ട് ഈ മാണിപോളും വേറെ 2 സഹായികളും ചേർന്ന് പോലീസിന്റെ സഹകരണത്തോടുകൂടി ആരംഭിച്ച ഒരു പരിപാടിയാണ് 'ആക്ട് ഫോഴ്സ്'. റോഡ് അപകടങ്ങളിൽപ്പെട്ട് വഴിയിൽ കിടക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്ന സന്നദ്ധസേനയെന്ന പേരിലായിരുന്നു ആക്ട് ഫോഴ്സ് ആരംഭിച്ചത്. മാണി പോൾ അടക്കമുള്ള മൂന്നംഗ സംഘം ആക്ട്ഫോഴ്സ് സംഘടിപ്പിച്ചതിന്റെ മറവിൽ സർക്കാരിൽ നിന്നും വിവിധ സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച ലക്ഷക്കണക്കിന് രൂപ തിരിമറി നടത്തി. അതോടെ ആ ആക്ട് ഫോഴ്സ് വെള്ളത്തിലായി. തിരുവനന്തപുരം സിറ്റിയിലെ ഉന്നതരായിട്ടുള്ള പല പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഇദ്ദേഹവുമായിട്ട് വളരെ വലിയ അടുപ്പമുണ്ട്. പലരുടേയും ബിനാമിയായിട്ട് ഇദ്ദേഹം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ള ആക്ഷേപം പരക്കെയുണ്ട്. ഈ കമ്മ്യൂണിക്കേഷൻ എക്സ്പോർട്ട് കഴിഞ്ഞ 3 വർഷമായി പോലീസിന് യൂണിഫോം സപ്ലൈ ചെയ്യുന്ന ആളാണ്. ഈ കമ്മ്യൂണിക്കേഷൻ വിദഗ്ദ്ധനെ, കേരളാ പോലീസിന് പരിശീലനം നൽകാൻ, ഇതിൽ കൂടുതൽ വൈദഗ്ദ്ധ്യത്തിന്റെ ആവശ്യമുണ്ടാവില്ല. വേറൊന്ന് ഈ ആക്ട് ഫോഴ്സിന്റെ പേരിൽ മാണിപോൾ നടത്തുന്ന തട്ടിപ്പുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് കന്റോൺമെന്റ് സ്റ്റേഷനിലെ മുൻ ട്രാഫിക് എ. സി. ആയിരുന്ന ടി. വി. ശശികുമാർ സിറ്റി കമ്മിഷണർക്ക് ഒരു പരാതി കൊടുത്തു. വേളിയിൽ നടക്കുന്ന ജനകീയ പോലീസ് ട്രെയിനിംഗ് ക്യാമ്പിൽ ശശികുമാറിന് ക്ലാസ് എടുക്കുന്നു ഈ മാണിപോൾ. എങ്ങനെയുണ്ട്, ടി. വി. ശശികുമാർ അവിടെ ക്ലാസ് അറ്റന്റ് ചെയ്യുന്ന ഒരു ഡി. വൈ. എസ്. പി. ആണ്. അയാൾക്ക് ഈ തട്ടിപ്പുകാരൻ ക്ലാസ് എടുക്കുകയാണ്. ഈനാംപേച്ചിക്ക് കൂട്ട് മരപ്പട്ടി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്ത് തടസമുണ്ടാക്കുകയില്ല. പക്ഷേ റൂൾസ് ഓഫ് പ്രൊസിഡുവറിലെ റൂൾ 80-ൽ പറയുന്നത് The debate on a motion that the Bill as reported by the select Committee or the subject Committee, as the case may be, be taken into consideration shall be confined to consideration of the report of the committee, and the matters referrred to in that report or any alternative suggestions consistent with the principle of the Bill. ഇവിടെ ..... ഈ റൂളിന്റെ ഹോപ്പിന് വളരെ വിപുലമായി പോയി. പോലീസ് ഡിമാന്റിലോ അല്ലെങ്കിൽ വേറെ ഏതെങ്കിലും കാര്യത്തിലോ ഡിസ്കസ് ചെയ്യേണ്ട കാര്യങ്ങളിലേക്ക് പോയി. കുറച്ചൊക്കെ പോകാം. എന്നാൽ വളരെയങ്ങ് പോകുന്നത് .....

ശ്രീ. ടി. എം. ജേക്കബ് : മാണി പോളിനെക്കുറിച്ച് വേറെ എവിടെയാണ് പറയുക ? 17 ഡി. വൈ. എസ്. പി. മാരിൽ 2 പേർ ലോക്കപ്പ് മർദ്ദനത്തിന്റെ പേരിൽ സസ്പെൻഷൻ വാങ്ങിയിട്ടുള്ളവരാണ്. 3 സി. ഐ. മാരുടെ പേരിൽ കൈക്കൂലി വാങ്ങിയതിന് വിജിലൻസ് കേസ് എടുത്തിട്ടുണ്ട്. ഇവരാണ് ഇപ്പോൾ ജില്ലാ കോ-ഓർഡിനേറ്റർമാരായിട്ട് പോകുന്നയാളുകൾ. റൗഡി ലിസ്റ്റിൽപ്പെടുന്നയാളുകളും വരും. പിടികിട്ടാപ്പുള്ളിയെന്ന് പറഞ്ഞ് തൃശൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഡിക്ലയർ ചെയ്തയാള് ഡി. വൈ. എഫ്. ഐ. യുടെ സെക്രട്ടറിയാണ്. അദ്ദേഹം ഈ കഴിഞ്ഞ 13-ാം തീയതി വന്ന് പത്ര സമ്മേളനം നടത്തിപോയി. അവരെ പിടികൂടാൻ നമ്മുടെ പോലീസിന് കഴിയുന്നില്ല. ആ പോലീസിന് നിങ്ങൾ ജനകീയ പോലീസിംഗിന്റെ ട്രെയിനിംഗ് കൊടുത്ത് ഇറക്കിവിട്ടാൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എങ്ങോട്ടു പോയി എത്തും. ഉദ്ദേശ ശുദ്ധിയോടുകൂടി കാര്യങ്ങളെ കാണാനോ, നടത്തിക്കൊണ്ടുപോകാനോ നിങ്ങൾക്ക് സാധിക്കുന്നില്ല. ഈ സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമം വളരെ വ്യാപകമായി ഉണ്ടാകുന്നു അതിന് നിങ്ങൾ പോലീസിനെ കരുവാക്കുന്നു. പോലീസിനെ കരുവാക്കി ഈ പരിപാടി നടത്തുന്നതുകൊണ്ടാണ് ..... ഞാനിത്രയും കാര്യങ്ങൾ പറഞ്ഞപ്പോൾ അങ്ങേയ്ക്ക് സന്തോഷമായി. അങ്ങയുടെ ഉള്ള് തണുത്തതിൽ വളരെ സന്തോഷമുണ്ട്. അതുകൊണ്ടാണ് കൈകൊണ്ട് മുഖം മറച്ചിരിക്കുന്നത്. എപ്പോഴും ചിരിക്കുന്ന ഒരു വ്യക്തിയല്ലേ. അങ്ങയുടെ മനസിന് കുളിർമ്മ പകരാൻ എനിക്ക് സാധിച്ചുവെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ജനകീയ പോലീസ് നമുക്ക് വേണ്ട. ഇപ്പോൾ കൊണ്ടു വന്നിരിക്കുന്ന പോലീസ് (അമെന്റ്മെന്റ്) ബില്ലും ഫലപ്രദമല്ല. വേറെ ഏതെങ്കിലും നിയമം കൊണ്ടുവന്ന് അതിനകത്ത് ഇത് ഇൻകോർപ്പറേറ്റ് ചെയ്ത് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ച് ഇവിടെ നടക്കുന്ന atrocities-ഉം ഏത് ഫിസിക്കൽ ട്രെയിനിംഗും, ഡിഫൻസിനു വേണ്ടിയിട്ട് നടത്തുന്ന ട്രെയിനിംഗും നമ്മുടെ രാജ്യത്തിന്റെ ക്രമസമാധാന രംഗത്തെ പ്രശ്നങ്ങൾ ഉണ്ടാക്കുമെങ്കിൽ കൂട്ടായി അതിനെ തടയാൻ ഞങ്ങളൊക്കെ തയ്യാറാണ്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള നല്ല ആശയങ്ങളോട് ഞങ്ങൾ അനുകൂലിക്കുന്നു. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : കേരളാ പോലീസ് (അമെന്റ്മെന്റ്) ബിൽ, 2000, ത്തിനുമുള്ള എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു. തുടക്കത്തിലേ പറയട്ടേ ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ സ്പിരിറ്റിനോട് ഞങ്ങൾക്കെതിർപ്പില്ല. ഈ നിയമം ആവശ്യമാണ്. പക്ഷേ ഇത്രയും മതിയോ ? ഈ ഭേദഗതി ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അതിലുൾപ്പെടുത്തുമോ അതേപോലെ സ്വീകരിക്കുമോ എന്നുള്ള കാര്യത്തിനാണ് തർക്കം. ഇത് കേരളാപോലീസ് (അമെന്റ് മെന്റ്) ബിൽ, 2000 ആണ്. സ്വാഭാവികമായും പോലീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ വരുമ്പോൾ ഉന്നയിക്കുന്ന കാര്യങ്ങൾ മാത്രമേ പറയാൻ പാടുള്ളൂ എന്ന് ശാഠ്യം പിടിക്കുന്നത് ശരിയല്ല. ഞാൻ ബില്ലിൽ നിന്നും വിട്ടുപോകുന്നില്ല. ഈ ബില്ലിനെ സംബന്ധിച്ച് ഞങ്ങൾക്ക് ചില ആശങ്കകൾ ഉണ്ട്. ഇവിടെ ഈ ബിൽ പൈലറ്റ് ചെയ്ത ബഹുമാനപ്പെട്ട ലാ മിനിസ്റ്റർക്ക്..... ഞങ്ങൾക്കുള്ള ഈ ആശങ്കകൾക്കും ഞാൻ ഇനി പറയാൻ പോകുന്ന കാര്യങ്ങൾക്കും, പറഞ്ഞ കാര്യങ്ങൾക്കും മറുപടി പറയാൻ കഴിയുമോ എന്ന് തോന്നുന്നില്ല. നമ്മുടെ സംസ്ഥാനത്ത് അനധി കൃതമായി നടക്കുന്ന ട്രെയിനിംഗും, ആയുധ പരിശീലനവും നിയമംമൂലം നിരോധിക്കപ്പെടേണ്ടതാണ്. അത്തരം ആയുധ പരിശീലനം നമ്മുടെ സംസ്ഥാനത്തിലെ സമാധാന ജീവിതത്തെ തകർക്കുന്നതാണെങ്കിൽ അതെല്ലാം ഇല്ലാതാക്കണം എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആളുകൾ സംഘം ചേരുക, ആയുധ പരിശീലനം നടത്തുക, ഈ ബില്ലിൽ അതെല്ലാം വരണം. അതിനകത്ത് ആയുധം ഉണ്ടാക്കുന്നത്, ആയുധം കൊടുക്കുന്നത്, ബോംബ് നിർമ്മാണം, ബോംബ് എറിയുന്നതിനുള്ള ട്രെയിനിംഗ് ഇതെല്ലാം വേണം. മനുഷ്യരെ വെട്ടിക്കൊല്ലുന്ന സമയത്ത് പെട്ടെന്ന് ചോര കാണുമ്പോൾ മോഹാലസ്യം വരാതിരിക്കുന്നതിനുവേണ്ടി ഉൾക്കാടുകളിൽ ചെറിയ പശുക്കളേയും, ആടുകളേയും കെട്ടിത്തൂക്കിയിട്ടിട്ട് ഇവയെ വെട്ടിയും കുത്തിയും ചുവപ്പു നിറമുള്ള ചോര കണ്ട് മനം മടുക്കാതിരിക്കാൻ ആദ്യം ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. ഇതെല്ലാം ഈ ബില്ലിന്റെ പരിധിയിൽ വരണമെന്ന് മാത്രമേ പറയുന്നുള്ളൂ. എന്തുകൊണ്ടാണ് ശ്രീ. ജേക്കബ് ഇവിടെ പറഞ്ഞത്, ഇതെല്ലാം പോലീസിനെ ഏൽപ്പിക്കുന്നതു കൊണ്ടാണ്. ഞങ്ങൾ ഈ ബില്ലിന് എതിരായതുകൊണ്ടല്ല ഈ ഭേദഗതിയിലൂടെ കേരളാപോലീസിന് ഏൽപ്പിച്ചു കൊടുക്കാൻ പോകുന്ന ചില അധികാരങ്ങളുണ്ടല്ലോ. അത് കൃത്യമായി നിയമവിധേയമായി നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാന ജീവിതത്തിന് സംരക്ഷണം നൽകുന്ന വിധത്തിൽ നടത്തുവാൻ ഇവയ്ക്ക് കഴിയുമോ ? ഇല്ല. എന്തുകൊണ്ടാണ് ? പോലീസിന് കഴിയാത്തതുകൊണ്ടല്ല. ബഹുമാനപ്പെട്ട

1 P.M] നായനാരുടെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് പാർട്ടിക്ക് അത്തരമൊരു അവകാശമോ അവസരമോ സ്വാതന്ത്ര്യമോ പോലീസിന് കൊടുക്കാനുള്ള സമീപനമാണ് അവർക്കില്ലെന്നുള്ളതുതന്നെയാണ്. ഇത് എന്ത് ഉദ്ദേശത്തോടുകൂടിയുള്ളതാണെന്ന് നമുക്കറിയാം. അതിനും ഞങ്ങൾ എതിരൊന്നുമല്ല. പ്രധാനമായും കേരളത്തിൽ നടക്കുന്ന ആർ. എസ്. എസ്. പോലുള്ള സംഘടനകളുടെ ഡ്രില്ലിനേയും ആയുധപരിശീലനത്തേയും നിരോധിക്കുന്നതിന്, അതുവഴി സമാധാന ജീവിതത്തെ മടക്കിക്കൊണ്ടുവരുന്നതിനും വേണ്ടിയാണല്ലോ, ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. അതുമാത്രമേ ഉള്ളുവോ ? ഞാൻ തുടക്കത്തിലേ ഒരു കാര്യം പറയട്ടെ. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ. ഈ ബിൽ ഇവിടെ ഇൻഡ്രൊഡ്യൂസ് ചെയ്തതിനുശേഷവും കേരളത്തിൽ ആയുധ പരിശീലനങ്ങൾ നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങയുടെ പാർട്ടിയും സി. പി. ഐ (എം.) - ഉം ഒരു കാര്യത്തിൽ യോജിക്കുമെന്നാണ് തോന്നുന്നത്. ആർ. എസ്. എസ് -ന്റെ ആയുധപരിശീലനം തടയുക. അങ്ങ് ഇവിടെ പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇന്ന് കേരളത്തിൽ ആയുധ പരിശീലനം നടത്തുന്നവരുടെ കൂട്ടത്തിൽ ആർ. എസ്. എസ്., പി. ഡി. പി. തുടങ്ങിയ തീവ്രവാദി സംഘടനകളുണ്ട്. ഈ ആയുധ പരിശീലനം അവസാനിപ്പിക്കാൻ അങ്ങ് എന്ത് മാർഗ്ഗമാണ് നിർദ്ദേശിക്കുന്നത് ?

ശ്രീ. ജി. കാർത്തികേയൻ : സർ, അതുകൊണ്ടാണ് ആയുധപരിശീലനം അവസാനിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ബില്ലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നുവെന്ന് വ്യക്തമായ ഭാഷയിൽ ശുദ്ധമലയാളത്തിൽ ആദ്യമേ പറഞ്ഞത്. പക്ഷേ ആ സത്യസന്ധമായ സമീപനം ആ കാര്യത്തിൽ കേരളാ ഗവൺമെന്റിനുണ്ടോ ? തിരുവനന്തപുരം ജില്ലയിൽ കള്ളിക്കാട് പഞ്ചായത്തിലെ കാളിപ്പാറ എന്ന സ്ഥലത്ത് മിക്കവാറും ദേശീയ തലത്തിൽ എൻ. സി. സി. ക്യാമ്പ് നടക്കാറുണ്ട്. എൻ. സി. സി. കേഡറ്റുകൾക്കും എയർഫോഴ്സിനും മിലിട്ടറിക്കും ട്രെയിനിംഗ് കൊടുക്കുന്ന കാളിപ്പാറയിൽ സി. പി. ഐ. (എം)ൽ പ്പെട്ട 175 പേർക്ക് പത്തു ദിവസം നീണ്ടുനിന്ന ഒരു ആയുധ പരിശീലന ക്യാമ്പ് അടുത്തകാലത്ത് നടന്നു. ഉലയംകോണംവഴി പോകുന്ന ഒരൊറ്റ റോഡുമാത്രമേ ഈ സ്ഥലത്തേയ്ക്കുള്ളൂ. ആ പ്രദേശത്ത് താമസിക്കുന്ന ആദിവാസികളുൾപ്പെടെയുള്ള ആളുകൾ കടന്നുപോകാതിരിക്കാൻ റെഡ് വോളണ്ടിയർമാർ അവിടെ കാവൽനിന്നു. ഈ മലയ്ക്കപ്പുറമായി 5 ആദിവാസി കുടുംബങ്ങളുണ്ട്. അവരെ മാത്രം കടത്തിവിട്ടു. അവിടെ ഡ്രിൽ, കായിക പരിശീലനം, ആയുധ പരിശീലനം ശ്രീ. പിണറായി വിജയൻ ഒഴികെയുള്ള.....(തടസ്സം).....(തടസ്സം)..... ഞാൻ പറഞ്ഞു വരുമ്പോൾ ചാടി എഴുന്നേൽക്കുന്നത് എന്താണ് ? ഞാൻ കള്ളനല്ലേയെന്ന് വിളിച്ചുകൊണ്ട് കള്ളൻ ഓടുന്നതുപോലെയല്ലേ ഇത് ? ശ്രീ. പിണറായി ഒഴികെയുള്ള സി. പി. ഐ. (എം)ന്റെ പ്രധാനപ്പെട്ട നേതാക്കന്മാർ രാത്രികാലങ്ങളിൽ ഈ ക്യാമ്പ് സന്ദർശിച്ചു. വിദേശികൾക്ക് മാത്രം താമസിക്കാൻ.....

ശ്രീ. ജി. സുധാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, സി. പി. ഐ. (എം) ഒരു മലയുടെ പുറത്ത് ആയുധപരിശീലനം നടത്തുന്നുവെന്ന് ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ചോദിച്ചു. കുന്തം, വാൾ തുടങ്ങിയ ആയുധങ്ങൾ ഉപയോഗിക്കുന്നുവോയെന്ന് അപ്പോൾ ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത് കള്ളനെപ്പോലെ ഓടുന്നുവെന്നാണ്. സി. പി. ഐ (എം) യാതൊരു ആയുധങ്ങളും ഉപയോഗിച്ചുള്ള പരിശീലനം കേരളത്തിൽ ഒരിടത്തും നടത്തുന്നില്ല. ആയുധം ഉപയോഗിച്ചുള്ള യാതൊരു പരിശീലനങ്ങളും ഞങ്ങളുടെ പാർട്ടി നടത്തുന്നില്ല. എന്നാൽ ആ പ്രശ്നമില്ലെന്ന് പറയുമ്പോൾ കള്ളനെപ്പോലെ ഓടുന്നുവെന്ന് പറയുന്നത് ഓർഡറിലാണോ ? അത് പിൻവലിക്കണം.

ശ്രീ. ജി. കാർത്തികേയൻ : സർ, ആർ. എസ്. എസ്. ന്റെ ഡ്രിൽ നിരോധിച്ചുകൊണ്ടുള്ള നിയമഭേദഗതിയാണ് ഇവിടെ വരുന്നത്. കേരളം ഭരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയാണ്. പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നത് സി. പി. ഐ. (എം) -ലെ മന്ത്രിയാണ്. തിരുവനന്തപുരം ജില്ലയിൽ സെക്രട്ടേറിയറ്റിന്റെ മൂക്കിന്

LIBRARY ARCHIVES Kerala Legislative Assembly

താഴെ 175 പേർക്ക് പത്തു ദിവസം നീണ്ടുനിന്ന ആയുധ പരിശീലനം നടന്നുവെന്ന് ഞാൻ ഉത്തരവാദിത്വ ബോധത്തോടുകൂടി ഈ നിയമസഭയിൽ പറയുന്നു. വിദേശികൾക്ക് മാത്രം താമസിക്കാൻ വാടകയ്ക്ക് കൊടുക്കുന്ന ബാലരാമപുരത്തുകാരനായ ഒരാളുടെ റിസോർട്ട് ഇന്റർനാഷണൽ ഏജൻസി വഴിയുള്ള ബുക്കിംഗ് എല്ലാം ക്യാൻസൽ ചെയ്ത് 175 പേർക്ക് അവിടെ താമസസൗകര്യം ഒരുക്കിക്കൊടുത്തു. അന്താരാഷ്ട്ര ടൂറിസ്റ്റുകൾക്ക് മാത്രം, ഡോളർ കൊടുക്കുന്ന ആളുകൾക്ക് മാത്രം പ്രവേശനമുള്ള ഒരു റിസോർട്ടിൽ താമസിച്ചുകൊണ്ട് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി 175 പേർക്ക് പത്തുദിവസം ആയുധ പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ എന്തിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നത് ? അവിടെയാണ് ഞങ്ങൾക്കുള്ള സംശയം. ഈ ബില്ലിന് ഞങ്ങളാരും എതിരല്ല. കേരളം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനമെന്താണ് ? അതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ ചില കാര്യങ്ങൾ പറഞ്ഞത്. എന്നിട്ട് നിങ്ങൾ ഇത് ഏൽപ്പിക്കുന്നത് ആരെയാണ് ? ഞാൻ ബില്ലിലേക്ക് വരികയാണ്. നമ്മൾ എല്ലാം ഏൽപ്പിച്ചിരിക്കുന്നത് not below the rank of sub-inspector, ഞാൻ വായിച്ച് സമയം കളയേണ്ട കാര്യമില്ലല്ലോ. ഇവരെ എങ്ങനെ വിശ്വസിക്കും ? അതിനകത്ത് എന്റെ ഭേദഗതിയെന്നുപറയുന്നത്, ഏതായാലും നിയമം വരികയല്ലേ ? ഇത് കൊടുക്കാനുള്ള അധികാരം കളക്ടർക്ക് കൊടുക്കണം. മാർക്സിസ്റ്റ് പാർട്ടിയുടെ പ്രാദേശിക നേതൃത്വത്തിന്റെ താളത്തിനൊത്ത് തുള്ളുന്ന കേവലം ഒരു സബ് ഇൻസ്പെക്ടർക്ക് ഇതിന്റെ പെർമിറ്റ് കൊടുക്കാനുള്ള അധികാരം, ഈ അധികാരത്തെ ദുർവിനിയോഗം ചെയ്യും. എന്തുകൊണ്ട് കളക്ടർക്ക് കൊടുത്തുകൂടാ ? മാത്രമല്ല, ആയുധപരിശീലനവുമായി ബന്ധപ്പെട്ടത് അതുവഴി വന്നാൽ അവിടെയുള്ള ആളുകളുമായി ബന്ധപ്പെടണം. ഇവിടെ പീപ്പിൾസ് പോലീസ് വരികയില്ലേ ? അങ്ങനെയൊരു പദ്ധതി കൊണ്ടുവരുന്ന ഈ ഗവൺമെന്റിന് എന്തുകൊണ്ട് ഈ ലൊക്കാലിറ്റിയിലെ ആളുകളുമായി ബന്ധപ്പെട്ടുകൂടാ ? എന്തുകൊണ്ട് ഗസറ്റിൽ നോട്ടിഫൈ ചെയ്തുകൂടാ ? നിങ്ങൾക്ക് എന്തുകൊണ്ട് കളക്ടർക്ക് കൊടുത്തുകൂടാ ? അതായത് കുറച്ചുകൂടി അധികാരമുള്ള ഒരാളുടെ കയ്യിലേക്ക് എന്തുകൊണ്ട് കൊടുത്തുകൂടാ ? ഇത് ഒരു പ്രധാനപ്പെട്ട കാര്യമല്ലേ ? നിയമസമാധാന ജീവിതത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നതാണല്ലോ. ഇതുമായി ബന്ധപ്പെട്ട് ഇതിന്റെ ആശങ്കകൾ തീർക്കുന്നതിനുവേണ്ടി കേവലം ഒരു സബ് ഇൻസ്പെക്ടർ എന്നു പറയുന്ന ആ ഉദ്യോഗസ്ഥന്റെ പദവിയെ ചെറുതായി കാണിക്കുന്നതിനുവേണ്ടിയല്ല, ആ സബ്ഇൻസ്പെക്ടർക്ക് അത് വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായിട്ട് എന്തുകൊണ്ട് ഇതിന് ഒരു അഡ്വൈസറി കൗൺസിൽ ഉണ്ടാക്കിക്കൂടാ ? ഇത് ആലോചിച്ചാൽ എന്താണ്? പ്രാദേശികമായിട്ടുള്ള നിലവാരത്തിലോ, അല്ലെങ്കിൽ എല്ലാ തരത്തിലുള്ള രാഷ്ട്രീയ നേതൃത്വങ്ങളുടെയോ അല്ലെങ്കിൽ പല തരത്തിലുള്ള സാംസ്ക്കാരിക മണ്ഡലത്തിലുള്ള ആളുകളുമായോ ഒരു അഡ്വൈസറി കൗൺസിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പിന്നെ ഇതിന് വരുന്ന കേസുകൾ സ്ക്രൂട്ടിണൈസ് ചെയ്യാനുള്ള എന്തെങ്കിലും സംവിധാനം നമ്മുടെ ബില്ലിലുണ്ടോ ? ആരാണ് സ്ക്രൂട്ടിണൈസ് ചെയ്യുന്നത് ? ഇതിനകത്ത് അപ്പീൽ പ്രൊവിഷനുണ്ടോ ? ഡി. ഐ. ജി. യുണ്ട്. നമ്മൾ ഡി. ഐ. ജി. മാരെ കാണുന്നുണ്ടല്ലോ. അവിടെയാണ് പ്രശ്നം. ഞാൻ കണ്ണൂർ ഡി. ഐ. ജി. യെയും ഐ. ജി.യെയും കണ്ടു. മിടുക്കന്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഐ. പി. എസ് കിട്ടുകയുള്ളൂ. ഞാൻ അവരെ ബഹുമാനിക്കുന്നു. എനിക്ക് അവരോട് റെസ്പെക്ടുമുണ്ട്. അവരുടെ കഴിവിനെ നാം ബഹുമാനിക്കണം. തോളത്തിരിക്കുന്ന ചിഹ്നം മറന്നുകൊണ്ട് പാർട്ടി ചിഹ്നം കാണുമ്പോൾ കവാത്ത് മറക്കുന്ന സായിപ്പിനെപ്പോലുള്ള ആളുകളെ നമ്മൾ എങ്ങനെ വിശ്വസിക്കും? അപ്പീൽ കൊടുക്കുന്നതിനുള്ള അധികാരം എന്തുകൊണ്ട് ഹോം സെക്രട്ടറിക്ക് കൊടുത്തുകൂടാ ? നിങ്ങൾ എന്ത് പറഞ്ഞാലും കേരളത്തിലെ പോലീസ് സംവിധാനത്തിൽ top to bottom രാഷ്ട്രീയമല്ലേ ? ആളുകളെ വിശ്വാസമില്ല. അതില്ലാത്ത സാഹചര്യത്തിൽ കേരളത്തിൽ നിയമസമാധാന പരിപാലനത്തിനു വേണ്ടി ഡി. ഐ. ജി.ക്ക് അല്ല, ഡി. ജി. പി.ക്ക് കൊടുത്താലും നടക്കുകയില്ലെന്ന് പറയാൻ കാരണം, ഇതുവഴി പോകുമ്പോൾ കാട്ടാക്കട സർക്കിൾ ഇൻസ്പെക്ടറുടെയും സബ് ഇൻസ്പെക്ടറുടെയും നെയ്യാർഡാം സബ് ഇൻസ്പെക്ടറുടെയും പോലീസ് സ്റ്റേഷനുകളുടെ സമീപത്താണ് 175 പേർക്ക് ആയുധ പരിശീലനം കഴിഞ്ഞ ആഴ്ച നടത്തിയത്. അതുകൊണ്ടാണ് ഞാൻ അത് പറയുന്നത്. എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്നു. രാത്രി സന്ദർശിക്കാൻ പോകുന്ന നേതാക്കന്മാർക്ക് പൈലറ്റ് പോകുന്നത് ഈ സബ് ഇൻസ്പെക്ടറും സർക്കിൾ ഇൻസ്പെക്ടറുമാണ്. പൈലറ്റ് പോകുന്ന ഈ ഉദ്യോഗസ്ഥരുടെ കൈയിലേയ്ക്ക് നിങ്ങൾ ആയുധപരിശീലനത്തിന്റെ നിയന്ത്രണം ഏൽപ്പിക്കുന്നുവെന്ന് പറയുമ്പോൾ ഈ ബിൽ കൊണ്ടുള്ള ഫലമെന്താണ് ? അത് ഇപ്പോൾ ഇവിടെയിരിക്കുന്ന പലർക്കും അറിയില്ല. അവിടെ ചോദിച്ചാൽ ശരിക്കും അറിയാൻ കഴിയും.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇവിടെ നടക്കുന്ന അഖിലേന്ത്യാ ഡി. വൈ. എഫ്. ഐ. സമ്മേളനം, ഞങ്ങളൊക്കെ അഖിലേന്ത്യാ സമ്മേളനം നടത്തിയവരാണ്. അങ്ങയുടെ പാർട്ടിയും നടത്താറുണ്ട്. ഡി. വൈ. എഫ്. ഐ പൊരുതുന്ന യുവാക്കളുടെ സംഘടനയല്ലേ, മാറ്റത്തിന്റെ പ്രസവവേദന അനുഭവിക്കുന്നവരാണ്. എന്റെ സ്നേഹിതർ ശ്രീ. ശർമ്മാജി ഇവിടെ ഇരിപ്പുണ്ട്. മാറ്റത്തിന്റെ പേറ്റുനോവ് അനുഭവിക്കുന്ന ആളുകളുടെ സമ്മേളനത്തിന് കൊഴുപ്പു കൂട്ടാൻ സാഹസികരുടെ മാത്രം കേന്ദ്രമായ കാളിപ്പാറ എസ്റ്റേറ്റിൽ പോയി 10 ദിവസം ടൂറിസ്റ്റ് റിസോർട്ടിൽ ക്യാമ്പ് ചെയ്ത് ഒരു ട്രെയിനിംഗ് നടത്തേണ്ട ആവശ്യമുണ്ടോ ? ഇല്ല. അപ്പോൾ അവിടെ ദുഷ്ടവിചാരമുണ്ട്. അവിടെ നടക്കുന്ന പരിശീലനം രാഷ്ട്രീയ എതിരാളികളെ ശാരീരികമായിട്ട് ഇല്ലാതാക്കുന്നതിനു വേണ്ടിയിട്ടാണ്. ഇനി അവിടെ പങ്കെടുക്കുന്ന ആളുകളുടെ ലിസ്റ്റ് ഞാൻ പറയുന്നില്ല. ശ്രീ. ശർമ്മേ അവിടെ പങ്കെടുക്കുന്ന ആളുകളുടെ പേരു കേട്ടാൽ നിങ്ങളും ഞെട്ടും. ആയുധ പരിശീലനം കൊടുത്ത് പണം ചെലവഴിച്ചാൽ ഗുണം ഉള്ളവരെയല്ലേ കൊണ്ടുപോകുകയുള്ളൂ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : വോളന്റിയർ പരേഡ് നടത്തുന്നുണ്ട്. പാർട്ടി സമ്മേളനവും യുവജന സംഘടനാ സമ്മേളനവും നടക്കുമ്പോൾ വോളന്റിയർ പരേഡ് നടത്താറുണ്ട്. അതിനുവേണ്ടി ഉള്ള ട്രെയിനിങ്ങല്ലാതെ കേരളത്തിലൊരിടത്തും സി. പി. എം. ആയുധ പരിശീലനം നടത്തിയിട്ടില്ല. വോളന്റിയർ പരേഡാണ്. വോളന്റിയേഴ്സിനുവേണ്ടിയുള്ള ട്രെയിനിംഗ് നടത്താറുണ്ട്. പക്ഷേ യഥാർത്ഥത്തിൽ ഈ ബിൽ കൊണ്ടു വരുന്നതിന്റെ ലക്ഷ്യം എന്താണെന്ന് അങ്ങേയ്ക്കറിയാം. ആ ലക്ഷ്യത്തിൽ നിന്നും സി. പി. ഐ (എം.) നെ കോർണർ ചെയ്യുന്നത് ആവർത്തിച്ചാൽ അതിന്റെ നെറ്റ് റിസൾട്ട് എന്താകുമെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ആർ. എസ്. എസും എൽ. ഡി. എഫും ആയുധ പരിശീലനം നടത്തുന്നുണ്ട്. ഞങ്ങൾ ഡ്രില്ലാണ് നടത്തുന്നത് ആയുധ പരിശീലനമല്ല എന്നാണ് അവർ അവകാശപ്പെടുന്നത്. ഇപ്പോൾ സി. പി. ഐ (എം.) ഉം ആർ. എസ്. എസ്. ഉം പറയുന്നത് തമ്മിൽ യാതൊരു വ്യത്യാസവുമില്ലായെന്ന് അങ്ങേയ്ക്ക് മനസ്സിലായോ ?

ശ്രീ. എസ്. ശർമ്മ : അത് കേരളത്തിലെ ജനങ്ങൾക്ക് നേരിട്ട് അറിയാവുന്നതാണ്. സി. പി. ഐ (എം.) നെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടി ഉണ്ടായ കാലം മുതൽ വോളന്റിയർ പരേഡുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട ശർമ്മ, തിരുവനന്തപുരത്തു നടക്കുന്ന ഡി. വൈ. എഫ്. ഐ. അഖിലേന്ത്യാ സമ്മേളനത്തിന് കേവലം വോളന്റിയർ പരിശീലനം മാത്രമാണെങ്കിൽ ഇത്രയും കിലോമീറ്റർ യാത്ര ചെയ്ത് മനുഷ്യവാസമില്ലാത്ത കാളിപ്പാറ എസ്റ്റേറ്റിൽ പോയി പുലികളുടെ നടുവിൽ നിന്ന് ഈ ഡ്രിൽ പരിശീലനം കൊടുക്കുന്നത് എന്തിനാണ്. പിന്നെ വേറൊന്നു കൂടി പറയട്ടെ. ഞങ്ങൾ നടത്തുന്നത് കേവലം ഡ്രിൽ മാത്രമാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ ? അത് തന്നെയാണ് ആർ. എസ്. എസും. പറയുന്നത്. അതാണ് ശ്രീ. ആര്യാടൻ പറഞ്ഞത്. നാളെ അവരും പറയും. ഡ്രിൽ എന്നു മാത്രമല്ല അവർ പറയുന്നത് ശാരീരികവും മാനസികവുമായ ഉൻമേഷത്തിനുവേണ്ടി നടത്തുന്നുവെന്ന്.

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട കാർത്തികേയനെ, ഈ ഏപ്രിൽ 10-ാം തീയതി തിരുവനന്തപുരത്തു വച്ചു നടക്കുന്ന ഡി. വൈ. എഫ്. ഐ. അഖിലേന്ത്യാ സമ്മേളനത്തിന്റെ ഭാഗമായി നടത്തുന്ന വോളന്റീയർ പരേഡ് കാണാൻ ക്ഷണിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : അത് സമ്മതിക്കുകയാണ്. പക്ഷേ നെയ്യാർഡാമിലെ കാളിപ്പാറയിലെ ട്രെയിനിംഗും കുണ്ടറ നടക്കുന്ന ട്രെയിനിംഗും ഡി. വൈ. എഫ്. ഐ. യുടെ സമ്മേളനത്തിനുവേണ്ടിയുള്ളതല്ല. അത്രയേ ഞാൻ പറയുന്നുള്ളു. ഡി. വൈ. എഫ്.ഐ. സമ്മേളനത്തിലെ വോളന്റീയർ മാർച്ച് ഞാൻ കണ്ടിട്ടുണ്ട്. അത് ഞാൻ കുറച്ചു കാണുകയില്ല. എനിക്ക് അതിന്റെ ഫോഴ്സ് എല്ലാം അറിയാം. അതൊന്നുമല്ല ഞാൻ പറഞ്ഞത്. പക്ഷേ അതുമിതുമായിട്ട് യാതൊരു ബന്ധവുമില്ല. ഇവിടെ ഈ ആശങ്കകൾ ഉള്ളത് എന്തുകൊണ്ടാണ്. ട്രെയിനിംഗിന്റെ കാര്യം ഇവിടെ പറഞ്ഞത് വീണ്ടും പറയുന്നു. ഡ്രില്ലുകൾ നിരോധിക്കുന്നതിനു വേണ്ടിയുള്ള ഈ നിയമംമൂലം പോലീസിന് കൂടുതൽ ആധിപത്യവും അവർക്ക് എന്തും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും ഈ നിയമസഭ കൊടുക്കാൻ പോകുകയാണ്. ക്ഷേത്രക്കുളത്തിൽ ഒരാളെ മുക്കിക്കൊന്നത് നമ്മളെല്ലാം കണ്ടു. ഇപ്പോൾ എല്ലാം ലൈവായി കാണാമല്ലോ. അതുകൊണ്ടല്ലേ ഇപ്പോൾ അസത്യം പലരും പറയുന്നത് പിന്നെ നേരയൊക്കി വരുന്നത്. ഇത് നമ്മൾ കാണുമ്പോഴാണ് കൊല്ലം ഡി. സി. സി. ആഫീസിൽ പോലീസ് കയറി തല്ലിയില്ലേ. മാദ്ധ്യമങ്ങൾ നോക്കുമ്പോൾ ഡി. സി. സി. ഓഫീസിൽ കയറി തല്ലുക മാത്രമല്ല നിശബ്ദമായി കിടന്ന ഒരു പാർട്ടിയുമില്ലാത്ത കാറിനെയും ജീപ്പിനെയും പോലീസ് തല്ലി. പിന്നെ മിണ്ടിയില്ല. അപ്പോൾ പലരും പറയുന്നതിൽ നിന്നും പുറകോട്ടു പോകുന്നത്

ഒരു സ്ഥിരം ഏർപ്പാടായി കഴിഞ്ഞു. ക്ഷേത്രക്കുളത്തിൽ ഒരാളെ മുക്കികൊന്നപ്പോൾ പോലീസ് പറഞ്ഞു അയാൾ മാനസികരോഗിയാണ്. മാനസികരോഗിക്ക് ഒരാളെ മുക്കികൊല്ലാനുള്ള നിയമമുണ്ടോ ? നാലുചുറ്റും പോലീസ് നിന്നു. ഇന്നലെ മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു, ഈ മീഡിയായുടെ മുന്നിൽ വന്ന് എന്തും പറയാനുള്ള അവകാശം എല്ലാ പോലീസുകാർക്കും കൊടുത്തിട്ടുണ്ടോ ? അതിന് ഒഫിഷ്യൽ സ്പോക്സ്മെൻ വേണ്ടേ ? മീശപിരിച്ചുവച്ച് പഴയ നാടകത്തിന്റെ ശൈലിയിൽ നിന്ന ഒരു ഉദ്യോഗസ്ഥനോട് എന്താണ് നിങ്ങൾ രക്ഷിക്കാത്തതെന്നു ചോദിച്ചപ്പോൾ പറഞ്ഞത് മറ്റേയാളിന്റെ കൈയിൽ ആയുധമുള്ളതുകൊണ്ടാണ് ഞാൻ പോകാതിരുന്നതെന്നാണ്. അയാളെ മുക്കിക്കൊന്നു, കേരള പോലീസാണ് പറയുന്നത്. അയാളുടെ കൈയിൽ ആകെയുണ്ടായിരുന്നത് കേവലം ഒരു കമ്പ് മാത്രമാണ്. നാലുചുറ്റും പോലീസ് നിൽക്കുമ്പോൾ ഒരാളിനെ പരസ്യമായി മുക്കിക്കൊന്നു. കേരള പോലീസ് മാദ്ധ്യമങ്ങളോട് പറയുന്നു ആക്രമിയുടെ കൈയിൽ ആയുധമുള്ളതുകൊണ്ട് ഞാൻ പോയില്ല. തെളിവ് വേണോ, അതാണ് നമ്മുടെ പോലീസ്. അപ്പോൾ ട്രെയിനിംഗ് കൊടുക്കേണ്ടത് ആർക്കാണെന്ന് അറിയാമോ ? ആവശ്യമുള്ളവർക്ക് ആയുധവും ട്രെയിനിംഗും കൊടുക്കണം. പത്മനാഭസ്വാമി ക്ഷേത്രക്കുളത്തിൽ 10 വയസുകാരനും നീന്തിക്കുളിക്കാൻ പറ്റുന്ന സ്ഥലത്ത് നീന്തൽ അറിയാത്തതുകൊണ്ട് ഒരാളെ പോലീസിന്റെ സാന്നിദ്ധ്യത്തിൽ, സാക്ഷരകേരളത്തിന്റെ തലസ്ഥാനനഗരിയുടെ ഹൃദയഭാഗത്ത് പരസ്യമായി കൊല്ലുന്നത് ആയിരക്കണക്കിനാളുകൾ നോക്കി നിന്നു. ഇന്നലെ ശ്രീ. ആനത്തലവട്ടം ആനന്ദൻ അമർഷം കൊണ്ടു ചോദിച്ചു എന്തുകൊണ്ട് ജനങ്ങൾ നോക്കിനിന്നുവെന്ന്, അദ്ദേഹത്തിന്റെ യുദ്ധപ്രഖ്യാപനം ജനങ്ങളോടാണ്, അതിന് ഞങ്ങൾക്ക് മറുപടി പറയാൻ സാധിക്കുമോ ? നോക്കി നിന്ന ജനങ്ങൾ എന്തുകൊണ്ട് രക്ഷിച്ചില്ലയെന്ന്. നോക്കിനിന്ന ജനങ്ങളെക്കാൾ ഉത്തരവാദിത്വം ഉള്ളത് പോലീസ് ഡിപ്പാർട്ടുമെന്റിനാണ്. അത് അവർ ചെയ്തില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : കോൺഗ്രസ് പ്രകടനത്തിനിടയിൽ എൽ. എം. എസ് കാമ്പസിനു മുന്നിൽ വച്ച് പ്രതിപക്ഷനേതാവിന്റെ കാർ തല്ലിത്തകർത്തത് ആരാണ് ? സി. പി. ഐ (എം.) കാരാണോ, ഇടതുപക്ഷ മുന്നണിക്കാരാണോ, പോലീസുകാരാണോ, അതോ കോൺഗ്രസ് (ഐ) ആണോ ?

ശ്രീ. ജി. കാർത്തികേയൻ : ചോദിച്ചതു നന്നായി. കേരളാ ഗവൺമെന്റ് കൊടുത്തിരിക്കുന്ന 99-ാം നമ്പർ കാർ, പ്രതിപക്ഷനേതാവ് ശ്രീ. എ. കെ. ആന്റണി സഞ്ചരിച്ചിരുന്ന കാർ തല്ലിത്തകർത്തു കൊല്ലം ഡി. സി. സി. ആഫീസിൽ കയറി തല്ലിയ പോലീസിന്റെ വർഗ്ഗമുണ്ടല്ലോ അവർ തന്നെയാണ് അതും ചെയ്തത്. പിന്നെ ഞങ്ങൾ തല്ലിയോ? വെറുതെ കേസ് വീക്കാക്കരുത്. ഈ നിയമംമൂലം ഡ്രില്ലുകൾ നിരോധിച്ച് സമാധാന ജീവിതം തകർക്കുന്നതിനുവേണ്ടിയുള്ള പോലീസ്, ആ പോലീസിനെയാണല്ലോ .....

നമ്മുടെ പുതിയ നിയമത്തിനകത്ത് എന്തെല്ലാമാണ് എഴുതി വച്ചിരിക്കുന്നത്. ഇതിനകത്ത് എഴുതി എഴുതി അവസാനമാണ് ഏറ്റവും പ്രധാനം ...Community policing projects like KPPS will enthuse ordinary citizens to play their rightful role as expected by law in the maintenance of peace in the community to

LIBRARY ARCHIVES Kerala Legislative Assembly

serve and protect. പോലീസിനെക്കുറിച്ചാണ്. ഞാൻ പറഞ്ഞത് നമ്മുടെ പോലീസിനെക്കുറിച്ചാണ്. ഇവിടെ വേറൊന്ന് നമ്മുടെ നാട്ടിൽ എല്ലായ്പ്പോഴും വീടുകളിൽ പുരുഷന്മാർ കാണുകയില്ല. കേരളത്തിന്റെ സമ്പത്ത് മനുഷ്യ സമ്പത്താണ്. നമ്മൾ കയറ്റി അയയ്ക്കുന്ന ചരക്ക് മനുഷ്യരാണ്. വിഷയം മാറാനല്ല. പല വീട്ടിലും പുരുഷന്മാർ കാണുകയില്ലയെന്നു പറയാനാണ്. ഇവിടെ എഴുതി വച്ചിരിക്കുന്നത് എന്താണെന്ന് അറിയാമോ ? Convener :- He shall make arrangements for the conduct of the meeting. If any household was not represented in a meeting, he should make it a point to visit that particular household and as certain whether they have any particular problem and encourage them to attend the next meeting. സർ, കേരളത്തിലെ വീടുകളിൽ അന്വേഷിക്കാനായിട്ട് പോലീസ് ചെന്നാൽ അവർ മുട്ട് അടിച്ച് ഒടിക്കും. ഇത് എന്താ വെള്ളരിക്കാ പട്ടണമോ ? എന്താ ചന്ദ്രശേഖരൻ സാറേ ഇതിൽ പറയുന്നത്. ഇതിൽ എന്താ എഴുതിവച്ചിരിക്കുന്നത്. നിങ്ങൾക്ക് എന്ത് പറ്റി ?

ശ്രീ. കെ. എം. മാണി : To ascertain whether they have any problem .....എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. ജി. കാർത്തികേയൻ : any perticular problem എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ കേരളാ പീപ്പിൾസ് പോലീസിംഗ് ബില്ലിലേയ്ക്ക് വന്നതല്ല. ഞാൻ അതിൽ വരുന്നില്ല. ഇതാണ് നമ്മുടെ കേരളത്തിലെ പോലീസ് സേന. ഇത് എന്താണെന്നറിയാമോ. വിഷയമാറ്റത്തിന് വേണ്ടിയല്ല. ഈ ഡ്രിൽ നിരോധിക്കുന്നതിന്റെ പേരിൽ അവിടെയാണ് രാഷ്ട്രീയ എതിരാളികളെ, സാധാരണ ഗതിയിൽ ഒരു യോഗം കൂടുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ, രാഷ്ട്രീയ പ്രവർത്തകന്റെ പേരിലും ഇവർക്ക് കേസ് എടുത്തുകൂടേ. നിങ്ങളുടെ ഉദ്ദേശമെന്താണ് ? ആയുധ പരിശീലനം എന്നന്നേയ്ക്കുമായി കേരളത്തിൽനിന്നും ഇല്ലാതാക്കി സമാധാനം നിലനിറുത്തുന്നതിന് വേണ്ടിയാണോ ? മാടപ്രാവുകളെ പറത്തുന്നതിന് വേണ്ടിയാണോ ? അങ്ങനെയാണെങ്കിൽ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി എങ്ങനെ പ്രവർത്തിക്കും ? മാർക്സിസ്റ്റ് പാർട്ടി തകർന്ന് പോകുമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. എന്നാൽ ഓരോ പാർട്ടിക്കും ഓരോ ശക്തിയുണ്ട്. ആ ശക്തിക്ക് ആധാരമായ ചില കാര്യങ്ങളും ഉണ്ട്. ഇത് കേരളത്തിലെ സമാധാന ജീവിതം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതല്ല, രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കുന്നതിനുവേണ്ടി, പീപ്പിൾസ് പോലീസെന്ന് കൂട്ടിച്ചേർത്തുകൊണ്ട്, അങ്ങ് ഒരുപാട് സമരത്തിലൂടെ കടന്നുവന്ന ആളാണ്. സർ സി. പി. ക്കെതിരെ പോരാട്ടങ്ങൾ നടത്തിയ ആളുകളാണ്. ബഹുമാനപ്പെട്ട സുധാകരൻ ഒരുപാട് ചരിത്രമൊക്കെ പഠിച്ചിട്ടുണ്ടല്ലോ. സർ സി. പി. യ്ക്ക് ഒരു പ്രത്യേകത ഉണ്ടായിരുന്നു. സർ സി. പി. യാണല്ലോ നാം കണ്ട, നമ്മുടെ ഓർമ്മയിൽ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ സ്വേച്ഛാധിപതിയായ ഭരണാധികാരി. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സർ. സി. പി. യുടെ കാലത്ത് സാധാരണ പോലീസിനുപുറമേ അഞ്ച് രൂപ പോലീസുണ്ടായിരുന്നു. ആ അഞ്ച് രൂപ പോലീസിന്റെ ജോലി എന്തായിരുന്നു. ഖജനാവിന്റെ പണം പറ്റുന്ന പോലീസിനോടൊപ്പം ഈ അഞ്ച് രൂപ പോലീസ് ആ പ്രദേശങ്ങളിലെല്ലായിടത്തും

LIBRARY ARCHIVES Kerala Legislative Assembly

സഞ്ചരിച്ച് രാഷ്ട്രീയ പ്രവർത്തകരുടെയും സ്വാതന്ത്ര്യസമര സേനാനികളുടെയും, വിവരങ്ങൾ ശേഖരിക്കുകയും അവരുമായി ബന്ധപ്പെട്ട് അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിന് കൊടുക്കുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ ആ കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള എല്ലാ ക്രൂരമായ മർദ്ദനങ്ങളുടെയും പല വേട്ടകളുടേയും പിന്നിൽ പോലീസിന് ആവശ്യമായ വിവരങ്ങൾ കൊടുക്കുന്ന സർ സി. പി. യുടെ ശക്തി കേന്ദ്രം വളരെ കുപ്രസിദ്ധമായ അഞ്ച് രൂപ പോലീസ് ആയിരുന്നു. സർ. സി. പി. യുടെ കാലത്തെ അഞ്ച് രൂപ പോലീസിന്റെ നിലവാരത്തിലേയ്ക്ക് കേരള പീപ്പിൾസ് സ്കീം വരുമോ എന്നാണ് എന്റെ ആശങ്ക. അങ്ങ് ചിരിക്കുന്നു. അതിനേക്കാൾ ഗതികേടായിവരും ഭയപ്പെടണ്ട. ഭയപ്പെടാനൊന്നുമില്ല. ഞങ്ങൾ ജനങ്ങളിൽ വിശ്വസിക്കുന്നു. ഇവിടെ ഓരോ വാർഡിലും എ. എസ്. ഐ. മാരടക്കമുള്ള ഓരോ കൺവീനറെ വച്ച് എല്ലാ വീടുകളും പരിശോധന നടത്തി. സ്ത്രീകൾ മാത്രം ഉള്ള വീടുകളിൽ അവരെ ഭീഷണിപ്പെടുത്തി അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ ആരെല്ലാം ഉണ്ട്, ഇല്ല എന്ന് കണ്ടുപിടിച്ച് തെരഞ്ഞെടുപ്പിൽ കള്ളവോട്ട് ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു ലിസ്റ്റ് ഉണ്ടാക്കുന്നതിനുകൂടി ഈ കൺവീനറെ ദുരുപയോഗപ്പെടുത്താനാണ് ഉദ്ദേശം.

ശ്രീ. പി. സി. ജോർജ് : സർ, പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചാണ് അങ്ങ് സംസാരിക്കുന്നത്. ഇതിന്റെ 10-ാം പേജിൽ Grievances against the scheme/ convenor :- If any person in the area has any complaint regarding any action taken by any convenor or any decision made in any committee meeting of the people's policing Scheme or any action by any person said to be acting on behalf of the Kerala People's Policing Scheme, he shall be free to make a complaint to the SP of the district. ഇതിന് അപ്പീൽ ഉണ്ട്. ഇതിന് പരാതി കൊടുക്കാൻ ഒരു വേദിയുണ്ട്. അതിനെപ്പറ്റി പറയാൻ ഒരുപാട് കാര്യങ്ങളും ഉണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ബില്ലിൽ നിൽക്കുന്നു. പോലീസുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറയുമ്പോൾ അപ്പുറത്ത് നിന്ന് പാവം എന്റെ പഴയ സുഹൃത്ത് ശ്രീ. പി. സി. ജോർജ് മാത്രമേ ചാടി എണീക്കുന്നുള്ളൂ. വേറെ ആരും അനങ്ങുന്നില്ല. ദുഃഖം ആരറിയാൻ. ഞങ്ങൾ അറിയുന്നു. അറിയുന്നു രാധേ നിൻ ദുഃഖം. എന്തുകൊണ്ടാണെന്നറിയാമോ ? അവരുടെ ദുഃഖം ഞങ്ങൾ അറിയുന്നു. പോലീസുകാരോട് ഒരു വാക്ക്.

മി. ഡെ. സ്പീക്കർ : ഇതുവരെ പോലീസുകാരെപ്പറ്റിയല്ലേ പറഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : ഒരു വാക്ക് പോലീസുകാർക്ക് വേണ്ടി പറയണ്ടേ ? ഇന്ന് കേരളത്തിൽ ഏറ്റവും അധികം മർദ്ദനം ഏൽക്കേണ്ടിവരുന്നത് ആർക്കാണ് ? പോലീസുകാർക്ക്. എന്റെ നിയോജകമണ്ഡലത്തിലെ വിതുര ഉൾപ്പെടെയുള്ള പോലീസ്സ്റ്റേഷൻ അങ്ങയുടെ ജില്ലയിൽ രണ്ട് പോലീസ് സ്റ്റേഷൻ ഇവയൊക്കെ മാർക്സിസ്റ്റുകാർ ആക്രമിച്ചില്ലേ. എസ്. ഐ. യുടെ കൈകാലുകൾ വെട്ടി എടുത്തില്ലേ ; ഓടി രക്ഷപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ ആശുപത്രിയിൽ പോയി തല്ലിയില്ലേ. പ്രതികളെ അടിച്ചിറക്കിക്കൊണ്ട് പോയില്ലേ. അത് വേറൊരു ദുഃഖം.

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ പോലീസ് സ്റ്റേഷൻ ആക്രമിക്കുക, ടെലിഫോൺ തകർക്കുക, ഓഫീസ് ഉപകരണങ്ങൾ തകർക്കുക, പ്രതിയെ കൊണ്ടുപോവുക എന്നുള്ള പ്രവർത്തനങ്ങൾ ഇവിടെ നടത്തുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് വേണ്ടി വീടുപണി ചെയ്യുന്ന പോലീസുകാർ ഇവിടെ ഇല്ലെങ്കിലും അവരോട് ഞാൻ പറയുന്നു സൂക്ഷിച്ച് കളിക്കണം. എന്താ പറയണ്ടേ ? ഇത് പോലീസുകാർക്ക് വേണ്ടിയാണ് പറയുന്നത്. അവരാണ് എല്ലാത്തിനും കൂട്ടുനിൽക്കുന്നത്. കൊല്ലം എസ്. എൻ. കോളേജിലെ പ്രിൻസിപ്പലിനെ ബന്ധിയാക്കി ഒപ്പിടുവാൻ കൂട്ടുനിൽക്കുന്ന പോലീസ്, സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിയെ പരാജയപ്പെടുത്താൻ കൂട്ടു നിൽക്കുന്ന പോലീസ്, കൊല്ലം എസ്. എൻ. കോളേജിൽ ഭൂരിപക്ഷം കിട്ടി ജയിച്ച ചെയർമാന് പ്രവർത്തിക്കാൻ കഴിയാതിരിക്കുന്ന എസ്. എഫ്. ഐ. യുടെ അക്രമത്തിന് കൂട്ട് നിൽക്കുന്ന പോലീസ്, അതേ പോലീസിനെ ഇടയ്ക്കിടയ്ക്ക് മാർക്സിസ്റ്റുകാർ തിരിച്ചും കൈകാര്യം ചെയ്യാറുണ്ട്. ഇടയ്ക്കിടയ്ക്ക് മാർക്സിസ്റ്റുകാരിൽ നിന്നും തല്ലുകൊള്ളുന്ന പോലീസ്, അവരുടെ കൈയിൽ ആണ് കേരളത്തിന്റെ സമാധാന ജീവിതം നിലനിർത്തുന്നതിന് ഈ അധികാരം കൊടുക്കുന്നത്. ഇത് ശരിയല്ലായെന്ന് ഈ സഭയിൽ ആരെക്കാളും അറിയാവുന്ന ഒരു വ്യക്തിയാണ് ഞാൻ എന്ന കാര്യത്തിൽ സംശയവുമില്ല. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരുടെ ഉള്ള് പിടയുകയാണ് എന്നുള്ള കാര്യം എനിക്കറിയാം. കാരണം അങ്ങ് പൈലറ്റ് ചെയ്ത ഒരു ബിൽ, പണ്ട് ശിവൻ ആർക്കാ വരം കൊടുത്തത്. അതുപോലെ എന്നേ ഞാൻ പറയുന്നുള്ളൂ. അങ്ങയുടെ കൈക്കൊണ്ടുതന്നെ കേരളത്തിലെ പോലീസിന് അധികശക്തി കൊടുക്കുന്നു. ആ ശക്തി നിങ്ങൾക്ക് തന്നെ തിരിച്ചടിയാകുമെങ്കിലും ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നില്ല. (ബഹളം.....) ഞങ്ങൾ ഇതിന്റെ സ്പിരിട്ടിനോട് യോജിക്കുന്നു, നിങ്ങളെക്കാളും, പക്ഷേ നിങ്ങൾ കൊണ്ടുവരുന്ന എല്ലാത്തിനേയും അംഗീകരിക്കാൻ കഴിയുമോ ? ഞങ്ങളുടെ നിലപാട് അതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, നിങ്ങൾ അങ്ങനെ മാറണം.

ശ്രീ. ജി. കാർത്തികേയൻ : സർ, കടകംപള്ളി സുരേന്ദ്രന് അത് മനസ്സിലാകില്ല. ശ്രീ കടകംപള്ളി സുരേന്ദ്രൻ കണ്ണ് കെട്ടിനിൽക്കുന്ന കുതിരയെപ്പോലെ രണ്ട് വശവും കാണുന്നില്ല. ജീവിതത്തേയും, സമൂഹത്തേയും, ജീവിതപ്രാരാബ്ധങ്ങളേയും, ദുഃഖങ്ങളേയും പണ്ട് കാണുമായിരുന്നു. ഇപ്പോൾ കാണുന്നില്ല, പുതിയ അധികാരത്തിന്റെ തിമിർപ്പിലാണ് ഇപ്പോൾ ശ്രീ. സുരേന്ദ്രൻ. അതിൽ ദുഃഖിച്ചു കൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭി പ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരാണ് ഈ ബിൽ പൈലറ്റ് ചെയ്തത്. കായിക പരിശീലനത്തിന് പെർമിറ്റ് കൊടുക്കാനുള്ള അധികാരം ആർക്കാണെന്ന് ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ല. അതാത് കാലഘട്ടങ്ങളിൽ ഗവൺമെന്റ് നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ആവശ്യാനുസരണം പെർമിറ്റ് കൊടുക്കും. ആ അവ്യക്തത

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. രാഷ്ട്രീയ പ്രേരിതമായിട്ടാണോ അങ്ങ് ഈ ഉദ്യോഗസ്ഥൻ ആരാണ് എന്ന് ഈ ബില്ലിൽ പറയാതിരിക്കുന്നത് ? കേരളത്തിന്റെ സാമൂഹിക സ്ഥിതി ഉറപ്പു വരുത്താനും സമാധാന അന്തരീക്ഷം നിലനിർത്താനും പോലീസ് നിയമത്തിൽ ഭേദഗതി വരുത്തി മുഖ്യമന്ത്രി അവതരിപ്പിക്കുകയും നിയമവകുപ്പുമന്ത്രി പൈലറ്റ് ചെയ്തിരിക്കുന്നതുമായ ഈ ബിൽ നിയമസഭ ചർച്ച ചെയ്യുന്ന ഈ അവസരത്തിൽ ഈ ബില്ലിന്റെ നേട്ടങ്ങളെക്കുറിച്ച് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്ന വരും വിശദമായി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട കാർത്തികേയൻ സൂചിപ്പിച്ച തുപോലെ ഈ ബില്ലിന്റെ സ്പിരിറ്റിനോട് ഞങ്ങളെല്ലാം യോജിക്കുന്നു. കായിക പരിശീലനം നിറുത്തൽ ചെയ്തുകൊണ്ട് രാജ്യത്ത് സമാധാന അന്തരീക്ഷം നില നിർത്തണം എന്ന് ആഗ്രഹിക്കുന്നവരാണ് ഈ നിയമസഭക്കുള്ളിലുള്ള എല്ലാ പാർട്ടികളും. നിയമം കൊണ്ട് ഇത് അവസാനിപ്പിക്കാൻ കഴിയുമോ എന്ന് ഞാൻ ഭയപ്പെടുകയാണ്. ഈ നിയമം ഇല്ലാതെ തന്നെ നമ്മുടെ രാജ്യത്ത് കായിക പരിശീലനവും ആയുധ പരിശീലനവും നിയന്ത്രിക്കുവാൻ സി. ആർ. പി. സി.യിൽ (ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിൽ) വ്യവസ്ഥകൾ ഉണ്ട്. പക്ഷേ നിയമത്തിന്റെ അപര്യാപ്തതയോ കുറവോ അല്ല ഇന്ന് കാണുന്ന ഈ ഡ്രില്ലുകളുടെയും കായികപരിശീലനത്തിന്റെയും പിന്നിൽ ഉള്ളത് എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. നിയമം ഉണ്ടായാൽ ഇത് നിർത്തലാക്കാൻ കഴിയുമെന്ന പ്രതീക്ഷയും എനിക്കില്ല. ശക്തമായ ഒരു പോലീസ് നയം സർക്കാരിന് ഉണ്ടായിരുന്നെങ്കിൽ ഇതുപോലുള്ള കുറ്റകൃത്യങ്ങളെ തടയാൻ ഒരു പ്രയാസവുമില്ല. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് 50 വർഷമായി. പോലീസ് സ്റ്റേഷനുകളെ കുറിച്ചും, പോലീസ് സേനയുടെ പെരുമാറ്റത്തെക്കുറിച്ചും സാധാരണക്കാരന് ഇന്നും നല്ല അഭിപ്രായങ്ങൾ ഇല്ല.

പഴയ കൊളോണിയൽ വ്യവസ്ഥിതിയുടെ കാവൽ ഭടൻമാരാണ് ഇന്നും പോലീസുകാർ എന്ന് ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഭക്ഷ്യ വിനോദസഞ്ചാര നിയമവകുപ്പുമന്ത്രിക്കും അത് നിഷേധിക്കാൻ സാധിക്കുമോ ? സാധാരണ ബില്ലുകളുടെ ചർച്ചകളിലും പ്രസംഗങ്ങളിലും നമ്മളൊക്കെ ഉദ്ധരിക്കാറ് മാസങ്ങൾക്കു മുമ്പുള്ള അല്ലെങ്കിൽ കൊല്ലങ്ങൾക്കു മുമ്പുള്ള പത്ര റിപ്പോർട്ടുകളും വസ്തുതകളും ആണ്. ഈ അടുത്ത ദിവസങ്ങളിലെ പത്രങ്ങളുടെ മുഖപ്രസംഗം ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. മാതൃഭൂമി പത്രം, അത് ഭരണപക്ഷത്തിന്റെതാണോ, പ്രതിപക്ഷത്തിന്റെ താണോ എന്ന് അറിയില്ല. സ്വതന്ത്രമായ ഒരു പത്രധർമ്മം നടത്തുകയാണ്. കഴിഞ്ഞ ഞായറാഴ്ച മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിൽ എന്താണ് എഴുതിയത് ? പോലീസ് മർദ്ദനം ഒരു രോഗലക്ഷണം. ചികിൽസ വേണ്ടത് രോഗത്തിനാണ്. പോലീസ് അതിക്രമങ്ങളെ കുറിച്ചുള്ള വാർത്തകൾ കേരള പത്രങ്ങളിൽ കാണാത്ത ദിവസങ്ങൾ കുറയും. സസ്പെൻഷൻ, അന്വേഷണം, നടപടി എന്നൊക്കെയുള്ള വാക്കുകൾ പിന്നാലെയും കാണും. അക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉതകുന്ന വിധത്തിലുള്ള ശിക്ഷകളെക്കുറിച്ച് അധികമൊന്നും കേൾക്കാറില്ല. ഞാൻ ചോദിക്കട്ടെ, പോലീസ് അതിക്രമങ്ങളെക്കുറിച്ച് ഈ അടുത്ത ദിവസങ്ങളിൽ കേരളത്തിലെ എല്ലാ പത്രങ്ങളും മുഖപ്രസംഗം എഴുതി. ഞാൻ ആ സംഭവങ്ങളൊന്നും തന്നെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. 1979-ൽ കേന്ദ്ര ഗവൺമെന്റ് പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സേനയെ പരിഷ്ക്കരിക്കാൻ നിയോഗിച്ച ധർമ്മവീരാ കമ്മീഷൻ ഞെട്ടിപ്പിക്കുന്ന ഒരു റിപ്പോർട്ട് നമ്മുടെ രാജ്യത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത് പോലീസിലെ ക്രിമിനലുകളെക്കുറിച്ചും പോലീസിന്റെ നടപടികളെ കുറിച്ചുമാണ്. 1979-ലെ ധർമ്മവീരാ കമ്മീഷൻ റിപ്പോർട്ടിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലീസുകാരുടെ ക്രൂരകൃത്യങ്ങളെക്കുറിച്ച് ആണ് പറഞ്ഞിട്ടുണ്ടായിരുന്നതെങ്കിൽ ഞാൻ ചോദിക്കട്ടെ, നമ്മുടെ സംസ്ഥാനം അവിടേക്ക് എത്തിയിട്ടില്ല എന്ന് നമുക്ക് പറയാൻ സാധിക്കുമോ ? ഇത് പോലീസിനെക്കുറിച്ചുള്ള നമ്മുടെ രാജ്യത്തെ ജനങ്ങൾക്കുണ്ടാകുന്ന വിശ്വാസങ്ങൾ, അല്ലെങ്കിൽ ഭയം കൂടുതൽ വർദ്ധിക്കുകയാണ്. നീതിപൂർവവും നിഷ്പക്ഷവുമായ നമ്മുടെ രാജ്യത്തെ നിയമം കൈകാര്യം ചെയ്യേണ്ടവരാണ് നമ്മുടെ ഭരണകൂടവും പോലീസും. നിയമവാഴ്ച നിലനിൽക്കുന്ന ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യം നിലനിൽക്കണമെങ്കിൽ പോലീസ് കാര്യക്ഷമമായി പ്രവർത്തിക്കണം. ആ പോലീസ് ഇന്ന് രാഷ്ട്രീയവൽക്കരിക്കപ്പെട്ടു എന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. പോലീസിനെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ നമ്മുടെ ഗവൺമെന്റുകൾ അനുവദിക്കുന്നില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്. ഞാൻ ചോദിക്കട്ടെ, അച്ചടക്കം എന്നുപറയുന്നത് പോലീസിൽ ഇന്നുണ്ടോ എന്ന് ഞാൻ ഭയപ്പെടുകയാണ്. കഴിഞ്ഞ ദിവസം ഇവിടെ രാത്രികാലങ്ങളിൽ പോലീസ് സ്റ്റേഷനുകളും എ. ആർ. ക്യാമ്പുകളും സായുധസേനാ പരിശീലന ക്യാമ്പുകളുമൊക്കെ സർപ്രൈസ് ചെക്കിംഗ് നടത്തണമെന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവബുദ്ധിയോടുകൂടിയാണ് അതിന് ഉത്തരം പറഞ്ഞത്. അച്ചടക്കമുള്ള ഒരു പോലീസ് സേന നമ്മുടെ രാജ്യത്തുണ്ടായില്ല എങ്കിൽ അതിന്റെ അപകടം വളരെ ഭയാനകമാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഇന്ന് രാത്രികാലങ്ങളിൽ നമ്മുടെ പോലീസ് സ്റ്റേഷനിൽ എ. ആർ ക്യാമ്പുകളിലെ ഉന്നതരായ ഉദ്യോഗസ്ഥന്മാർ പോലും പോകാൻ മടി കാണിക്കുകയാണ്. അതുകൊണ്ട് അച്ചടക്കം പോലീസിൽ ഉണ്ടാക്കിയെങ്കിൽ മാത്രമേ ഇതുപോലുള്ള നിയമനിർമ്മാണങ്ങൾക്ക് പ്രസക്തിയുള്ളൂ. പോലീസിന്റെ ശക്തി ഉപയോഗിച്ചുകൊണ്ട് നമ്മുടെ രാജ്യത്തെ ഏതെങ്കിലും പാർട്ടിയും ആദർശങ്ങളും വളർത്താം എന്ന വ്യാമോഹം ഇപ്പുറത്തിരിക്കുന്നവർക്കും അപ്പുറത്തിരിക്കുന്നവർക്കും വേണ്ട. സൈനീക ശക്തി കൊണ്ടും പോലീസിനെ ഉപയോഗിച്ചുകൊണ്ടും ലോകത്തെ ഒരു ശക്തിയും വളർന്നിട്ടില്ല. ആദർശങ്ങളും പ്രസ്ഥാനങ്ങളും കൊണ്ടുമാത്രമേ നമ്മുടെ രാജ്യത്ത്.....

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, അങ്ങ് ശക്തി ഉപയോഗിച്ചുകൊണ്ട് ഒരു പാർട്ടിയും വളർന്നിട്ടില്ല, വളർത്താൻ കഴിയില്ല എന്നു പറഞ്ഞു. അങ്ങയുടെ പാർട്ടി നമ്മുടെ സംസ്ഥാനത്തെ ഒരു പ്രത്യേക പ്രദേശത്തെ ഭൂരിപക്ഷം ഉപയോഗിച്ച് വളർന്ന ഒരു പാർട്ടിയല്ലേ ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ബഹുമാനപ്പെട്ട പി. പി. സുലൈമാൻ റാവുത്തർ ചോദിച്ച ചോദ്യം സന്ദർഭോചിതമായിട്ട് വളരെ പ്രസക്തമായതാണ് എന്നാണ് എന്റെ അഭിപ്രായം. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം പോലീസിനെ ഉപയോഗിച്ചും ഭരണത്തെ ഉപയോഗിച്ചും വളർന്ന ഒരു പ്രസ്ഥാനമല്ല.

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും പല സന്ദർഭങ്ങളിൽ പോലീസിനെ കൈകാര്യം ചെയ്തിട്ടുണ്ട്. എന്റെ നേതാവ് മഹാനായ സി. എച്ച്. മുഹമ്മദ്കോയ സാഹിബ് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിട്ടുണ്ട്. കേരളത്തിലെ പോലീസ് ഏറ്റവും നിഷ്പക്ഷമായി പ്രവർത്തിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നുവെങ്കിൽ അത് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ആഭ്യന്തരം കൈകാര്യം ചെയ്ത കാലത്താണ് എന്ന് ഈ അടുത്ത കാലത്ത് പോലീസിൽ നിന്നും വിരമിച്ച ഡി. ജി. പി. മാർ അവരുടെ ജീവചരിത്രം എഴുതിയപ്പോൾ എഴുതിയിട്ടുണ്ട്. അതുമാത്രമല്ല, എന്റെ പാർട്ടി ഒരിക്കലും വിഘടന വാദത്തിലും തീവ്രവാദത്തിലും ഒന്നും പ്രവർത്തിച്ചിട്ടില്ല. ഒരു ബോംബു പോലും ഞങ്ങളുടെ ഓഫീസുകളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടില്ല. ഞാൻ ചോദിക്കട്ടെ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എത്രയാളുകളെ എത്ര ഓഫീസുകളിൽ നിരവധി സന്ദർഭങ്ങളിൽ അറസ്റ്റു ചെയ്തിട്ടുണ്ട് ? ഇപ്പുറത്തിരിക്കുന്നവരും ഉണ്ട്. ഞാൻ നിഷേധിക്കുന്നില്ല. ഞാൻ അഭിമാനത്തോടുകൂടി പറയട്ടെ, എന്റെ പാർട്ടി അത്തരം കാര്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. ഉൾപെടുകയുമില്ല. ഭരണത്തിന്റെ ശീതളഛായയിൽ മുന്തിരിച്ചാർ മോന്തി കുടിച്ച് തടിച്ചു കൊഴുത്തു വളർന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമല്ല. ഒരു മുസ്ലീം ലീഗുകാരൻ എന്നുപറഞ്ഞാൽ ഈ രാജ്യത്ത് അറസ്റ്റ് ചെയ്തിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു ശ്രീ. പി. പി. സുലൈമാൻ റാവുത്തർ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 1948-ലും അതിനുമുമ്പും ഈ രാജ്യത്തെ പോലീസിനെ എങ്ങനെ നേരിട്ടിരിക്കുന്നുവോ അതുപോലെയാണ് എന്റെ പ്രസ്ഥാനം ഈ രാജ്യത്ത് വളർന്നു വലുതായത്. ലീഗുകാരൻ എന്നുപറഞ്ഞാൽ അവർക്ക് ജയിലറകൾ ആയിരുന്നു സ്ഥാനം. പ്രതിസന്ധികളുടേയും പ്രതിബന്ധങ്ങളുടേയും തീച്ചൂളയിൽ വളർന്നു വലുതായ ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് എന്റെ പാർട്ടി. ഒരു മുസ്ലീം എന്നുപറഞ്ഞാൽ ആ കാലഘട്ടത്തിൽ പോലീസ് അറസ്റ്റ് ചെയ്യുമായിരുന്നു. ഇവിടെ പോലീസ് നിയമത്തെക്കുറിച്ച് പറഞ്ഞു. ഒരു കുറ്റവും ചെയ്തിരുന്നില്ല. നിർഭാഗ്യകരം എന്നു പറയട്ടെ. കോൺഗ്രസിലെ അന്നത്തെ നിയുക്ത നേതാക്കന്മാർ എഴുതികൊടുത്ത ലിസ്റ്റ് അനുസരിച്ച് നിരപരാധികളായ മുസ്ലീംലീഗുകാരെ അറസ്റ്റ് ചെയ്തിരുന്ന കാലഘട്ടം 1948-ലെ സ്വതന്ത്ര ഭാരതത്തിൽ കഴിഞ്ഞു പോയിട്ടുണ്ട് ശ്രീ. പി. പി. സുലൈമാൻ റാവുത്തർ. ഞാൻ ഇവിടെ സൂചിപ്പിക്കുന്നു, അന്നും പോലീസിനെ ഉപയോഗിച്ച് എതിരാളികളെ അടിച്ചമർത്താൻ ഭരണവർഗ്ഗം ശ്രമിച്ചിട്ടുണ്ട്. ഇന്നും പോലീസിനെ ഉപയോഗിച്ചുകൊണ്ട് എതിരാളികളെ അടിച്ചമർത്താൻ ഭരണവർഗ്ഗം ശ്രമിക്കുന്നു.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ഞാൻ അങ്ങ് പറയുന്ന കാര്യങ്ങൾ നിഷേധിക്കുകയല്ല. യാഥാർത്ഥ്യങ്ങളാണ് അങ്ങ് പറയുന്നത്. അന്ന് അങ്ങനെ ലിസ്റ്റ് കൊടുത്ത് അറസ്റ്റ് ചെയ്തിരുന്നുവെങ്കിൽ, ബാബറി മസ്ജിദ് തകർത്തപ്പോൾ കേന്ദ്രത്തിൽ ഭരണത്തിലിരുന്നതും കോൺഗ്രസ്സാണ് എന്ന് അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഈ സംസ്ഥാനത്തിലെ പോലീസിന്റെ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ഇന്നത്തെ പത്രത്തിൽ വന്ന മൂന്നു കളവുകളെക്കുറിച്ച് ഓർമ്മ വരുന്നു. പോലീസ് നിർവീര്യമാണെന്ന് നമുക്ക് കാണാം. ഞാനത് സ്ഥാപിക്കാം. ഇവിടെ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും കുറ്റവാളികളെ രംഗത്തുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാനും പോലീസ് പരാജയപ്പെട്ടിട്ടുണ്ട് എന്നുള്ളതിന് തെളിവുകളുണ്ട്. മൂന്നു കുറ്റകൃത്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നുവെന്ന് ഇന്ന് പത്രത്തിൽ വാർത്തയുണ്ട്. പ്രധാനപ്പെട്ടത് കൊച്ചിയിൽ 90 കിലോ സ്വർണ്ണാഭരണങ്ങൾ മോഷ്ടിക്കപ്പെട്ടു. കേരളത്തെ സംബന്ധിച്ചിടത്തോളം അത് ഞെട്ടിപ്പിക്കുന്ന കവർച്ചയാണ്. ഏറ്റവും വലിയ കവർച്ച നടന്നത് ഞങ്ങളുടെ കാലത്താണെന്ന് ഈ ഗവൺമെന്റിന് അഭിമാനിക്കാം. ഇന്നത്തെ ദിവസംതന്നെ മലയാള മനോരമയിൽ വന്ന വാർത്തയിൽ പ്രധാനമായതാണ് വലിയ ഒരു വാണിജ്യ വ്യവസായ കേന്ദ്രമായ കൊച്ചിയിൽ നടന്നതെങ്കിൽ മറ്റൊന്ന് തമ്പാനൂർ സബ് ഇൻസ്പെക്ടറുടെ വീട്ടിൽ നടന്ന കവർച്ചയാണ്. ഇന്നലെ രാത്രി മുഖ്യമന്ത്രിക്ക് സിനിമകാണാൻ പോകാൻ അകമ്പടിക്ക് സിനിമാ ഹാളിനു മുമ്പിൽ തമ്പാനൂർ സബ് ഇൻസ്പെക്ടർ പാറാവു നിൽക്കുകയായിരുന്നു. പണ്ട് മുഖ്യമന്ത്രി ചോദിച്ചു 'എന്തിനാണ് ജനപ്രതിനിധികൾക്ക് നടക്കാൻ പോലീസ്' എന്ന്. ഇന്ന് മുഖ്യമന്ത്രിക്ക് സിനിമയ്ക്ക് പോകണമെങ്കിലും പോലീസ് കാവൽ നിൽക്കണം. ആ സന്ദർഭത്തിൽ തമ്പാനൂർ സബ് ഇൻസ്പെക്ടർ കാവൽ നിൽക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ വീട് കൊള്ള ചെയ്തു. ഇവിടെ ഹോം സെക്രട്ടറി ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ വീടും ഈ കാലഘട്ടത്തിൽ കൊള്ള ചെയ്യപ്പെട്ടു. പോലീസിന്റെ വീടുകളിൽ കൊള്ളകൾ നടക്കുന്നു. കവർച്ചകൾ നടക്കുന്നു. ഇവിടുത്തെ വ്യവസായ വാണിജ്യകേന്ദ്രങ്ങളിൽ കൊള്ളകളും കവർച്ചകളും നടക്കുന്നു. ഇതിനെല്ലാം ഉപരിയായി ഇന്നലെ എം. എൽ. എ. ഹോസ്റ്റലിൽ ബഹുമാനപ്പെട്ട സുലൈമാൻ റാവുത്തറുടെ മുറിയിലും കള്ളൻ കയറി കവർച്ച ചെയ്തു. അങ്ങയുടെ വീട്ടിൽ കവർച്ച നടന്നോ എന്ന് എനിക്കറിയില്ല. ശ്രീ. നമ്പാടൻ മാസ്റ്ററുടെ ബാഗും കവർച്ച ചെയ്തു. പോലീസ് വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല എന്നതിന് ഇതിലും വലിയ തെളിവുകൾ വേണോ ? ഞാൻ സൂചിപ്പിക്കുന്നത് നിയമനിർമ്മാണം കൊണ്ടൊന്നും ഇതൊന്നും അവസാനിപ്പി ക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല. നിയമം കർശനമായി നടപ്പാക്കണം. ഞാൻ നിയമസഭ യിൽ ഒരു ചോദ്യം മുഖ്യമന്ത്രിയോടാണ് ചോദിച്ചത്. മഞ്ചേരി ജില്ലാ ആശുപത്രിയിൽ കുഴപ്പം കാണിച്ച ആളുകൾക്കെതിരെ കേസെടുത്തി ട്ടുണ്ടോ ? അവിടെനിന്നും സാധനങ്ങൾ കൊള്ളയടിക്കപ്പെട്ടവർക്ക് എതിരെ കേസെടുത്തിട്ടുണ്ടോ ? മുഖ്യമന്ത്രി ഉത്തരം പറഞ്ഞു, കേസെടുത്തിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തു. ഞാൻ ചോദിച്ചു, കുറ്റവാളികളെ അറസ്റ്റ് ചെയ്തോ എന്ന്. മുഖ്യമന്ത്രി മറുപടി പറഞ്ഞു മഞ്ചേരി പോലീസ്സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. പ്രതികളെ തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ട് കേസ് റഫർ ചെയ്തു. ഞാൻ സൂചിപ്പിക്കുന്നത് ഇത് എന്റെ ഉദാഹരണമാണെങ്കിൽ എത്ര കവർച്ച കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യാതെയുണ്ട് ? നമ്മുടെ കുറ്റാന്വേഷണ വിഭാഗം നിർജീവമായിരിക്കുകയാണ്. പോലീസിനു വേണ്ട ട്രെയിനിംഗ്.... ഇവിടെ ജനകീയ പോലീസിനെക്കുറിച്ച് പറയുമ്പോൾ ..... കമ്മ്യൂണിറ്റി പോലീസ് എന്നത്. കമ്മ്യൂണിറ്റി എന്നുകേൾക്കുമ്പോൾ തന്നെ അതിനെ എതിർത്തവരാണ് അപ്പുറത്തിരിക്കുന്നവർ. എന്റെ സഹപ്രവർത്തകനായ മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കമ്മ്യൂണിറ്റി കോളേജ് ഇവിടെ കൊണ്ടുവന്നപ്പോൾ അപ്പുറത്തിരിക്കുന്ന ശ്രീ. ലോനപ്പൻ നമ്പാടനൊക്കെ പറഞ്ഞു അത് സാമുദായിക കോളേജാണെന്ന്. അങ്ങനെ കമ്മ്യൂണിറ്റി എന്നു

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുമ്പോൾ ഹാലിളകുന്നവർ ആണ് അപ്പുറത്തിരിക്കുന്നവർ. പക്ഷേ നിങ്ങൾ..... ഇത് കമ്മ്യൂണിറ്റി പോലീസാണോ കമ്മ്യൂണിസ്റ്റ് പോലീസാണോ. എനിക്കറിഞ്ഞുകൂടാ. ഏതായാലും കമ്മ്യൂണിറ്റി പീപ്പിൾസ് പോലീസ് Neighbourhood watch എന്നുപറയുന്ന അമേരിക്കൻ സമ്പ്രദായത്തിനെയാണ് പിൻതുടരുന്നത്. എഫ്. ബി. ഐ. എന്നുപറയുന്ന Federal Bureau of Investigation, അമേരിക്കൻ പോലീസ് മോശമാണെന്ന അഭിപ്രായം എനിക്കില്ല.

ശ്രീ. പി. വിശ്വൻ : അങ്ങേയ്ക്ക് സ്കോട്ട്ലന്റ് യാർഡ് പോലീസിനെക്കുറിച്ച് വല്ല ധാരണയുമുണ്ടോ ? സ്കോട്ട്ലന്റ് യാർഡ് പോലീസ് പറയുന്നത്, 'പൗരന്മാർ ഉടുപ്പു ധരിക്കാത്ത പോലീസുകാരാണെന്നും പോലീസുകാർ ഉടുപ്പിടാത്ത പൗരന്മാരാണെന്നും' ആണ്. അങ്ങനെയുള്ള അവരുടെ നിർവചനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : ലോകത്തുതന്നെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച പോലീസ് വിഭാഗമാണ് സ്കോട്ട്ലന്റ് യാർഡ് പോലീസ് എന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. ആ സ്കോട്ട്ലന്റ് യാർഡ് പോലീസിന്റെ ട്രെയിനിംഗുകളൊക്കെ ഇവിടെ നടക്കണമെന്നുതന്നെയാണ്. പക്ഷേ Neighbourhood Watch അമേരിക്കൻ പോലീസിന്റെ വ്യവസ്ഥിതിയാണ്. അത് നമ്മുടെ രാജ്യത്ത് എത്രത്തോളം പ്രായോഗിമാകുമെന്നതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. ഇതുപോലുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നിഷ്പക്ഷമായി കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന് പറയുകയാണ്. നമ്മുടെ രാജ്യത്തെ വിഘടന വാദത്തെയും തീവ്രവാദത്തെയുമൊക്കെ എതിർക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇവിടെ ഭേദഗതികൊണ്ടുവന്നത്. ഞങ്ങൾ ഈ ബില്ലിൽ ഏറ്റവുമധികം സന്തോഷിക്കുന്നവരാണ്. ഈ ബിൽ നിയമമാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഈ രാജ്യത്ത് ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കണം. ഈ ബില്ലിൽ ഞങ്ങൾക്ക് രണ്ടഭിപ്രായമില്ല. പക്ഷേ ആ ബിൽ നടപ്പാക്കുമ്പോൾ രാഷ്ട്രീയ വിവേചനവും രാഷ്ട്രീയ കാഴ്ചപ്പാടും അവസാനിപ്പിക്കണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതുകൊണ്ട് ഈ ബില്ലിൽ ഞാൻ സൂചിപ്പിച്ചതു പോലെ കായികപരിശീലനത്തിന് പെർമിറ്റുകൊടുക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് നിർവ്വചിക്കപ്പെടണം. അതുപോലെ സ്പോർട്സ് കൗൺസിലിന്റെയും രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ്ബുകളെയും സാംസ്കാരിക സംഘടനകളെയുമൊക്കെ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണം. മിന്നൽ പരിശോധനകൾ ഇതുപോലുള്ള സ്ഥാപനങ്ങളിൽ നടത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി : എനിക്കും എന്റെ പാർട്ടിക്കും ഈ ബില്ലിലെ ചില വ്യവസ്ഥകളോട് എതിരഭിപ്രായമുണ്ട്. എന്നാൽ ഈ ബില്ലിന്റെ സ്പിരിറ്റിനോട് ഞങ്ങൾ യോജിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. നിയമ വകുപ്പുമന്ത്രി പോയി. അദ്ദേഹം വന്നിട്ട് ഞാൻ അതിനെപ്പറ്റി പറയാം. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം 18 (എ) "Regulation of certain physical training". ഈ നിയമത്തിലെ ചില വ്യവസ്ഥകളോട് ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

എതിരഭിപ്രായമുണ്ട്. Regulation of certain physical training 18(എ) യിൽ ഒരു പുതിയ വകുപ്പുചേർക്കുന്നത് അതിന്റെ ഉൾപ്പിരിവിൽ (a) by himslef or by any person on his behalf impart training to any member or members of public in any physical activity involving methods of attack or self-defence unless he holds a permit in this behalf issued by an authority notified by the Government; ഇവിടെ ഫിസിക്കൽ ആക്റ്റിവിറ്റിയെ മുഴുവൻ ഇത് നിരോധിക്കുന്നു. ഞാൻ സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ നിയമവകുപ്പുമന്ത്രിയോട് ഈ കാര്യം ചോദിക്കുകയുണ്ടായി. ഫിസിക്കൽ ആക്ടിവിറ്റിയെ നിരോധിക്കേണ്ട കാര്യമില്ല. ഫിസിക്കൽ ആക്ടിവിറ്റിയെ നിരോധിക്കുന്നത് വാസ്തവത്തിൽ പൗരാവകാശലംഘനമാണ്. ഫിസിക്കൽ ആക്ടിവിറ്റിയെ നിരോധിക്കാതെതന്നെ ആയുധ പരിശീലനത്തെ നിരോധിക്കാം. അതിന് ഫിസിക്കൽ ആക്ടിവിറ്റി എന്നുള്ള പേരുവേണ്ട. ഫിസിക്കൽ ആക്റ്റിവിറ്റി എന്നുള്ളത് ഡിലീറ്റു ചെയ്തുകൊണ്ട് ഈ വകുപ്പു വായിച്ചാൽ നമ്മുടെ ഉദ്ദേശം സാധിക്കുന്നതാണ്.

(a) by himself or by any person on his behalf, impart training to any member or members of public involving methods of attack or self-defence.....എന്നുപറഞ്ഞാൽ മതി. ആ ഫിസിക്കൽ ആക്റ്റിവിറ്റി എന്നുള്ളത് ഉപേക്ഷിക്കുകയായിരിക്കും നല്ലത്. നമുക്ക് ആവശ്യമായിട്ടുള്ളത് ആയുധപരിശീലനത്തെ തടയുകയാണ്. Training which involves methods of attack or self-defence എന്നു ചേർത്താൽ മതി. അതുകൊണ്ട് നമ്മളുദ്ദേശിക്കുന്ന ഫലം നേടിയെടുക്കാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ കാളിപ്പാറ എസ്റ്റേറ്റിൽ സി. പി. ഐ. (എം) നടത്തുന്ന ആയുധപരിശീലനത്തെക്കുറിച്ച് പ്രസംഗിക്കുകയും സി. പി. ഐ (എം)- ന് ഇങ്ങനെ ആയുധപരിശീലനം നടത്താൻ കഴിയുമോ എന്ന് ചോദിക്കുകയും ചെയ്തപ്പോൾ ഭരണകക്ഷി ബഞ്ചുകളിൽ നിന്ന് ചീഫ് വിപ്പും ചില മെമ്പർമാരും എണീറ്റുനിന്ന് ചോദിച്ചു അവിടെ ആയുധം ഉണ്ടായിരുന്നോ എന്ന്. ഞാൻ മാർക്സിസ്റ്റ് ബഞ്ചുകളോട് ചോദിക്കുകയാണ്, ആയുധമില്ലെങ്കിൽ അങ്ങനെയുള്ള ട്രെയിനിംഗ് വേണ്ട എന്നാണോ നിങ്ങളുടെ സ്റ്റാന്റ്. അപ്പോൾ കാളിപ്പാറയിൽ ആയുധമുണ്ടായിരുന്നോ ? വെറും വടിയല്ലേ ഉണ്ടായിരുന്നത്. കാളിപ്പാറയിൽ നടന്ന ട്രെയിനിംഗിൽ ആയുധമില്ല അത് നിയമവിരുദ്ധമാണെന്നുള്ള ഉദ്ദേശമാണെങ്കിൽ നിങ്ങൾ തെളിച്ചു പറയണ്ടേ. അപ്പോൾ ആയുധമില്ലാതെ നടക്കുന്ന ട്രെയിനിംഗാണ് എങ്കിൽ ആ ട്രെയിനിംഗ് ലീഗലാണെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ അതുപോലുള്ള ട്രെയിനിംഗ് നാട്ടിൽ നടക്കണമെന്നുണ്ടെങ്കിൽ.....

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറയുന്നതിനെ ഇന്റർഫിയർ ചെയ്യുന്നതല്ല. അതിന്റെ ആവശ്യവും ഇല്ല. പലരും ആവർത്തിക്കുകയാണ്. ഏപ്രിൽ മാസം 10 -ാം തീയതി തിരുവനന്തപുരത്ത് ഡി. വൈ. എഫ്. ഐ. യുടെ ദേശീയ സമ്മേളനം നടക്കുവാൻ പോവുകയാണ്. ആ സമ്മേളനത്തിനുവേണ്ടി വാളന്റിയർമാർ വില്ലേജ് യൂണിറ്റ് തലങ്ങളിൽ ഇപ്പോൾ പരിശീലനം നടത്തിവരുകയാണ്. ആ പരിശീലനം ഇതിനകത്ത് വരുന്നതല്ല. അതിൽ സേവാദൾ വോളന്റിയർമാരുണ്ട്. കെ. എസ്. എസ്. വോളന്റിയർമാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : നിങ്ങളുടെ കേസ് തന്നെയാണ് ഞാൻ പറയുന്നത്. ഞാൻ അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുന്നു. അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുന്നു എന്നുപറഞ്ഞത്, യാതൊരു ആയുധവും ഇല്ലാതെ ഡി. വൈ. എഫ്. ഐ. കാളിപ്പാറയിൽ നടത്തുന്ന ട്രെയിനിംഗ് എന്തിന് നിരോധിക്കണമെന്നുള്ള ചോദ്യം നിങ്ങൾ ചോദിച്ചുവെങ്കിൽ അതു സംബന്ധിച്ചാണോ ഈ ബിൽ ?

ശ്രീ. എം. വി. ജയരാജൻ : ശ്രീ. കെ. എം. മാണി സമ്മതിക്കുകയാണെങ്കിൽ ഞാൻ കൊണ്ടുപോയി കാണിച്ചുതരാം.

ശ്രീ. കെ. എം. മാണി : എനിക്ക് അതിനോട് തർക്കമില്ല. ഞാൻ തർക്കത്തിലേക്ക് കടക്കുന്നില്ല. ഈ ചർച്ചയ്ക്കിടയിൽ ഭരണ കക്ഷിക്ക് ഒരു സംശയമുണ്ടായിരുന്നു. ആയുധം ഇല്ലാത്ത ട്രെയിനിംഗ് എന്തിന് ഇല്ലീഗലാക്കണം. അതു ലീഗലൈസ് ചെയ്യണ്ടേ എന്ന തർക്കം വന്നു. ഞാൻ അതിനോട് യോജിക്കുന്നുവെന്ന് അതുകൊണ്ടാണ് പറഞ്ഞത്. ഫിസിക്കൽ ആക്ടിവിറ്റി തടയുന്ന വ്യവസ്ഥ എടുത്തുകളയണമെന്ന് ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു. അതു 18 (എ) ഉൾപ്പിരിവിൽ 'physical activity'എന്നുള്ള വാക്ക് എടുത്തു കളഞ്ഞെങ്കിൽ മാത്രമേ ശരിയാകുകയുള്ളു. അല്ലെങ്കിൽ പൗരാവകാശ ധ്വംസനമായിരിക്കും. ഇവിടെ പറയുന്നതിനോട് ഞാൻ യോജിക്കുകയാണ്. അതു എടുത്തു കളഞ്ഞാൽ നമ്മുടെ ഉദ്ദേശം സാധിക്കാം, നമ്മുടെ ലക്ഷ്യത്തിൽ നമുക്ക് എത്താം. എന്താണ് ലക്ഷ്യം ? ആയുധ പരിശീലനം തടയുക എന്നുള്ളതാണ്. എങ്കിൽ impart training to any member or members of public involving methods of attack or self-defence എന്നുള്ളത് മതി. 'ഫിസിക്കൽ ആക്റ്റിവിറ്റി, എന്ന വാക്കുകൾ എടുത്തുകളയണം എന്നുള്ളതാണ് എന്റെ വിനീതമായിട്ടുള്ള അഭിപ്രായം. ശ്രീ. എം. വി. ജയരാജനു, വേണ്ടിയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : അതു വേണ്ട.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിസർവേഷൻ ഉണ്ടെങ്കിലും മുഖ്യമന്ത്രി ശരിയെന്ന് ഒരു കാര്യം പറഞ്ഞാൽ ഞാൻ സമ്മതിക്കും. ഞാൻ അനുകൂലിക്കും. മാർക്സിസ്റ്റുപാർട്ടി ശരി പറഞ്ഞാൽ ഞാൻ അനുകൂലിക്കും. അല്ലാതെ ബ്ലൈൻഡായിട്ട് അപ്പുറത്തിരിക്കുന്നവർ പറയുന്നതെല്ലാം തെറ്റാണെന്ന് പറയുകയില്ല. ഞാൻ ആ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 'ഫിസിക്കൽ ആക്ടിവിറ്റി' എന്ന വാക്കുകളിൽ നിരോധനം ഉണ്ടാകുവാൻ പാടില്ല. എല്ലാ ഫിസിക്കൽ ട്രെയിനിംഗും പെർമിറ്റ് എടുക്കുവാൻ നിർബന്ധിക്കരുത്. അഞ്ചോ ആറോ പേർ ഒന്നിച്ച് ഓടുക, ഗ്രൗണ്ടിൽ ഒരു ഫിസിക്കൽ ട്രെയിനിംഗ് നടത്തുക, മ്യൂസിയം ഗ്രൗണ്ടിൽ എം. എൽ. എ മാർ ഒരു കമ്പനിയായിട്ട് ഡ്രില്ലിംഗ് നടത്തുക, അതൊരു ഫിസിക്കൽ ട്രെയിനിംഗാണ്. ആ ഫിസിക്കൽ ട്രെയിനിംഗ് പോലും, എം. എൽ. എ. മാർ ആകണ്ട, വേറെ ആരായിരുന്നാലും ഒരു സംഘം ആളുകൾ ഏതെങ്കിലും ഒരു ഗ്രൗണ്ടിൽ ഒരു സമയത്ത് ഒരു ഫിസിക്കൽ ട്രെയിനിംഗ് നടക്കുന്നു എന്നുണ്ടെങ്കിൽ ആ ഫിസിക്കൽ ട്രെയിനിംഗിനുപോലും പെർമിറ്റ് എടുക്കേണ്ടി വരുന്ന ഗതികേട് ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുണ്ടാകുന്നു എന്നുള്ളതുകൊണ്ട് വളരെ വിനയപൂർവം ഞാൻ അഭ്യർത്ഥിക്കുകയാണ്, ആ രീതിയിൽ റീകാസ്റ്റ് ചെയ്യണം. രണ്ടാമത് ഒരു കാര്യം, ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ ഇവിടെ ഇല്ലായിരുന്നു. സെലക്ട് കമ്മിറ്റിയിൽ ഞാൻ അഭിപ്രായം പറയുകയുണ്ടായി, (എ) -യ്ക്ക് പ്രൊവൈസോ.

provided that a person imparting such training on 18th January, 2000 shall apply for and obtain a permit ..... 18th January, 2000 എന്നു പറയണ്ട. അതായത് രണ്ടായിരമാണ്ട് ജനുവരി മാസം 18-ാം തീയതി ആരെങ്കിലും ട്രെയിനിംഗ് കൊടുക്കുന്നുവെങ്കിൽ അയാൾ ഒരു പെർമിറ്റ് വാങ്ങിയിരിക്കണമെന്ന് പറയണ്ട. അതിനുപകരം ഈ നിയമം നിലവിൽ വന്ന് മൂന്നു മാസത്തിനകം പെർമിറ്റ് എടുത്തിരിക്കണം എന്ന വാക്ക് ചേർക്കുകയാണ് ഭംഗി എന്നാണ് ഞാൻ നിർദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ ലാ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുമായിട്ട് അഭിപ്രായം ചോദിച്ച ശേഷം അതു അക്സപ്റ്റ് ചെയ്യാമെന്ന് പറയുകയും അതു അക്സപ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ അച്ചടിച്ചു വന്നപ്പോൾ പഴയതുപോലെതന്നെ provided that a person imparting such training on 18th January, 2000 shall apply for and obtain a permit എന്നു പറഞ്ഞിരിക്കുന്നത് വളരെ ഭംഗികേടായിപ്പോയി. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ലാ മിനിസ്റ്ററോട് പറയുവാനുള്ളത്, ഈ നിയമം നമ്മൾ പാസ്സാക്കുമ്പോൾ ആ നിയമം ഭംഗിയായിരിക്കണം. അതിനു പ്രോപ്പറായിട്ടുള്ള വാക്കുകളാണ് ചേർക്കേണ്ടത്. within three months from the commencement of this Act എന്നുപറഞ്ഞാൽ മതി എന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ നിയമം നടപ്പിലാക്കുന്നത് റെട്രോസ്പെക്ടീവായിട്ടാണ്. അതായത് ജനുവരി മാസം 18-ാം തീയതി മുതൽ പൂർവകാല പ്രാബല്യത്തോടുകൂടിയാണ് ഈ നിയമം നടപ്പിലാക്കുവാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ വീണ്ടും ജനുവരി മാസം 18-ാം തീയതി ട്രെയിനിംഗ് നടത്തുവാൻ പെർമിറ്റ് എടുത്തിരിക്കണമെന്ന് പറയണ്ടേ ; റിപ്പീറ്റ് ചെയ്യേണ്ട കാര്യമില്ല. ഈ നിയമം നടപ്പിലാക്കി കഴിഞ്ഞ് എന്നുള്ള വാക്ക് ചേർത്ത് അതു റീകാസ്റ്റ് ചെയ്യണം എന്നുള്ളതാണ് മറ്റൊരു നിർദ്ദേശമായി എനിക്ക് പറയാനുള്ളത്. പെർമിറ്റിനെ സംബന്ധിച്ചിടത്തോളം പെർമിറ്റ് ഇഷ്യൂ ചെയ്യുന്ന അതോറിറ്റിയെ സംബന്ധിച്ച് നമുക്ക് എന്തുകൊണ്ട് നിയമത്തിൽ പറയുവാൻ കഴിയുന്നില്ല. അത് ഒളിച്ചു വയ്ക്കേണ്ടതില്ല. പെർമിറ്റ് കൊടുക്കുവാൻ നിയോഗിക്കുന്ന അതോറിറ്റി റൂളിനകത്ത് പറയും, അത് നോട്ടിഫൈ ചെയ്യുമെന്ന് എന്തിനാണ് പറയുന്നത് ; ഇതിനകത്തുതന്നെ പറയണം. ഇത് പൗരാവകാശത്തെ നിയന്ത്രിക്കുന്ന ഒരു കാര്യമായതുകൊണ്ട്, എക്സ്ട്രാ ഓർഡിനറി ആയിട്ടുള്ള ഒരു സ്റ്റെപ്പായതുകൊണ്ട് തീർച്ചയായും അതിന്റെ അതോറിറ്റി ഒരു ഉന്നതനായ ഓഫീസർ ആയിരിക്കണം. അല്ലാതെ ഹെഡ് കോൺസ്റ്റബിളോ, ഒരു സബ് ഇൻസ്പെക്ടറോ ആയിരിക്കുവാൻ പാടില്ല. ശ്രീ. ജി. കാർത്തികേയന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ജില്ലാ കളക്ടറെ അതോറിറ്റിയാക്കി നിയമത്തിനകത്ത് പറയണം. അല്ലാതെ റൂളിനകത്ത് കൊണ്ടുവരാനല്ല. റൂളിനകത്ത് പറയാതെ നിയമത്തിനകത്ത് ഇതിനു പെർമിറ്റു കൊടുക്കുന്ന അതോറിറ്റി ജില്ലാ മജിസ്ട്രേട്ട് ആയിരിക്കണമെന്ന് പറഞ്ഞാൽ ഒന്നുകൂടി റീസണബിളായിട്ട് തോന്നുന്നു. അതുകൊണ്ടാണ് ഇത് എടുത്തുപറയണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം എനിക്ക് വയ്ക്കാനുണ്ട്. അതുപോലെ പോലീസ് കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ, ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ, ജനകീയ പോലീസിന് വിട്ടുകൊടുത്തിട്ട് വല്ല കാര്യവുമുണ്ടോ ? ഞാൻ അതാണ് മുൻപ് ഒരു ചോദ്യം ചോദിച്ചത്. ഇപ്പോൾ ഡ്രില്ലിംഗ് നടക്കുന്നുണ്ടോ ? ജനകീയ പോലീസിന്, പോലീസ് കൈകാര്യം ചെയ്യേണ്ട വകുപ്പുകളെല്ലാം വിട്ടുകൊടുക്കരുത്. സി. ആർ. പി. സി. യിൽ പറയുന്ന കാര്യം അങ്ങനെ എടുക്കുകയില്ല. സി. ആർ. പി. സി. യിൽ ജനങ്ങൾക്ക് കൊടുത്തിരിക്കുന്ന ചില ചുമതലകൾ നിങ്ങൾ സമ്മതിക്കുകയും സി. ആർ. പി. സി. യിൽ പറയാത്ത കാര്യങ്ങൾ നിങ്ങൾ എടുക്കുകയും ചെയ്യുന്നു. ഇത് എവിടെ നീതീകരിക്കുവാൻ കഴിയും ? ഇവിടെ ലാ ആന്റ് ഓർഡറിന്റെ മെയിന്റനൻസ് എന്നുപറഞ്ഞത്, purely it is the responsibility of the police. അത് ജനകീയ പോലീസിനെ ഏൽപ്പിക്കുവാൻ പറ്റുകയില്ല. ഇവിടത്തെ ക്രമസമാധാനം എന്നത് ജനകീയ പോലീസിനെ ഏൽപ്പിക്കുവാൻ പറ്റുകയില്ല. ക്രമസമാധാനം ജനകീയ പോലീസിനെ ഏൽപ്പിച്ചിരിക്കുന്നു. ഇന്നലെ ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്ത ജനകീയ പോലീസിന്റെ ഡ്രാഫ്റ്റിനകത്ത് Organisation of patrolling for prevention of thefts. പെട്രോളിംഗ് എന്നുപറയുന്നത് മോഷണങ്ങൾ തടയുവാൻ വേണ്ടിയുള്ള പട്രോളിംഗാണ്. പോലീസ് ആക്ട് അനുസരിച്ച് പട്രോളിംഗ് പോലീസിന്റെ ചുമതലയാണ്. പട്രോളിംഗിന് വേറെ ഒരാളെ നമ്മൾ ചുതലപ്പെടുത്തുകയില്ല. പീപ്പിൾസ് പോലീസ് സ്കീമിൽ, 18-ാമത്തെ ഐറ്റമായിട്ട് പറഞ്ഞിരിക്കുന്നത് Organisation of volunteer forces for control and maintenance of order in local festivals and fairs.

ശ്രീ. ജി. സുധാകരൻ : അല്ല പോലീസുതന്നെയാണ് ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി : അല്ല, അങ്ങനെ ആണെങ്കിൽ പോലീസ് എന്ന് പറയേണ്ട കാര്യം ഇല്ലല്ലോ ; ഇതിനായിട്ട് നിങ്ങൾ ജനകീയ പോലീസിനെ രൂപീകരിക്കുകയാണ്. നിങ്ങൾക്ക് ശിങ്കിടി പാടുന്ന ഒരു ഹെഡ് കോൺസ്റ്റബിളിനെ കൺവീനറായി വച്ചുകൊണ്ട് അവർക്ക് ട്രെയിനിംഗ് കൊടുത്ത് ഒരു വാർഡിലെ ജനങ്ങൾ മുഴുവൻ കമ്മിറ്റിക്കാരാണെന്ന് പറഞ്ഞ് ഇനി ഒരു കമ്മിറ്റിയെ നിങ്ങൾ നോമിനേറ്റ് ചെയ്ത്, ഇതിന് എന്തെങ്കിലും നിയമം ഉണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ആ ബില്ല് വരുമ്പോൾ ചർച്ച ചെയ്യാം.

ശ്രീ. കെ. എം. മാണി : അതാണ് പറഞ്ഞത്. ഇതിൽ ഒരു നിയമം ഇല്ല. നിയമം ഉണ്ടെങ്കിൽ ബില്ലായിട്ട് കൊണ്ടുവരാം. ബില്ലായിട്ട് കൊണ്ടുവന്നിട്ട് ചർച്ച ചെയ്യാം. നമ്മൾ നിൽക്കുന്നത് ഏത് ലോകത്താണ് ? എന്താണ് ജനകീയ പോലീസ് ? ഹെഡ് കോൺസ്റ്റബിൾ കൺവീനറായി ട്രെയിനിംഗ് കൊടുക്കുകയാണ്. ഇതിന്റെ കമ്മിറ്റിക്കാരായി വരുന്നവർ ആരാണ് ? അതുകൊണ്ട് ജനകീയ പോലീസിനെ സംബന്ധിച്ചിടത്തോളം Organisation of volunteer forces for control and maintenance of order in local festivals and fairs. അതു ലോക്കൽ പോലീസിന് കൊടുക്കുവാൻ പറ്റുകയില്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇത് പ്രോജക്ട് ഡ്രാഫ്റ്റ് ഡോക്യുമെന്റാണ്. അത് അങ്ങേയ്ക്ക് അയച്ചുതന്നിട്ടുണ്ട്. എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിക്കാരുടെ നേതാക്കന്മാർക്കും ചീഫ് മിനിസ്റ്റർ കത്തെഴുതി എൻക്ലോസ് ചെയ്ത് അയച്ചിട്ടുണ്ട്. അങ്ങേയ്ക്ക് എന്തെല്ലാം സജഷൻസ് ഉണ്ടോ ആ സജഷൻസ് മുഴുവനും ഇതിൽ ഉൾപ്പെടുത്താമല്ലോ ; നിർദ്ദേശിക്കാം. അത് ഭംഗിയാക്കാം. But taking the police to the people and people to the police. അതിനു ജനങ്ങളുടെ പബ്ലിക് സർവന്റ്സ് ആണെന്ന ബോധം അവർക്ക് ഉണ്ടാക്കുന്നതിൽ എന്തെങ്കിലും എതിരുണ്ടോ ?

ശ്രീ. കെ. എം. മാണി : നിങ്ങൾക്കൊരു പ്രൊപ്രൈറ്റിയുണ്ടായിരുന്നുവെങ്കിൽ നിങ്ങളിതു നിയമസഭയിൽ ചർച്ച ചെയ്യുമായിരുന്നു. I have given notice for a 130 motion sir. നിയമസഭയിലെ 140 എം. എൽ. എ. മാരും നിങ്ങൾക്ക് രഹസ്യമായി എഴുതി അയയ്ക്കുക, ആ 140 എം. എൽ. എ. മാരുടെയും കത്ത് നിങ്ങൾ വായിക്കുക എന്നിട്ട് നിങ്ങൾക്ക് ഇഷ്ടമുള്ളത് എടുക്കുക.....

മി. ഡെപ്യൂട്ടി സ്പീക്കർ : അജണ്ടയിലില്ലാത്ത കാര്യത്തെക്കുറിച്ച് സംസാരിക്കരുത്...

ശ്രീ. കെ. എം. മാണി : 140 എം. എൽ. എ. മാരോടും രഹസ്യമായിട്ട് ചോദിച്ച് അവരുടെ കത്തുവരുത്തി നിങ്ങൾ ഇതു ചെയ്യുന്നതിന് പകരം ഓപ്പണായി കേരള നിയമസഭയിൽ ചർച്ച ചെയ്യണം. ജനകീയ പോലീസ് എന്നു പറയുന്നത്, ക്രിമിനൽ പ്രൊസീഡുവർ കോഡനുസരിച്ച് പോലീസിൽ നിക്ഷിപ്തമായിരിക്കുന്ന അവകാശങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി നിങ്ങളൊരു പാരലൽ പോലീസ് സേനയെ രൂപീകരിക്കുന്നുവെങ്കിൽ അതു നിയമത്തിന്റെ മുന്നിൽ നിലനിൽക്കുകയില്ല. അതു ഭരണഘടനാവിരുദ്ധമാണ്. നിയമത്തിന്റെ മുന്നിൽ നിലനിൽക്കാൻ പോകുന്നില്ല. നിങ്ങൾക്ക് ഇങ്ങനെ പാരലൽ സേന വേണമെന്നുള്ള ആഗ്രഹം വളരെ തെറ്റാണ്. അതു ചെയ്യരുത് .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ബിൽ വായിച്ച് കാര്യം പറഞ്ഞാൽ മതി.

ശ്രീ. കെ. എം. മാണി : ഏതു ബിൽ ? അതാണ് പറഞ്ഞത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നമ്മൾ വളരെയധികം അധികാരങ്ങൾ .....

ശ്രീ. ഇ. കെ. നായനാർ : ഇതു ഭ്രാന്താണോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ കേട്ടില്ല.

ശ്രീ. ഇ. കെ. നായനാർ : ശ്രീ. മാണി പറയുന്നത് ഭ്രാന്താണോ ? ബില്ലിനെപ്പറ്റി പറയൂ. ബിൽ ആണ് വേണ്ടത് .....(ബഹളം).....

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രായംകൊണ്ട് പല കാര്യങ്ങളും ഞങ്ങളൊക്കെ ക്ഷമിക്കുന്നു എങ്കിലും എന്തും പറയാനുള്ള ലൈസൻസില്ല. അധികാരമത്തുപിടിച്ചാൽ.....

ശ്രീ. ടി. എം. ജേക്കബ് : സർ, ചങ്ങലയ്ക്കു ഭ്രാന്തു പിടിച്ചാൽ എന്തു ചെയ്യും ..... (ബഹളം)..... മനുഷ്യനു ഭ്രാന്തു പിടിച്ചാൽ ചങ്ങലയ്ക്കിടാം. ചങ്ങലയ്ക്ക് ഭ്രാന്തു പിടിച്ചാൽ എന്തു ചെയ്യും .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഞങ്ങളൊക്കെ പത്തു-മുപ്പത്തിയഞ്ചു വർഷക്കാലമായി ഈ ഫ്ളോറിൽ വന്നിട്ടുള്ള എം. എൽ. എ. മാരാണ്. ഞങ്ങളെ മുഖ്യമന്ത്രി പഠിപ്പിക്കേണ്ട... (ബഹളം) ..... മുഖ്യമന്ത്രി പഠിപ്പിക്കേണ്ട. എനിക്കറിയാം .....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : ഇതു ശരിയല്ല. മുഖ്യമന്ത്രിക്ക് എന്തും പറയാമോ ? അതു സാധ്യമല്ല. ഇതു വെള്ളരിക്കാപട്ടണമാണോ ? .....(ബഹളം)..... മുഖ്യമന്ത്രിയ്ക്ക് എന്തും പറയാമോ ? ആർക്കാണ് ഭ്രാന്ത്. അങ്ങേയ്ക്കാണ് ഭ്രാന്ത് ? ഭ്രാന്ത് ആർക്കാണ്? ഞങ്ങൾക്ക് ഭ്രാന്തില്ല. ഭ്രാന്ത് നിങ്ങൾക്കാണ് ..... (ബഹളം).....

ശ്രീ. കെ. എം. മാണി : ഞാനൊരു കാര്യം പറയാം.

ശ്രീ. ഇ. കെ നായനാർ : ഞാൻ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു പിൻവലിച്ചു. ഞാൻ ആ പദം പിൻവലിച്ചു.

ശ്രീ. കെ. എം. മാണി : എന്റെ ലിമിറ്റഡായിട്ടുള്ള പാർലമെന്ററി എക്സ്പീരിയൻസ് വച്ചു ഞാൻ പറയുകയാണ്, പോലീസ് (ഭേദഗതി) ബില്ലിന്റെ ചർച്ചാവേളയിൽ ഗവൺമെന്റിന്റെ പോലീസ് നയത്തെ വിമർശിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. നിങ്ങളുടെ പോലീസ് നയം ഇവിടത്തെ വ്യവസ്ഥാപിതമായ പോലീസ്സേനയ്ക്കു സമാന്തരമായി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ആസൂത്രണം ചെയ്യുന്ന പാരലൽ പോലീസ് ഫോഴ്സ് ഈ നാടിനെ സംബന്ധിച്ചിടത്തോളം അപകടകരമാണ്. അതു സമ്മതിച്ചുകൊടുക്കുന്ന പ്രശ്നമില്ല. ഈ നിയമസഭയിൽ ചർച്ച ചെയ്ത് നിയമസഭയുടെ മാൻഡേറ്റ് വാങ്ങാത്തിടത്തോളംകാലം അപ്രകാരമുള്ള ഒരു സ്കീം കേരളത്തിൽ നടപ്പിലാക്കുന്നതിനോട് ഞങ്ങൾക്കു യോജിപ്പില്ല. ജനങ്ങൾക്കു യോജിപ്പില്ല. ഈ ബില്ലിൽ ഞാൻ ആദ്യം നിർദ്ദേശിച്ച ചില വ്യവസ്ഥകൾ ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ സ്വീകരിച്ചുകൊണ്ട് ഈ ബിൽ ഒന്നുകൂടി മെച്ചപ്പെടുത്തണമെന്നുമാത്രം നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ദീർഘമായ മറുപടിക്കൊന്നും ഞാൻ മുതിരുന്നില്ല. സെക്കന്റ് റീഡിംഗിൽ ഇതിന്റെ സ്ക്കോപ്പ് പരിണിതപ്രജ്ഞനായ ശ്രീ. കെ. എം. മാണിക്കൊക്കെ അറിയാവുന്നതാണ്. അതിന്റെ സ്ക്കോപ്പ് വളരെ ലിമിറ്റഡാണ്. നിങ്ങളുടെ പ്രമേയത്തിൽ പറയുന്നതുപോലെ, 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്നോ, അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ ജസ്റ്റിഫൈ ചെയ്താണ് പറയേണ്ടത്. ഇവിടെ ബില്ലിന്റെ കാര്യത്തിൽ എല്ലാവരുടെ പ്രസംഗത്തിലും കണ്ടത്, ബേസിക്കായിട്ട് ബില്ലിനോട് ആർക്കും വിയോജിപ്പില്ല. ബില്ലിന്റെ കൺസെപ്റ്റിനോട് വിയോജിപ്പില്ല. ഇവിടെ ഒരു കുഴപ്പമുള്ളത്, നിയമവും ഇംപ്ലിമെന്റേഷനും രണ്ടാണ്. നമ്മളിപ്പോൾ നിയമമാണ് ഡിസ്ക്കസ് ചെയ്യുന്നത്. നിങ്ങളുടെ ഇംപ്ലിമെന്റേഷനിൽ അപ്രിഹെൻഷനായി പറയുന്നത് എന്താണ് ? അതെന്തെങ്കിലും പറയേണ്ടത് മൂന്നാം വായനയിലാണ്. അങ്ങനെയാണ് ഞാൻ

പഠിച്ചിരിക്കുന്നത്. ഇവിടെ നടന്ന ഡിസ്ക്കഷനിൽ നിന്നു മനസിലാകുന്നത് ചെറിയ ചില ഭേദഗതികളോടുകൂടി എല്ലാവരും ഈ നിയമത്തെ അംഗീകരിക്കുന്നു എന്നതാണ്. മൂന്നാംവായനയിൽ പറയേണ്ട കാര്യങ്ങളാണ് രണ്ടാം വായനയിൽ പറഞ്ഞത്.

ശ്രീ. കെ. എം. മാണി : റൂൾ 80 അനുസരിച്ച് നമുക്കു ആൾട്ടർനേറ്റീവ് സജഷൻസ് വയ്ക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : റൂൾ 80 അനുസരിച്ചുള്ള സ്ക്കോപ്പ് എന്താണെന്നു വച്ചാൽ റെസല്യൂഷൻ മൂവ് ചെയ്തിട്ടുണ്ട്. ഇത് വീണ്ടും സബ്ജക്ട് കമ്മിറ്റിക്കയക്കണമെന്നോ സെലക്ട് കമ്മിറ്റിക്കയക്കണമെന്നോ ഉള്ള ജസ്റ്റിഫിക്കേഷനാണ് പറയേണ്ടത്. അതിനുപകരം പറയുന്നത് ഇംപ്ലിമെന്റേഷൻ വരുമ്പോൾ മാർക്സിസ്റ്റു പാർട്ടി എന്തു ചെയ്യും, പോലീസ് എന്തു ചെയ്യും എന്നൊക്കെയാണ്. ഒരു നിയമത്തെ വീക്ഷിക്കുമ്പോൾ അപ്പോഴപ്പോഴുള്ള ഭരണ കക്ഷികളെ മാത്രം നോക്കിയാൽ പോരാ. നിയമം ശാശ്വതമായിട്ടുള്ളതാണ്. കക്ഷികൾ മാറിമാറി വരും. കക്ഷികൾ മാറിമാറിവന്നാലും ഒന്നാമത്തെ ക്വസ്റ്റ്യനെന്നു പറയുന്നത് ഇങ്ങനെയൊരു നിയമം ആവശ്യമുണ്ടോ എന്നതാണ്. ആവശ്യമുണ്ടെന്ന് എല്ലാവരും പറയുന്നു.

ശ്രീ. ജി. കാർത്തികേയൻ : അതുകൊണ്ടാണ് നിയമം ആവശ്യമുണ്ടെന്ന് സമ്മതിച്ചത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്റെ ആർഗ്യൂമെന്റ് കംപ്ലീറ്റ് ചെയ്യട്ടെ. ഈ നിയമം ആവശ്യമുണ്ടോ എന്നതാണ് ക്വസ്റ്റ്യൻ. അത് എല്ലാവരും അംഗീകരിക്കുന്നു. പിന്നെയുള്ളത് ടെക്നിക്കലായിട്ട് ഇതിനകത്ത് എന്തെങ്കിലുമുണ്ടോ എന്നുള്ളതാണ്. ടെക്നിക്കലായിട്ടുള്ള ഒരു കാര്യം ശ്രീ. കെ. എം. മാണി പറഞ്ഞത് ഡേറ്റിന്റെ കാര്യത്തിൽ നമ്മൾ അമന്റുമെന്റെല്ലാം സ്വീകരിച്ചു എന്നാണ്. സ്വീകരിച്ചില്ല. ലാ ഡിപ്പാർട്ടുമെന്റിന് റഫർ ചെയ്യട്ടെ, വാസ്തവത്തിൽ കൺസീലിയേറ്ററായിട്ടുള്ള ഒരു ആറ്റിറ്റ്യൂഡാണ്.

ശ്രീ. ടി. എം. ജേക്കബ് : ഇതൊരു തർക്കവിഷയമാക്കേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : തർക്കവിഷയമാക്കേണ്ട. അഥവാ കൺസീലിയേറ്ററാണെങ്കിലും ലീഗലായിട്ടു നോക്കുമ്പോൾ പറ്റുന്നതല്ലെന്നുണ്ടെങ്കിൽ അതു ചെയിഞ്ചു ചെയ്യേണ്ടിവരും. ഒരു നിയമനിർമ്മാണമുണ്ടാക്കിയാൽ ആ നിയമം ശാശ്വതമാണെന്നല്ലേ വയ്ക്കുന്നത്. മന്ത്രിസഭകൾ മാറിമാറി വരും. ഇവിടെ വന്ന ക്രിട്ടിസിസം എന്താണ് ? പോലീസ് വകുപ്പിനെക്കുറിച്ചുള്ള ഡിമാന്റിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ് ഇവിടെ വന്നത്. സാധാരണ മൂന്നാംവായനയിൽ എങ്ങനെ ആക്ട് ഇംപ്ലിമെന്റ് ചെയ്യണമെന്നതിനെക്കുറിച്ച് ചില ചർച്ചകൾ വരും. ഇതേ വരെയുള്ള ചർച്ച അതായിരുന്നു. ബില്ലിന്റെ കാര്യത്തിൽ നമ്മൾ തമ്മിൽ തർക്കവിഷയമില്ലാത്തതുകൊണ്ട് രണ്ടാം വായനയിൽ കൂടുതലായി യാതൊന്നും എനിക്കു പറയാനില്ല. ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിലേക്ക് പോകാമെന്നാണ് എനിക്കു പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് ഒരു റിവ്യൂ നമ്മൾ നടത്തിയിരുന്നു. ആ റിവ്യൂ കമ്മിറ്റിയുടെ ചെയർമാൻ കൂടിയായിരുന്നു ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി. 1980-ൽ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റിയിലും ചെയർമാൻ അദ്ദേഹം തന്നെയായിരുന്നു. ഇപ്പോഴത്തെ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സഭയ്ക്ക് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് സഭയുടെ പരിഗണനയ്ക്ക് വന്നു. ആ കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള ശുപാർശകളിൽ പ്രധാനപ്പെട്ടത് ബില്ലുകളുടെ ചർച്ചയെ സംബന്ധിച്ചുള്ളതാണ്. ഉദാഹരണത്തിന് ഇപ്പോൾ നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന ബിസിനസിനെ സംബന്ധിച്ചും പറയുന്നുണ്ട്. അതിൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ്, കെ. എം. മാണി, പി. കെ. കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ അംഗങ്ങളാണ്. ആ റെക്കമെന്റേഷനെന്നു പറയുന്നത് ബില്ലിന്റെ ചർച്ചയിൽ ഒന്നാം വായനയിൽ പൊതു ചർച്ച ഫലപ്രദമായിട്ട് നടത്തുക, രണ്ടാം വായനയിൽ വകുപ്പു തിരിച്ചുള്ള പരിഗണന മാത്രം നടത്തുക, പിന്നെ ഇംപ്ലിമെന്റേഷന്റെ കാര്യം മൂന്നാംവായനയിൽ പറയുക. അപ്പോൾ ഡിസ്ക്ഷനില്ല. പിന്നെ ഡിസെന്റിന്റെ ക്വസ്റ്റിനും ഭേദഗതികളുടെ ക്വസ്റ്റ്യനുമുണ്ട്. അതു നമ്മൾ ഒഴിവാക്കുന്നില്ല. അതൊഴിവാക്കാതെ ഡിസന്റ് കൊടുത്തവർക്ക് രണ്ടു ചോദ്യം ചോദിക്കാം. അതിനു ഫലപ്രദമായി ആൻസർ ചെയ്യുക, അതാണ് ഒരു ഹെൽത്തി ഡിസ്ക്ഷനെന്നു പറയുന്നത്. അതാണ് ലെജിസ്ലേഷന്റെ ഒരു ഹെൽത്തി പാർട്ട് എന്നു പറയുന്നത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ആ സജഷൻ കൊണ്ടുവന്നത് ശ്രീ. ടി. എം. ജേക്കബാണ്. അത് ഞാനും അക്സെപ്റ്റു ചെയ്യുന്നു.

മി. സ്പീക്കർ : എന്നിട്ട് നമ്മൾ തന്നെയാണ് ഇത് ബോധപൂർവം വയലേറ്റുചെയ്യുന്നതും.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് വാലിഡ് ആയി ഒരു കാര്യം പറഞ്ഞു, സെക്കന്റ് റീഡിംഗിൽ ഡിസെന്റിംഗ് വന്നാലും, ശരി പ്രസംഗം വേണ്ട എന്നാൽ രണ്ടേ രണ്ടു ചോദ്യം, ചോദ്യം ചോദിച്ചാൽ ആ ചോദ്യത്തിന് മറുപടി പറയുന്നത് ട്രഷറി ബഞ്ചായിരിക്കണം. അരിയെത്ര എന്നു ചോദിച്ചാൽ പയറഞ്ഞാഴി എന്ന് പറഞ്ഞാൽ അത് ശരിയല്ല.

മി. സ്പീക്കർ : ഞാൻ പറഞ്ഞത് അതല്ല. ഇന്നല്ലെങ്കിൽ നാളെ ഈ സഭയിൽ തന്നെ നാം വരുത്തേണ്ട ഒരു മാറ്റത്തെ സംബന്ധിച്ചാണ് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ആ കമ്മിറ്റിയുടെ എല്ലാ മീറ്റിംഗിലും പങ്കെടുത്ത ആളാണ്. സബ്ജക്ട് കമ്മിറ്റി പ്രവർത്തനത്തെ സംബന്ധിച്ച് ഒരു ശരിയായ ധാരണ നമുക്കുണ്ടാകേണ്ടത് ആവശ്യമാണ്. അത് പൊതുവായി ഉണ്ടാകേണ്ട ഒരു കാര്യമാണ്. ഞാൻ ഇവിടെ കൊണ്ടുവന്നത് സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. അത് ഇംപ്ലിമെന്റുചെയ്യാൻ എല്ലാവരുമായി ആലോചിക്കാം.

മി. സ്പീക്കർ : അതുസംബന്ധിച്ച് നമ്മുടെ ഉന്നത ലീഡേഴ്സ് മീറ്റിംഗ് കൂടി. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമുൾപ്പെടെയുള്ളവരുമായി ആലോചിച്ച് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri Palode Ravi : Sir, I move the following amendments.

(110) In item (a) of sub-section (1) of section 18 A of the principal Act proposed to be inserted by clause 2 after the words "impart training" add the words "other than drill intended for exercise."

(120) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 for the words "an authority notified by the government" substitute the words "the Additional District Magistrate."

(136) After item (b) of section 18 A (1) of the principal Act proposed to be inserted by clause 2 add the following proviso.

LIBRARY ARCHIVES Kerala Legislative Assembly

"provided that if the person imparting such training misrepresents to the satisfaction of others that he has acquired permit for imparting such training and if the premises is given for such training or if any, person participates in such training on the strength of such misrepresentation such of those who gave permission to use the premises for imparting such training or as the case may be, who participated in such training shall not be liable for any legal consequences arising there from."

(138) In the first proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 for the words "on 18th January, 2000" substitute the words "on the date of commencement of this Act."

(144) In item (1) of the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 after the words "as part of the curriculum or course of study" insert the words "or unaided schools preparing students for a course of study and a qualifying examination as approved by the Government of Kerala or All India Council of Secondary Education, Central Board of Secondary Education."

(152) In the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 add the following as item (iii)

"(iii) a health club run by a star hotel situated in a tourist centre."

(157) In sub-section (2) of section 18A of the principal Act proposed to be inserted by clause 2 add the following at the end "by rules made under section 69."

(160) In sub-section (3) of section 18A proposed to be inserted by clause 2, the words "sub-inspector" shall be substitued by the words "Deputy Superintendent of Police."

(177) In sub-section (1) of section 18 B of the principal Act proposed to be inserted by clause 2 for the words "the authority notified under sub-section (1) of section 18A may", substitute the words "The Additional District magistrate may."

(179) In item (b) of sub-section (1) of section 18B of the principal Act proposed to be inserted by clause 2 delete the words "express or implied."

LIBRARY ARCHIVES Kerala Legislative Assembly

(180) In item (c) of sub-section (1) of section 18 B of the principal Act proposed to be inserted by clause 2 delete the words "punishable under this Act for any offence."

110-ാം നമ്പർ ഭേദഗതിയിൽ ഞാൻ പ്രധാനമായും ഉദ്ദേശിക്കുന്നത് a sound mind in a sound body എന്നാണ്. ശാരീരികമായ ആരോഗ്യകരമായ എക്സർസൈസാണെങ്കിൽ അത് ഇതിൽ നിന്നും ഒഴിവാക്കണമെന്നാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. അത് അംഗീകരിക്കാൻ കഴിയുമെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം, അതുകൊണ്ട് മന്ത്രി അതംഗീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എന്റെ 120-ാമത്തെ ഭേദഗതി In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 for the words "an authority notified by the Government" ..... an authority notified by the Government substitute the words ; "the Additional District Magistrate" - ഞാൻ കളക്ടർ എന്നു പറയുന്നില്ല. ഒരു പോലീസ് ഉദ്യോഗസ്ഥൻ പരിശോധിച്ചു കഴിഞ്ഞാൽ ഇതിന്റെ പെർമിറ്റ് ആരുകൊടുക്കും ? പെർമിറ്റിനെ സംബന്ധിച്ച് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് "an authority notified by the Government" എന്നാണ്. "an authority notified by the Government" എന്നുള്ളത് "the Additional District Magistrate"എന്നാക്കണം. ഇത് റദ്ദു ചെയ്യുന്നതിനും പെർമിറ്റ് കൊടുക്കുന്നതിനുമുള്ള അധികാരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റ ശുപാർശയോടുകൂടി ആയിക്കൊള്ളട്ടെ. പോലീസ് സൂപ്രണ്ടിന്റെയോ ഡെപ്യൂട്ടി സൂപ്രണ്ടിന്റെയോ സബ് ഇൻസ്പെക്ടറുടെയോ ആരുടെയും ശുപാർശയോടുകൂടി പെർമിറ്റ് കൊടുക്കാനുള്ള അധികാരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൽ നിക്ഷിപ്തമായിരിക്കണമെന്നുള്ളതാണ് എന്റെ 120-ാമത്തെ ഭേദഗതി. അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ 136-ാമത്തെ ഭേദഗതിയിൽ After item (b) of section 18A (1) of the principal Act proposed to be inserted by clause 2 add the following proviso : ഒരു പുതിയ പ്രൊവിസോ കൂട്ടിച്ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിൽ ഞാൻ പറഞ്ഞിരിക്കുന്നത് ട്രെയിനിംഗ് നടത്താൻ പെർമിറ്റില്ലാത്തവർക്ക് അതിനുവേണ്ടി ഭൂമി കൊടുക്കാൻ പാടില്ല. അതുപോലെത്തന്നെ പെർമിറ്റില്ലാത്തവർക്ക് കൊടുക്കുന്ന ട്രെയിനിംഗിൽ അയാൾ പങ്കെടുക്കാൻ പാടില്ല. എന്തെല്ലാം തട്ടിപ്പാണ് ഇവിടെ നടക്കുന്നത് ? ഏതെങ്കിലും രണ്ടുദ്യോഗസ്ഥന്മാരുടെ തോളിൽ കൈയിട്ട് എടുക്കുന്ന ഫോട്ടോയോ അല്ലെങ്കിൽ കല്യാണ ഫോട്ടോയോ എടുത്തുകാണിച്ച് പെർമിറ്റുണ്ടെന്ന് ആയിരക്കണക്കിനാളുകളെ പറഞ്ഞ് കബളിപ്പിച്ച് കൊണ്ടുവന്ന് ട്രെയിനിംഗ് നടത്തുമ്പോൾ ആ ട്രെയിനിംഗിൽ കബളിപ്പിക്കപ്പെടുന്നവർ ശിക്ഷിക്കാൻ പാടില്ല, അതാണ് എന്റെ പ്രധാനപ്പെട്ട ഭേദഗതി. ധാരാളം ആളുകളെ നല്ല ട്രെയിനിംഗ് തരാമെന്നുപറഞ്ഞ് വിളിച്ചുകൊണ്ടുപോയി കബളിപ്പിക്കുന്നുണ്ട്. അങ്ങനെ കബളിപ്പിക്കപ്പെടുന്നവരെ ശിക്ഷിക്കാൻ പാടില്ല. അതാണ് എന്റെ 136-ാം നമ്പർ ഭേദഗതി. 138-ാം നമ്പർ ഭേദഗതി എന്നുമുതൽ ഈ ആക്ട് നിലവിൽ വരുമെന്നുള്ള താണ്. At the commencement of this Act. ഇതിനകത്ത് വരുന്നത് ഓർഡിനൻസ് ഡേറ്റ് ആണ്. ഒരു ഓർഡിനൻസ് ഈ സഭയിൽ ചർച്ച ചെയ്ത് നിയമമാകുമ്പോൾ മാത്രമേ ഈ സഭയുടെ സ്പിരിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആ നിയമം ഉൾക്കൊള്ളൂ. ഓർഡിനൻസിൽ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പല ഭേദഗതികളും വരും. ആ ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് നിയമം പാസാകുമ്പോഴാണ് പൂർണ്ണമായും ഈ സഭയുടെ വികാരം ഈ ബിൽ ഉൾക്കൊള്ളുന്നത്, കാരണം ഇത് നിയമസഭയാണല്ലോ. അതുകൊണ്ട് മുൻകാല പ്രാബല്യം കൊടുക്കാതെ, ഈ ബിൽ പാസാകുന്ന മുറയ്ക്ക് ഇതിന് അംഗീകാരം നൽകണമെന്നാണ് എന്റെ ഈ ഭേദഗതിയിലൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എന്റെ 144-ാം ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അങ്ങ് ശ്രദ്ധിക്കണം. ഞങ്ങൾക്ക് തന്നിരിക്കുന്ന നിയമത്തിൽ provided further that the provisions of this sub-section shall not apply to any training imparted by — an educational institution or controlled by the Government — എന്നാണ്. അതിൽ ഏതാണ് ഒഴിവാക്കിയിരിക്കുന്നത് ? ഒഴിവാക്കിയിരിക്കുന്നത് "an educational institution, owned or controlled by the Government or affiliated to any University" എന്റെ അമെന്റുമെന്റിൽ പറഞ്ഞിരിക്കുന്നത് "or" കഴിഞ്ഞാൽ "or unaided schools preparing students for a course of study and a qualifying examination as approved by the Government of Kerala" — അവിടെയും ഗവൺമെന്റ് അത് പറഞ്ഞിരിക്കുന്നു.

മറ്റൊന്ന് പറയുകയാണെങ്കിൽ ആയിരക്കണക്കിനു കുട്ടികൾ പഠിക്കുന്ന അൺ എയിഡഡ് സ്കൂളുകൾ ഒഴിവാകും. "or unaided schools preparing students for a course of study and a qualifying examination as approved by the Government of Kerala or all India Council of Secondary Education, Central Board of Secondary Education." എന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് അംഗീകരിക്കുന്ന കോഴ്സിന് കുട്ടികളെ പ്രിപ്പയർ ചെയ്യുന്ന സ്ഥാപനങ്ങളെ, അൺഎയിഡഡ് സ്കൂളുകളെ ഇതിൽ നിന്ന് ഒഴിവാക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

152 -ാം നമ്പർ ഭേദഗതിയിൽ പറയുന്നത് ധാരാളം ടൂറിസ്റ്റുകൾ നമ്മുടെ ഹോട്ടലുകളിൽ വന്നു താമസിക്കുന്നു. അതുകൊണ്ട് ഈ സ്ഥാപനങ്ങളെ ഒഴിവാക്കുന്ന കൂട്ടത്തിൽ "a health club run by a star hotel situated in a tourist centre."

സ്റ്റാർ ഹോട്ടലിനെക്കുറിച്ച് ടൂറിസം വകുപ്പുമന്ത്രിയാണ് ഈ ബിൽ അവതരിപ്പിക്കേണ്ടത്. ടൂറിസ്റ്റ് ഹോട്ടലുകളിലുള്ള ഹെൽത്ത് ക്ലബ്ബുകൾ ഒഴിവാക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

157-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

അതിൽ പറഞ്ഞിരിക്കുന്നത് In sub-section (2) of section 18A of the principal Act proposed to be inserted by clause 2 add the following at the end by rules made under section 69." നിയമപരമായി അങ്ങനെ മാത്രമേ എഴുതാവൂ. .....add the following at the end "by rules made under section 69."

എന്നാൽ മാത്രമേ ഇതു ശരിയാകുകയുള്ളൂ. അല്ലെങ്കിൽ അതിൽ അവ്യക്തത നിലനിൽക്കും. ആ നിയമത്തിന് വ്യക്തതയുണ്ടാകണമെങ്കിൽ "by rules made under section 69." എന്നു കൂടി എഴുതിച്ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ 160-ാം നമ്പർ ഭേദഗതി, എല്ലാ പോലീസ് സ്റ്റേഷനുകളും ഏതാണ്ട് സർക്കിൾ ഇൻസ്പെക്ടറുടെ ലെവലിലേയ്ക്കു ഉയരുകയാണ്. സിറ്റിയിൽ എല്ലാ പോലീസ് സ്റ്റേഷനും സി. ഐ. ലെവലിലേയ്ക്കു വന്നിരിക്കുകയാണ്. ഒന്നോ രണ്ടോ പോലീസ് സ്റ്റേഷനുകൾ ചേർത്താണ് ഇപ്പോൾ സംഘടിപ്പിക്കുന്നത്. ഒരു സർക്കിൾ ഇൻസ്പെക്ടറായിരിക്കണം ഇതു പരിശോധിക്കേണ്ടത്, not below the rank of a Circle Inspector ഞാൻ ഗസറ്റഡ് നോൺ ഗസറ്റഡ് എന്നു പറയുന്നില്ല. ഇതാരെങ്കിലും പരിശോധിക്കുന്നത് ശരിയാണോ ; ഇത് ആരാണ് റെയിഡു ചെയ്യേണ്ടത് ; പരിശോധനയ്ക്ക് പോകേണ്ടത് ആരാണ് ? Not below the rank of a Sub Inspector എന്നുള്ളത് not below the rank of a Circle Inspector എന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

179 -ാം നമ്പർ ഭേദഗതി "express or implied" അതൊഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് ഒഴിവാക്കിയില്ലെങ്കിൽ അവ്യക്തതയുണ്ടാകും. ആ അവ്യക്തത മാറി കിട്ടണമെങ്കിൽ implied അതിനകത്ത് പെർമിറ്റിനുവേണ്ടി അയാളുടെ സർവെന്റോ മറ്റ് ആളുകളോ "express or implied" ആയ പെർമിഷനോടുകൂടി സർവ്വീസിലെ വ്യവസ്ഥകൾ ലംഘിച്ചാൽ പെർമിറ്റ് ക്യാൻസൽ ചെയ്യുകയോ സസ്പെന്റു ചെയ്യുകയോ ചെയ്യാം. പെർമിറ്റ് ക്യാൻസൽ ചെയ്യാനുള്ള എളുപ്പവഴിയാണ് ഈ പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിക്കുക എന്ന് എഴുതി വയ്ക്കുന്നത്. അതുകൊണ്ടാണ് അത് ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

എന്റെ 180-ാം നമ്പർ ഭേദഗതി delete the words "punishable under this Act for any offence." അതു ഞാൻ മൂവു ചെയ്യുകയാണ്. മറ്റൊന്നും ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move the following amendments :

(111) In item (a) of sub-section (1) of section 18A of the principal Act proposed to be inserted by clause 2 after the words "impart training" add the words "other than body building activities."

(141) In the first proviso to section 18A(1) of the principal Act proposed to be inserted by clause 2 for the words "three months" substitute the words "six months."

(148) In the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 add the following as item (iii) namely:- "(iii) any sports Association registered in a local body and receiving grant there from."

(174) In sub-section (4) of section 18A of the principal Act proposed to be inserted by clause 2 delete the word "Any."

LIBRARY ARCHIVES Kerala Legislative Assembly

111-ാം നമ്പർ ഭേദഗതിയിൽ add the words "other than body building activities" എന്നുള്ള ഒരു ഭേദഗതിയാണ് എനിക്കുള്ളത്. 141 -ാം നമ്പർ ഭേദഗതിയിൽ മൂന്നുമാസമാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. അത് ഇപ്പോൾ തന്നെ കഴിഞ്ഞു. ജനുവരി 18 ആണ് പറഞ്ഞിരുന്നത്. അത് ആറു മാസമാക്കി മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി. 148-ാം നമ്പർ ഭേദഗതി, നമുക്ക് പല സ്പോർട്സ് ക്ലബ്ബുകളുമുണ്ട്. അവിടേയും അവർക്ക് physical activity drill ഒക്കെ നടത്താവുന്നതാണ്. ലോക്കൽ ബോഡീസുമായി അഫിലിയേറ്റ് ചെയ്ത സ്പോർട്സ് ക്ലബ്ബുകളെക്കൂടി ഇതിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. 174- ാം നമ്പർ ഭേദഗതി "any contravention" എന്നതുമാറ്റി "contravention of the provision" എന്നാക്കണം.

ശ്രീ. കെ. ബാബു : Sir, I move the following amendments:

(112) In item (a) of sub-section (1) of section 18A of the principal Act proposed to be inserted by clause 2 after the words "impart training" insert the words "other than a training leading to mental discipline and bodily exercise."

(158) In section 18 A of the principal Act proposed to be inserted by clause 2 sub-section (2) shall be renumbered as clause (a) of that sub-section, and after clause (a) as so renumbered add the following as (b) namely:-

"(b) the permit shall be exhibited at a prominent part of the training centre in the full view of the trainees and visitors."

112-ാം നമ്പർ ഭേദഗതിയിൽ "impart training"

എന്നുള്ളത് കഴിഞ്ഞിട്ട് insert the words "other than a training leading to mental discipline and bodily exercise."

ഡ്രിൽ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളത്. ആക്രമണങ്ങളോ അല്ലെങ്കിൽ വേറെ കുഴപ്പങ്ങളോ ക്രമസമാധാന പ്രശ്നങ്ങളോ ഒന്നുമല്ലാതെ മാനസികവും ശാരീരിക ആരോഗ്യത്തിനും വേണ്ടി ശാരീരിക പരിശീലനം നടത്താറുണ്ട്. അങ്ങനെ ശാരീരിക പരിശീലനം നടത്തുന്ന സ്ഥലങ്ങൾ കൂടി non cognizable ആയിട്ടുള്ള വകുപ്പ് ആയതുകൊണ്ടാണ് ഇതിൽ ഒഫൻസുവരുന്നത്. ആ നിലയ്ക്ക് ശാരീരിക പരിശീലനത്തിന് തടസ്സം ഉണ്ടാകരുതെന്നാണ് ഉദ്ദേശിക്കുന്നത്. അതിന് കുറച്ചു കൂടി വ്യക്തതയുണ്ടാക്കാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

Shri. Aryadan Muhammed: Sir, I move the following amendments.

(113) In item (a) of sub-section (1) of section 18A of the principal Act proposed to be inserted by clause 2 after the words "members of the public" insert the words "above the age of twelve".

LIBRARY ARCHIVES Kerala Legislative Assembly

(131) In item (b) of section 18A (1) of the principal Act proposed to be inserted by clause 2 for the words "hold a permit" substitute the words "hold a valid permit".

(156) In section 18A (2) of the principal Act proposed to be inserted by clause 2 delete the words "on payment of such fees".

(178) In sub-section (1) of section 18B of the principal Act proposed to be inserted by clause 2 delete item (a) and re-number the remaining items.

(188) For sub-section (2) of section 18B of the principal Act proposed to be inserted by clause 2 substitute the following namely :-

"(2) An appeal against an order under sub-section (1) shall lie to the Secretary to Government, Home Department."

എന്റെ 113-ാം നമ്പർ ഭേദഗതിയിൽ ഇതിന് പെർമിറ്റു വാങ്ങണം, അതു 'പബ്ലിക്കി'ൽ നിന്നാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. പബ്ലിക്ക് എന്നു പറഞ്ഞാൽ ആറുമാസം പ്രായമുള്ള കുട്ടിയും വരും. നമ്മൾ സാധാരണ പറഞ്ഞു വരുന്നത് കുറ്റകൃത്യങ്ങളിലില്ലാത്തതാണ് 12 വയസുവരെ എന്നാണ്. അമേരിക്കയിൽ മറിച്ചു കണ്ടു. പക്ഷേ അതു ഇന്ത്യയിലില്ല, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തില്ല. അതുകൊണ്ട് 12 വയസിനു താഴെയുള്ളവരെ ഒഴിവാക്കണം. "above the age of twelve" എന്നാക്കി മാറ്റണം. അല്ലെങ്കിൽ അതു നമ്മുടെ കുട്ടികളുടെ കായിക പരിശീലനത്തിനെല്ലാം തടസമായി വരുമെന്നുള്ളതാണ് എന്റെ ഭേദഗതി.

രണ്ടാമത് 131-ാം നമ്പർ ഭേദഗതിയിൽ "hold a permit"എന്നത് "hold a valid permit" എന്നാക്കണം. വളരെ നിസാരമായ കാര്യമാണ്. മൂന്നാമത് സബ് ഇൻസ്പെക്ടറുടെ റാങ്കിനു താഴെയല്ലാത്ത ഏതു പോലീസ് ഓഫീസർക്കും ഇതു പരിശോധിക്കാനുള്ള അധികാരം വേണം. Any police officer not below the rank of a Sub-Inspector, shall have free access ..... എസ്. ഐ. എന്നു പറയുമ്പോൾ ഞാൻ കുറ്റപ്പെടുത്തുന്നതൊന്നുമല്ല, എല്ലാവർക്കും നല്ലതുപോലെ അറിയാമല്ലോ, തിരുവനന്തപുരത്തു തന്നെ ആരു വിചാരിച്ചാലും നിയന്ത്രിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടായില്ലേ ? ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന നമ്മുടെ മുഖ്യമന്ത്രിക്കും ഡി. ജി. പി ക്കും എല്ലാ പോലീസ് സന്നാഹങ്ങളുമുണ്ട്. എന്നിട്ട് എന്താണ് ഉണ്ടായത് ? കോളേജ് സ്റ്റുഡൻസിനു പോലും ബസിൽ യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എസ്. ഐ. എന്നുപറഞ്ഞാൽ കോൺസ്റ്റബിൾ മൂത്തു വരുന്ന ആളും അല്ലാത്തതുമൊക്കെ ഉണ്ട്. അതുകൊണ്ട് ഏതു സമയത്തും സാധാരണക്കാർക്ക് ഓടിച്ചെല്ലാവുന്ന ഒരു സാഹചര്യമുണ്ടാകണം. അല്ലെങ്കിൽ അത് അഴിമതിക്ക് ഇടവരുത്തും. പരിശോധന എന്നു പറഞ്ഞുകൊണ്ട് അവിടെ നിന്ന് കാശ് ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗമായി ഇതു മാറും. അതിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് not below

LIBRARY ARCHIVES Kerala Legislative Assembly

the rank of a D Y S Pഎന്നാക്കണം. പരിശോധന വേണം. പരിശോധന ഇല്ലാതാകുന്നതു ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അത് അത്യാവശ്യമാണ്. പരിശോധനയ്ക്ക് ഒരു എസ്. ഐ. യെ കൂടാതെ not below the rank of an S.I എന്നു പറഞ്ഞാൽ അവിടെ എന്നും പരിശോധന തന്നെയായിരിക്കും. ചില എസ്. ഐ. മാരാണ്. എല്ലാവരുമാണെന്ന് ഞാൻ പറയുന്നില്ല. അത് ഏറ്റവും വലിയ അഴിമതിക്ക് കാരണമായിത്തീരും. അക്കാര്യത്തിൽ യാതൊരു സംശയവും എനിക്കില്ല. എത്രയും വേഗം അഴിമതിക്ക് അവസാനമുണ്ടാക്കിത്തീർക്കണം.

178-ാം നമ്പർ ഭേദഗതിയിൽ fee must be payable, permit is not payable. ഇതിനൊക്കെ ഫീസ് കൊടുക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കണം. നമ്മുടെ സംസ്ഥാനത്ത് എത്രയോ ചെറുപ്പക്കാർ കരാട്ടെ പോലെയുള്ള പല കാര്യങ്ങളും അഭ്യസിപ്പിക്കുന്നു, അതിനൊക്കെ ഫീസ് പിരിക്കുക എന്നു വച്ചാൽ, അതുകൊണ്ടൊന്നും നിങ്ങളുടെ കടം തീരില്ല. ദൈവം തമ്പുരാൻ വിചാരിച്ചാൽ പോലും നിങ്ങളെ രക്ഷപ്പെടുത്താൻ കഴിയില്ല. ആ സ്ഥിതിയിലാണ് സംസ്ഥാന ത്തിന്റെ സാമ്പത്തിക നില. അങ്ങനെ കഴിയുന്ന നിങ്ങൾ അതിൽ നിന്ന് ഒരു പത്തുരൂപ ഉണ്ടാക്കി ആളുകളെ ബുദ്ധിമുട്ടിപ്പിക്കാൻ നിൽക്കണ്ട. അതുകൊണ്ട് ഫീസൊക്കെ ഒഴിവാക്കണം. അതാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. 188-ൽ ഇതിനെതിരായിട്ടുള്ള അപ്പീൽ അധികാരം ഒരു ഡി. ഐ. ജി. ക്കു കൊടുക്കാതെ അതൊരു ഗവൺമെന്റ് സെക്രട്ടറിക്ക് നൽകണം. ഒരു ഡി. ഐ. ജി. യെക്കാൾ എത്രയോ ഭേദമാണ് ഒരു ഗവൺമെന്റ് സെക്രട്ടറി. ഒരു ഐ. എ. എസ്. ഓഫീസർ, ഹോം സെക്രട്ടറിയേയോ അതുപോലെയുള്ള ഒരു ഓഫീസറേയോ നിയമിക്കണം എന്നാണ് എനിക്ക് അക്കാര്യത്തിൽ പറയാനുള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(114) In item (a) of sub-section (1) of section 18A of the principal Act proposed to be inserted by clause 2 for the words "in any physical activity involving methods of attack or self defence" substitute the words "which causes an apprehension in the minds of others that such training involves a menacing attitude."

(150) In the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 add the following as item (iii) namely : -

"(iii) any association of persons registered under any law in force in the state the declared object of which is inter alia, imparting physical training whether involving methods of attack or self defence or not."

(155) In sub-section (2) of section 18 A of the principal Act proposed to be inserted by clause 2 after the words "condition and restriction" insert the words "as may be prescribed by rules made under section 69."

LIBRARY ARCHIVES Kerala Legislative Assembly

(171) In sub-section (3) of section 18A of the principal Act proposed to be inserted by clause 2 after the words "place of training" add the words "at any reasonable time."

114-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് അക്രമത്തിന്റെയോ അല്ലെങ്കിൽ സ്വയം പ്രതിരോധത്തിന്റെയോ ആയ പരിശീലന മുറകൾക്കാണ് നമ്മൾ പെർമിറ്റ് നൽകുകയെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനകത്ത് എന്റെ ഭേദഗതി അക്രമത്തിന്റെയോ സ്വയം പ്രതിരോധത്തിന്റെയോ മാത്രമല്ല അക്രമിക്കാമെന്ന് സ്വയം തോന്നിയേക്കാവുന്ന ചില പരിശീലന മുറകൾ, അക്രമ ഭീതിയുളവാക്കുന്ന പരിശീലന മുറകൾ പ്രത്യേകിച്ച് വടക്കൻ ജില്ലയിൽ നിന്നുവരുന്നവർക്ക് നന്നായി അറിയാം. അത്തരം അക്രമത്തിന്റെ ഭീതി ഉളവാക്കുന്ന പരിശീലനങ്ങൾകൂടി ഇതിനകത്ത് നിരോധിക്കണമെന്നുള്ളതാണ്. 150-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് നമ്മൾ ഒരുപാട് സ്ഥലങ്ങളെ ഒഴിവാക്കിയിട്ടുണ്ട് എന്നാണ്. അതായത് (i) an educational institution, owned or controlled by the Government or affiliated to any University in the State, as part of the curriculam or course of study; or

(ii) a club or gymnasium recognised by the Kerala Sports Council ....

ഇത്തരം കാര്യങ്ങളാണ് ഒഴിവാക്കിയിരിക്കുന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ഒരുപാട് രജിസ്റ്റേർഡ് ക്ലബ്ബുകളും അസോസിയേഷനുമുണ്ട്. അത്തരം രജിസ്റ്റേർഡ് ക്ലബ്ബുകളുടെയും അസോസിയേഷനുകളുടെയും പ്രവർത്തന പരിധിയിൽ, അവരുടെ പരിപാടികളിൽ ഇത്തരം കായിക പരിശീലനം പെടുത്തിയിട്ടില്ല. ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്കും നയങ്ങൾക്കുമൊക്കെ വിധേയമാണ്. അപ്പോൾ അവരെക്കൂടി ഇതിൽ നിന്നും ഒഴിവാക്കണം എന്നുള്ളതാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

(155) -ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ലൈസൻസിനെ കുറിച്ചാണ്. "condition and restriction" "as may be prescribed by rules made under section 69."അതായത് പ്രത്യേകമായ നിയമാവലിയുടെ അടിസ്ഥാനത്തിൽ വേണം ലൈസൻസ് കൊടുക്കാനുള്ള അധികാരം കൊടുക്കേണ്ടത്. ഇതിനകത്ത് റൂൾസിന്റെ അടിസ്ഥാനത്തിൽ വേണം പെർമിറ്റ് കൊടുക്കാനുള്ളത് എന്നാണ് എന്റെ 155-ാം നമ്പർ ഭേദഗതി. (171) ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോഴത്തെ നിയമമനുസരിച്ച് സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് എവിടെയെങ്കിലും ഒരു കായികപരിശീലനം ലൈസൻസില്ലാതെ നടക്കുന്നുവെന്ന് പറഞ്ഞാൽ ഏത് സമയത്തും അവിടെ ചെല്ലാമെന്നുള്ളതാണ്. അപ്പോൾ പരിശീലനം നടക്കുന്ന സമയത്താകണമെന്നില്ല. രാത്രിയിലൊക്കെ ചെന്നിട്ട് ഒരു കാരണവും ഇല്ലെന്നല്ലാതെ ഉപദ്രവമുണ്ടാക്കുന്ന ഒരു സ്ഥിതിയുണ്ടാകും. ഏതെങ്കിലും സമയത്ത് വീടുകളിൽ പോയി വേണ്ടാത്ത ഉപദ്രവങ്ങളുണ്ടാക്കുന്ന ഒരു സാഹചര്യമുണ്ടാക്കാതിരിക്കാൻ സമയത്തിന്റെ കാര്യത്തിൽ "at any reasonable time"അങ്ങനെയാക്കണമെന്നുള്ളതാണ്. അതായത് പരിശീലനം നടക്കുന്ന സമയത്ത് മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(115) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2, the words "with weapons" shall be inserted between the words "physical activity" and "involving"

(116) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 the words "or self defence" shall be deleted.

(126) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 the words "an authority notified, by the Government" shall be substituted by the words "The District Magistrate."

(145) In item (ii) of the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 the words "or Cultural Department" shall be inserted between the words "Kerala Sports Council" and the word "or".

(164) In sub-section (3) of section 18A of the principal Act proposed to be inserted by clause 2 the words "Sub-Inspector" shall be substituted by the words "Circle Inspector."

(182) After item (c) of sub-section (1) of section 18B of the principal Act proposed to be inserted by clause 2 the new item (d) shall be added as follows: "(d) if training is imparted to any person who is earlier convicted by any court of law for any offence punishable under this Act".

115-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് ഇവിടെ ചർച്ച വന്നപ്പോഴൊക്കെ ആയുധങ്ങൾ ഉണ്ടോ എന്ന് ചീഫ് വിപ്പ് ഉൾപ്പെടെ ചോദിക്കുന്നത് ഞാൻ കേട്ടു. ഇവിടെ ഫിസിക്കൽ ആക്ടിവിറ്റി എന്നതിനുശേഷം "with weapons" "involving" എന്നുകൂടി ചേർത്താൽ നന്നായിരിക്കും. ഈ ബിൽ ഏതുദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണോ അത് പൂർണ്ണമായി ഉപയോഗിക്കണമെങ്കിൽ ഈ ഭേദഗതി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

116-ാം നമ്പർ ഭേദഗതിയിൽ 'സെൽഫ് ഡിഫൻസ്' എന്നുള്ള വാക്ക് ഡിലീറ്റ് ചെയ്യണം. 'സെൽഫ് ഡിഫൻസ്' എന്നു പറഞ്ഞാൽ മനുഷ്യന്റെ മൗലികമായ പൗരാവകാശം അതിനെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത് ശരിയല്ല. അതുകൊണ്ട് അത് ഒഴിവാക്കണമെന്നാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

126-ാം നമ്പർ ഭേദഗതിയിൽ "an authority notified by the Government" ആ അതോറിറ്റി ആരായിരിക്കണമെന്ന് നമുക്ക് ഇപ്പോൾ തന്നെ പറയാം. ജില്ലയെ സംബന്ധിച്ച് ജില്ലാ ഭരണാധികാരിയെന്നു വിശേഷിപ്പിക്കുന്നത് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെയാണ്. An authority notified by the Govt. എന്നുള്ള സ്ഥാനത്ത് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നാക്കി ഭേദഗതി ചെയ്യണം. ഈ നിയമം ശരിയായ രീതിയിൽ പാലിക്കുന്നുണ്ടോ എന്നുനോക്കാനുള്ള ചുമതല ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് കൊടുക്കണം. ഇത് ഈ നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്യണമെന്നതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

145-ാം നമ്പർ ഭേദഗതിപ്രകാരം കുറെയേറെ സംഘടനകളെയും സ്പോർട്സ് കൗൺസിലിനെയും എഡ്യൂക്കേഷൻ സ്ഥാപനങ്ങളെയും ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബഹുമാന്യനായ സാംസ്ക്കാരിക വകുപ്പുമന്ത്രി കേൾക്കണം, കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിരവധി പരിശീലനങ്ങൾ നടക്കുന്നുണ്ട്. കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടക്കുന്ന പരിശീലനങ്ങളെക്കൂടി ഒഴിവാക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടക്കുന്ന പരിശീലനത്തെക്കൂടി ഒഴിവാക്കണമെന്ന താണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. 164-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് ഇപ്പുറത്തുനിന്ന് ഭേദഗതി അവതരിപ്പിച്ച് എല്ലാപേരും പറഞ്ഞത് ഒരേ ആശയമാണ്. നമുക്ക് എസ്.ഐ. എന്ന പോസ്റ്റിനോട് യാതൊരു വിരോധവുമില്ല. നമ്മുടെ സംസ്ഥാനത്ത് ധാരാളം നല്ല എസ്. ഐ. മാരുമുണ്ട് അതുപോലെ സ്വഭാവദൂഷ്യമുള്ള എസ്. ഐ. മാരുമുണ്ട്, അവരെ പാടെ അടച്ചാക്ഷേപിക്കാൻ ഞാൻ തയ്യാറല്ല. പക്ഷേ ഇതുപോലുള്ള ഒരു നിയമം ഇംപ്ലിമെന്റ് ചെയ്യാനായി നമ്മൾ ഏറ്റവും താഴെത്തട്ടിലുള്ള ഒരു എസ്. ഐ. യെ ഏൽപ്പിക്കുന്നതിനേക്കാൾ ഭേദം അൽപ്പം കൂടി ഉയർന്ന സി. ഐ. യെ അതിനുവേണ്ടി ചുമതലപ്പെടുത്തുന്നത് ആയിരിക്കും. ഇവിടെ ഡി.വൈ. എസ്. പി. എന്നൊക്കെ പറഞ്ഞു. അതൊരു സി.ഐ. ആയാൽ കുറെക്കൂടി നല്ല കാര്യമായിരിക്കുമെന്നാണ് എന്റെ ഭേദഗതി. ഇത് അങ്ങ് ഗൗരവമായി ആലോചിക്കണം. ഈ ഭേദഗതി അംഗീകരിക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്.

182-ാം നമ്പർ ഭേദഗതിയനുസരിച്ച് വാങ്ങിയ പെർമിറ്റ് ക്യാൻസൽ ചെയ്യാനുള്ള അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ഏതൊക്കെ സാഹചര്യത്തിൽ ക്യാൻസൽ ചെയ്യാം. ആ കൂട്ടത്തിൽ ഇതിൽ വന്നിരിക്കുന്ന (സി) ഐറ്റം കഴിഞ്ഞ് (ഡി) ആയി ഒരു പുതിയ ക്ലാസ് കൂടി എഴുതിച്ചേർക്കണം. ഈ ട്രെയിനിംഗിന് വരുന്ന ആൾ ഒരു ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ടെങ്കിൽ അവരെക്കൂടി ക്യാൻസൽ ചെയ്യുന്ന ആ പരിധിയിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 189-ാം നമ്പർ ഭേദഗതി നേരത്തെ അവതരിപ്പിച്ചതാണെങ്കിലും അതിനെക്കുറിച്ച് ഒരു വാക്ക് പറയുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് അപ്പീൽ കൊടുക്കുന്നതിനുള്ള അധികാരം ഡി. ഐ. ജി. ക്ക് എന്നാണ്. അപ്പീൽ കൊടുക്കുവാനുള്ള അധികാരം ഹോം സെക്രട്ടറിയിലാക്കണം. ഈ ഭേദഗതികൾ സ്വീകരിക്കുമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(119) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2, for the words "issued by an authority notified by the Government" substitute the words "Issued by the Kerala Sports Council".

(125) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 for the words "authority notified by the Government" substitute the words "authority as may be prescribed".

(146) In item (ii) of the second proviso to section 18A (1) delete the words "or the General Education Department".

(181) Sub-section (1) (c) of section 18B of the principal Act proposed to be inserted by clause 2 shall be recast as follows:- "(c) if the holder thereof is convicted for any offence involving moral turpitude".

119-ാമത്തെ ഭേദഗതി, ക്ലോസ്സിൽ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്, self-defence unless he holds a permit in this behalf issued by an authority notified by the Government; അതിനകത്ത് രണ്ട് ഭേദഗതികളാണ് ഞാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. രണ്ടാമത്തേത് ആണ് കുറച്ചുകൂടി ഇൻസിസ്റ്റ് ചെയ്ത് പറയുന്നത്. 119-ാമത്തെ ഭേദഗതിയിൽ പറയുന്നത്, "issued by an authority notified by the Government"എന്നുള്ളതിനുപകരം "issued by the Kerala Sports Council" ഞാൻ ഇതു സംബന്ധിച്ച് നെരത്തെ പൊതു ചർച്ചയിൽ പങ്കെടുത്തു കൊണ്ട് പറഞ്ഞു. കേരള പോലീസ് (ഭേദഗതി) ബില്ലിനകത്ത് ഇങ്ങനെയൊരു പ്രൊവിഷൻ ഇൻകോർപ്പറേറ്റ് ചെയ്യേണ്ട എന്നുള്ള അഭിപ്രായത്തിൽ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. അതേസമയം ഇതുപോലുള്ള ആക്ടിവിറ്റീസ് നമ്മൾ നിരോധിക്കേണ്ടതുണ്ട്. അതിന് ഇതൊരു മാർഗ്ഗമല്ല എന്നുള്ളത് ഈ ഭേദഗതി പാസായി നിലവിൽ വന്നുകഴിഞ്ഞാൽ അനുഭവത്തിൽ ബോദ്ധ്യമാകും. അപ്പോൾ അതിന് എന്തെങ്കിലും മാറ്റം വേണ്ടിവരികയും ചെയ്യും. അതുകൊണ്ടാണ് 119-ാം നമ്പർ ഭേദഗതി പ്രൊപ്പോസ് ചെയ്തത്. 125-ാം നമ്പർ ഭേദഗതിയിൽ "authority notified by the government" എന്നതിനുപകരം "authority as may be prescribed". സാധാരണ നമ്മുടെ നിയമങ്ങളിലൊന്നും നോട്ടിഫിക്കേഷൻ വഴി അതോറിറ്റിയെ പറയാറില്ല. നിയമത്തിൽ അങ്ങനെ കാണാറില്ല. അത് റൂൾസ് കൊണ്ടുവരുമ്പോൾ റൂൾസിൽ പ്രിസ്ക്രൈബ് ചെയ്താൽ മതി. അതാണ് സാധാരണ നിയമത്തിൽ കണ്ടുവരുന്നത്. 139-ാം നമ്പർ ഭേദഗതി ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞുവെന്ന് പറയുകയുണ്ടായി. അതിനെക്കുറിച്ചാണ് മന്ത്രിയുമായിട്ട് ഇവിടെ തർക്കമുണ്ടായത്. ഏതായാലും തർക്കത്തിന് പോകാൻ ഉദ്ദേശിക്കുന്നില്ല. എന്താണെങ്കിലും ജനുവരി 18 എന്നുപറയുന്നത് ഓർഡിനൻസ് വന്ന

LIBRARY ARCHIVES Kerala Legislative Assembly

ഡേറ്റാണ്. ആ ഡേറ്റിനുശേഷം ഇതുവരെ കാര്യങ്ങളൊന്നും നടന്നിട്ടില്ല. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പാലോട് രവി അവതരിപ്പിച്ചതാണെങ്കിൽ അത് അല്ലെങ്കിൽ ഇത്, ഏതായാലും സ്വീകരിക്കുകയാണ് നല്ലത്. 146-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം ഞാൻ തന്നെ റെയ്സ് ചെയ്തതാണ്. ക്ലോസ് (2) -ൽ രണ്ടാമത്തെ പ്രൊവൈസോയിൽ പറയുന്നത്, Provided further that the provisions of this sub-section shall not apply to any training imparted by,-

(i) an educational institution, owned or controlled by the Government or affiliated to any University in the State, as part of the curriculam or course of study; or

(ii) a club or gymnasium recognised by the Kerala Sports Council or the General Education Department.

ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇങ്ങനെയൊരു ഏർപ്പാടില്ല. ഞാൻ ഇത് നേരത്തെ പറഞ്ഞിരുന്നു. അതിനുശേഷം മന്ത്രി വെരിഫൈ ചെയ്യാമെന്ന് പറഞ്ഞു. വെരിഫൈ ചെയ്തോയെന്ന് എനിക്കറിഞ്ഞു കൂടാ. ഞാൻ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥനുമായി സംസാരിച്ചപ്പോൾ 'ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്' എന്ന് ഇതിനകത്ത് എഴുതിച്ചേർക്കേണ്ട കാര്യമില്ല. ആ അജഗളസ്തനം നമുക്ക് നിയമത്തിനകത്ത് ആവശ്യമില്ല. ജനറൽ എഡ്യൂക്കേഷനിൽ ഇല്ലാത്ത ഒരു സംഗതി, അതിനെ എക്സംപ്റ്റ് ചെയ്ത് നിയമത്തിനകത്ത് എന്തിനാണ് എഴുതിയിരിക്കുന്നത്? അതാണ് 146-ാമത്തെ ഭേദഗതിയിൽ പറയുന്നത് കുറച്ചുകൂടി ഹയർ അതോറിറ്റി ഇൻസ്പെക്ട് ചെയ്യുന്നതായിരിക്കും നല്ലത്.

181-ാം നമ്പർ ഭേദഗതിയിൽ ഞാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്..... principal Act proposed to be inserted by clause 2 shall be recast as follows:-

"(c) if the holder thereof is convicted for any offence involving moral turpitude"എന്നാണ് പറഞ്ഞിരിക്കുന്നത്. അവിടെ ഞങ്ങൾ ഇത് ചർച്ച ചെയ്ത അവസരത്തിൽ ക്രിമിനൽ ഒഫൻസ് എന്ന വാക്ക് സാധാരണഗതിയിൽ ഉപയോഗിക്കാറില്ല. അതിനെത്തുടർന്ന് (സി)-യെ സംബന്ധിച്ചും സബ്ക്ലോസ് (2) - നെ സംബന്ധിച്ചും ചർച്ചകൾ വന്നു. അതിനെ ബെയ്സ് ചെയ്തിട്ടാണ് 181, 187 എന്നീ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ പറയുന്നതനുസരിച്ചാണെങ്കിൽ ചെറിയ ഒഫൻസിൽ വന്നിരിക്കുന്ന ആളുകളൊക്കെ ഇതിനകത്ത് പെടും. പവർ ടു ക്യാൻസൽ പെർമിറ്റ് എന്നു പറയുന്നിടത്ത്, The authority notified under sub-section

(1) of section 18A may, by order, cancel or suspend a permit granted under the said sub-section :-

(a) if any fee payable by the holder of such permit is not duly paid ; or

LIBRARY ARCHIVES Kerala Legislative Assembly

(b) in the event of any breach by the holder or such permit or by his servant or by anyone acting with his express or implied permission on his behalf, of any of the terms and condition of such permit ; or

if the holder thereof is convicted by any court of law for any offence punishable under this Act or for any offence involving moral turpitude. Offence punishable under this Act or for any offence.....

എന്നു പറഞ്ഞുവരുമ്പോൾ അത് വളരെ വ്യാപകമാണ്. ചെറിയ പെറ്റി കേസിൽ ശിക്ഷിക്കപ്പെടുന്നത് അതിനകത്ത് വന്നുപെടുകയാണ്. അതുകൊണ്ട് അതിന്റെ ആവശ്യമില്ല. പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അതിന്റെ ബെയ്സിലാണ് 181-ാമത്തെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എം. കെ. മുനീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(121) In sub-section (1) (a) of section 18A of the principal Act proposed to be inserted by clause 2 for the words "an authority notified by the Government", substitute the words "the District Collector".

(185) In section 18B (2) of the principal Act proposed to be inserted by clause 2 for the words "Deputy Inspector General of police having jurisdiction over the area where the place of training is situated" substitute the words "Secretary to Government, Home Department".

121-ാമത്തെ ഭേദഗതി കുറച്ചുകൂടി ക്ലാരിറ്റി വരുന്നതിനുവേണ്ടിയാണ്.

"an authority notified by the Government എന്നുള്ളതിനു പകരം "the District Collector" എന്ന് ആക്കുന്നതായിരിക്കും നല്ലത്. അതാണ് എന്റെ ഭേദഗതി. 185-ാം നമ്പർ ഭേദഗതി, "Deputy Inspector General of Police having jurisdiction over the area where the place of training is situated" അതിനുപകരം "Secretary to Government, Home Department" എന്ന് മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(129) In section 18A (1) (b) of the principal Act proposed to be inserted by clause 2, after the word 'owned' add the word "controlled."

LIBRARY ARCHIVES Kerala Legislative Assembly

(159) In section 18A of the principal Act proposed to be inserted by clause 2 renumber sub-section (2) as clause (a) of that sub-section and after clause (a) as so renumbered add the following: -

"(b) before issuing the permit the authority shall publish the application for permit in two dailies having wide publicity in the area and invite claims and objection thereon.

(c) the claims and objection shall be taken into consideration on a date specified by the authority and it shall give a reasonable opportunity to those who have submitted the claims and objections for being heard and thereafter for reasons to be recorded may either allow the permit or disallow the permit.

(d) any person aggrieved by the orders of the authority may within thirty days from the date of order file an appeal before the Home Secretary.

(e) on receiving an appeal under clause (d) the Home Secretary may make such enquiries as he may deem fit and after giving a reasonable opportunity to those affected thereby for being heard may by order allow or disallow the appeal or remit it to the authority for a decision denovo."

(170) In sub-section (3) of section 18A of the principal Act proposed to be inserted by clause 2 for the words "free access to" substitute the words " the powers to inspect".

(176) In the proviso to sub-section (4) of section 18A of the principal Act proposed to be inserted by clause 2 for the words "District Magistrate" substitute the word "Government."

170-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ചാണ് എനിക്ക് പ്രധാനമായും പറയാനുള്ളത്. സബ് ഇൻസ്പെക്ടറുടെ റാങ്കിൽ താഴെയല്ലാത്ത ഏത് പോലീസുകാർക്കും സർവ്വതന്ത്ര സ്വതന്ത്രമായി ട്രെയിനിംഗ് സ്ഥലത്ത് കയറാമെന്ന 18(എ) വകുപ്പ് വലിയ അപകടം ഉണ്ടാക്കുന്ന ഒന്നാണ് എന്ന് എല്ലാ പേരും സൂചിപ്പിച്ചു. അതിനൊരു ക്ലിപ്തസമയം വച്ചിട്ടില്ലെങ്കിൽ ഏത് സമയത്തും ഏത് സ്ഥലത്തും ഒരു പോലീസ് സബ് ഇൻസ്പെക്ടർക്ക് കയറാവുന്ന ഒരു സാഹചര്യമുണ്ടാകും. അത് നമ്മുടെ സൈര ജീവിതത്തെക്കൂടി ബാധിക്കുന്ന ഒരു പ്രശ്നം ആയിരിക്കും. അതുകൊണ്ട് അത് എടുത്തുകളയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 'ഫ്രീ അക്സസ്സ്' എന്നുള്ളത് എടുത്ത് മാറ്റി അതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് വളരെ നല്ലതാണ്. അതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(135) After section 18A (1) (b) of the principal Act proposed to be inserted by clause 2 add the following proviso, namely :-

"provided that no permit shall be required under this clause for imparting any kind of training in traditional martial arts like Kalarippayattu, Karatte, Kumfu and the like or classical dance if training in such martial arts or classical dance as the case may be is imparted by qualified persons".

(143) In item (i) of the second proviso to sub-section (1) of section 18A of the principal Act proposed to be inserted by clause 2 for the words "controlled by" substitute the words "controlled or recognised by".

(154) After section 18A (1) of the principal Act proposed to be inserted by clause 2 add the following as sub-section (2) and renumber the remaining sub-sections.

"(2) (i) when an application for a permit is received by the authority under clause (a) of sub-section (1) of this section it shall publish a notice in the gazette and two dailes having under circulation in the area calling claims and objections thereon. The notice shall contain the name and address of the applicant, the name of the person imparting the training, the nature of the training and the premises where the training is proposed to be imparted.

(ii) a copy of the notice under clause (i) shall be exhibited in the Notice Board of the village office and the concerned Grama Panchayat.

(iii) it shall take the claims objections into consideration on a date specified in the notice and shall afford a reasonable opportunity to those who have filed claims and objections and the applicant a reasonable opportunity for being heard.

(iv) it shall by order either allow or for reasons to be recorded disallow the application for permit.

(v) if the application is allowed it shall publish its order in the gazette and in two dailies having wide publicity in the area.

(vi) any person aggrieved by the order of the authority may within thirty days from the date of order of the authority prefer an appeal to the Home Secretary.

LIBRARY ARCHIVES Kerala Legislative Assembly

(vii) the Home Secretary shall after making such inquiries as he deems fit dispose of the appeal within thirty days form the date of appeal.

(viii) any person aggreived by the orders of the Home Secretary may file a revision petition before the Chief Secretary and his orders thereon shall be final.

Provided that before taking a final decision under clause (vii) and (viii) the parties affected thereby may be given a reasonable opportunity for being heard.

(ix) the orders on the appeal and revision shall be published in the Gazette and two dailies having wide circulation in the area.

(x) no petition under clause (viii) shall be entertained after a period of six months from the date of the order under clause (viii)".

(173) In section 18A (3) of the principal Act proposed to be inserted by clause 2 after the words "in accordance with" add the words "terms and conditions specified in the permit."

ഇവിടെ 18 എ (1) (ബി) യിൽ ഒരു ക്ലോസ് കൂടി ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതിൽ കരാട്ടെ, കളരിപ്പയറ്റ്, തുടങ്ങി സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ചിലത് കൂടി ഉൾപ്പെടുത്തണം. അതിനകത്ത് ജിംനേഷ്യം ഉൾപ്പെടുത്തി. ആയുധത്തിന്റെ പേര് പറഞ്ഞ് കളരിപ്പയറ്റ് ഒഴിവാക്കി. കരാട്ടെയും അതിനകത്ത് പെടുത്താവുന്നതാണ്. കളരിപ്പയറ്റ് എന്നു പറയുന്നത് ഒരു പരമ്പരാഗതമായ ആയോധനകലയാണ്. അതിന് അനുവാദം വാങ്ങണമെന്നുള്ള സ്ഥിതി നല്ലതല്ല എന്നുള്ളതാണ് ഞാൻ ആ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ആ ഭേദഗതി അംഗീകരിക്കണം. അതുപോലെതന്നെ controlled or recognised- എന്നുള്ള നിലയ്ക്ക് കൂടി ഭേദഗതി ഉണ്ടാകണമെന്നാണ് 143-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 154-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് ഞാൻ വളരെ വിശദമായി കൊടുത്തിട്ടുണ്ട്. അത്തരം കണ്ടീഷനുകൾ അതിനകത്ത് ഉൾപ്പെടുത്തുന്നത് നിയമത്തിൽ കുറച്ചുകൂടി വ്യക്തത ഉണ്ടാക്കാൻ കഴിയും. 173-ാം നമ്പർ ഭേദഗതിയും ഞാൻ മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നുമില്ല.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : കുറെ ഭേദഗതികളെല്ലാം ഭയാശങ്കകളോടുകൂടിയതാണ്. ഇത് വാസ്തവത്തിൽ no person shall (a) by himself or by any person on his behalf, impart training to, any member or members of public in any physical activity involving methods of attack or self- defence unless he holds a permit ..... അതിന് പെർമിറ്റ് ഉണ്ടെങ്കിൽ ഈ ട്രെയിനിംഗ് കൊടുക്കാം. പെർമിറ്റ് വാങ്ങിക്കണം

LIBRARY ARCHIVES Kerala Legislative Assembly

എന്നേയുള്ളൂ. രണ്ടാമത്തെ കാര്യം, a club or gymnasium recognised by the Kerala Sports Council ..... ഒഴിവാക്കിയിരിക്കുന്നു. All Educational Institutions ..... അതും ഒഴിവാക്കിയിരിക്കുന്നു. അതുകൊണ്ട് ആ ഭയാശങ്കകൾക്ക് കാര്യമില്ല. ഞാൻ ഭേദഗതികൾ വായിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബിന്റെ 125, authority notified by the Government എന്നതിനുപകരം "authority as may be prescribed" എന്ന് അദ്ദേഹം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. കാരണം ഒരു നോട്ടിഫിക്കേഷൻ കൊണ്ട് അതോറിറ്റി വേണ്ട. റൂൾസ് ആകുമ്പോൾ അതിനകത്തു നിയമം പരിശോധിക്കാനുള്ള അവസരം കുറച്ചുകൂടി കിട്ടുന്നുണ്ട്. അതുകൊണ്ട് I am accepting 125 then 146, or the General Education Department. ഞങ്ങൾ വെരിഫൈ ചെയ്തപ്പോൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു ഇങ്ങനെ ഒന്നും നടത്തുന്നില്ല. അദ്ദേഹം പറഞ്ഞത് ശരിയാണ്. അതുകൊണ്ട് അതും സ്വീകരിക്കുന്നു. ശ്രീ. പാലോട് രവിയുടെ 180-ാം നമ്പർ ഭേദഗതിയും അത് റീ-കാസ്റ്റ് ചെയ്താണ് ശ്രീ. ടി. എം. ജേക്കബ് 181-ാം നമ്പർ ആയി കൊടുത്തിരിക്കുന്നത്. ശ്രീ. പാലോട് രവിയുടെ ഡിലീഷൻ കഴിഞ്ഞാൽ "if the holder there of is convicted for any offence involving moral turpitude". ആ ഓർഡറിൽ സ്വീകരിക്കുന്നതല്ലേ ശരി. പിന്നെ ഒരു കാര്യം പറഞ്ഞത് ഡേറ്റിന്റെ കാര്യമാണ്. 18th January, 2000-ലാണ് അതിന്റെ റെലവൻസ് വന്നത്. നമ്മൾ അത് ഡിസ്ക്കസ് ചെയ്തപ്പോൾ പോസിറ്റീവായിട്ടാണ് എടുത്തത്. അതു കഴിഞ്ഞ് ലാ ഡിപ്പാർട്ടുമെന്റിനോട് കൺസൾട്ട് ചെയ്തപ്പോൾ അതിന് ഒരു അപകടം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ആക്ടിൽ തുടങ്ങിയപ്പോൾ എന്നുപറഞ്ഞ് കഴിഞ്ഞാൽ അമെന്റിംഗ് ആക്ടല്ല. ഒറിജിനൽ ആക്ടിലേക്ക് വരും. ഒറിജിനൽ ആക്ട് 1961 -ലെ ആക്ട് ആണ്. 1961 തൊട്ട് അപേക്ഷ കൊടുത്തതായി വരും. അത് വളരെ തെറ്റായ വ്യാഖ്യാനങ്ങൾക്കു ഇടയാകും. അതുകൊണ്ട് ഏറ്റവും സേഫ് ആയിട്ടുള്ളത് ഒരു ഡേറ്റ് തന്നെ പ്രിസ്ക്രൈബ് ചെയ്യണം എന്നാണ് നിയമോപദേശം കിട്ടിയത്. അതുകൊണ്ടാണ് ആ സജക്ഷൻ അക്സപ്റ്റ് ചെയ്തത്. ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 125, 146 എന്നീ നമ്പർ ദേഭഗതികളും ശ്രീ. പാലോടും രവി അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ശ്രീ. പാലോട് രവി അവതരിപ്പിച്ച 110, 120, 136, 138, 144, 152, 157, 160, 177, 179 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പാലോട് രവി : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പാലോട് രവി അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 111, 141, 148, 174 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 112, 158 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ബാബു : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 113, 131, 156, 178, 188 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 114, 150, 155, 171 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. വേണുഗോപാൽ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 115, 116, 126, 145, 164, 182 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 125, 146 എന്നീ ഭേദഗതികൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 119, 181 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി എം. ജേക്കബ് : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതികളെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം.കെ. മുനീർ അവതരിപ്പിച്ച 121, 185 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. കെ. മുനീർ : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. എം. കെ. മുനീർ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വി. ബാലറാം അവതരിപ്പിച്ച 129, 159, 170, 176 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ബാലറാം : പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. വി. ബാലറാം അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 135, 143, 154, 173 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോയി : പ്രസ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(190) In the new section 53 B of the principal Act proposed to be inserted by clause 3, for the words "three years" substitute the words "two months" and for the words "five thousand rupees" substitute the words "one thousand five hundred rupees."

ഇതിന്റെ മൂലനിയമത്തിൽ 53-ന് ശേഷം 53 (ബി) വകുപ്പ് കൊണ്ടുവന്നിട്ടുള്ളത് പെന്റിംഗിനെ സംബന്ധിച്ച കാര്യങ്ങൾക്കാണ്. അതിനകത്ത് 3 വർഷം വരെ തടവും അയ്യായിരം രൂപ പിഴയും ചില സന്ദർഭങ്ങളിൽ രണ്ടും കൂടി എന്നാണ്. അതിനു പകരം എന്റെ ഭേദഗതി രണ്ടു മാസം തടവും ആയിരത്തി അഞ്ഞൂറ് രൂപ പിഴയും എന്നുള്ള നിലയിലാക്കി മാറ്റണം എന്നാണ്.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(192) In the new section 55B of the principal Act proposed to be inserted by clause 3 for "three years" substitute "seven months" and for "five thousand" substitute "six hundred".

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(193) In the new section 53B of the principal Act proposed to be inserted by clause 3 for "three years" substitute "ten months" and for "five thousand rupees" substitute "two thousand rupees".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(195) In the new section 53B of the principal Act proposed to be inserted by clause 3, for "three years" substitute "fifteen months" and for "five thousand" substitute "seven hundred and fifty".

മൂന്നുകൊല്ലം എന്നുള്ളത് വളരെ കൂടുതലാണ്. അതുപോലെ അയ്യായിരം രൂപയും. ഇത് മാക്സിമം ലിമിറ്റാണ്. എന്നാലും ഒരു ലൈസൻസ് എടുത്തില്ല എന്നുള്ളതുകൊണ്ട് ഇത്രയും വലിയ ഒരു ശിക്ഷ വേണമോയെന്ന് ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(196) In the new section 53B of the principal Act proposed to be inserted by clause 3, for "three years" substitute "eighteen months" and for "five thousand" substitute "one thousand and two hundred".

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(197) In the new section 53B of the principal Act proposed to be inserted by clause 3, for "three years" substitute "one and a half years" and for "five thousand" substitute "one thousand two hundred and fifty".

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(198) In the new section 53B of the principal Act proposed to be inserted by clause 3, for "three years" substitute "twenty months" and for "five thousand" substitute "two thousand and five hundred."

ഇവിടെ എല്ലാ ഭേദഗതികളിലും എമൗണ്ടും വർഷവും വളരെ കൂടുതലാണ് എന്നുള്ള ഒരു ചിന്തയാണുള്ളത്. ഞാൻ ഇപ്പോൾ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിക്ക് അംഗീകരിക്കാവുന്ന രീതിയിലുള്ളതാണ്. 20 മാസവും 2500 രൂപയും. അയ്യായിരം എന്നുള്ളത് ഒരു കടന്ന കയ്യാണ്. അതുപോലെ 3 വർഷം എന്നുള്ളതും ഒരു കടന്നകയ്യാണ്. അതുകൊണ്ട് അത് കുറവ് ചെയ്യണം എന്നുള്ളതാണ് എന്റെ ഭേദഗതി.

